www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 11 | 2017 MARCH 25 | ₹ 10

# തെരഞ്ഞെടുപ്പ്
## നിലപാട് സുചിന്തിതമാകണം

## വർഗീയതയിൽ ജ്വലിക്കുന്ന രാഷ്ട്രീയ ആദിത്യന്മാർ



പ്രാർഥന; അതാകുന്നു ആരാധന | അജണ്ട വേണം, അവധിക്കാലത്തും

വിമർശനങ്ങളും ഖണ്ഡനങ്ങളും സഹിഷ്ണുതയോടെ | ഇന്ത്യ എങ്ങോട്ട്?

പള്ളിനിർമാണം: ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ

# മരണം
## അവസാനമല്ല:

അവസാനിക്കാത്തൊരു ജീവിതത്തിന്റെ തുടക്കമാണ്..



## ജീവിതം എന്തിന്; മരണവും..?

WISDOM gallery

PRESENTS

# വിചാരം

## വൈജ്ഞാനിക പ്രദർശനം

100 തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ

WISDOM
GLOBAL ISLAMIC MISSION

ഏപ്രിൽ 18–23 രാജീവ് ഗാന്ധി സ്റ്റേഡിയം

**തിരൂർ**

നേർപഥം
വാരിക
0011 / 2017 മാർച്ച് 25 / 1438 ജമാദുൽ ആഖിർ 26 / പുസ്തകം 01 / ലക്കം 11



# തെരഞ്ഞെടുപ്പ്
## നിലപാട് സുചിന്തിതമാകണം

പി. എൻ അബ്ദുറഹ്മാൻ / 10

**മുഖമൊഴി**
ഇന്ത്യ എങ്ങോട്ട്? / 05
എഡിറ്റർ

**സമകാലികം**
വർഗീയതയിൽ ജ്വലിക്കുന്ന രാഷ്ട്രീയ ആദിത്യന്മാർ / 06
പി.വി.എ പ്രിംറോസ്

**ക്വുർആൻ പഠനം**
സ്തുതി ലോകരക്ഷിതാവിന് / 09
സി.മുഹമ്മദ് റാഫി ചെമ്പ്ര

**ചരിത്രപഥം**
ത്വൽഹത്ﷺ വെളിച്ചം കണ്ടെത്തിയ കഥ / 17
അബ്ദുൽ ജബ്ബാർ അബ്ദുല്ല

**ബാലപഥം**
നമ്മുടെ മാതാപിതാക്കൾ / 18
കെ.സഫ്‌വാൻ മുഹമ്മദ്, ആമയൂർ

**കാഴ്ച**
സന്മനസ്സാണ് പ്രധാനം / 22
ഇബ്നു അലി എടത്തനാട്ടുകര

**ലേഖനങ്ങൾ**
പ്രാർഥന; അതാകുന്നു ആരാധന / 14
മൂസ സ്വലാഹി, കാര
പള്ളിനിർമാണം: ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ / 20
ഡോ. അബ്ദുറസാഖ് സുല്ലമി
പ്രവാചകന്മാരും പരീക്ഷണങ്ങളും / 26
ഹുസൈൻ സലഫി, ഷാർജ
അകലും മുമ്പ് ആലോചിക്കേണ്ടത് / 28
മെഹബൂബ് മദനി

**കൂട്ടായ്മ**
വിമർശനങ്ങളും ഖണ്ഡനങ്ങളും സഹിഷ്ണുതയോടെ / 23
മുബാറക് ബിൻ ഉമർ

**പാരന്റിംഗ്**
വഴി തെറ്റുന്ന ഇളം തലമുറ: പ്രതികൾ ആര്? / 30
അശ്റഫ് എകരൂൽ

**ഹദീസ് പാഠം**
മനസ്സിനെ നിയന്ത്രിക്കുക / 32
ഉസ്മാൻ പാലക്കാഴി

**നമുക്ക് ചുറ്റും**
അജണ്ട വേണം അവധിക്കാലത്തും / 34
ഡോ. സി.എം സാബിർ നവാസ്

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com

## വായനക്കാർ എഴുതുന്നു




### അന്താരാഷ്ട്ര വനിതാദിനം ഓർമിപ്പിക്കുന്നത്

ലോകമൊട്ടുക്കും അന്താരാഷ്ട്ര വനിതാദിനം ആചരിക്കുന്നുണ്ട്. വിവിധയിടങ്ങളിൽ പ്രയാസം അനുഭവിക്കുന്ന സ്ത്രീകളുടെ ഉന്നമനത്തിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാനും സാമൂഹ്യ അവബോധം വളർത്താനും വേണ്ടിയാണ് ഇത് ആചരിക്കുന്നത്. ഈ ദിനത്തിൽ പ്രത്യേകമായി എടുത്തു പറയുകയും ചർച്ച ചെയ്യുകയും ചെയ്യുന്ന വിഷയമാണ് സ്ത്രീ ശാക്തീകരണം എന്നത്. സാമൂഹിക, സാംസ്കാരിക മേഖലകളിലും വ്യാവസായിക, രാഷ്ട്രീയ മേഖലകളിലും തുടങ്ങി എല്ലാ രംഗത്തും സ്ത്രീക്ക് സമത്വം ലഭിക്കാനുള്ള മാർഗം ആരായുക എന്നതാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്.

സ്ത്രീ സ്വാതന്ത്ര്യം എന്നത് ഏറെ ചർച്ചകൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന വിഷയമാണ്. ഈ ചർച്ചയിൽ പൊന്തിവരുന്ന പ്രധാനപ്പെട്ട വിഷയമാണ് സ്ത്രീയുടെ വസ്ത്രധാരണ രീതി. ഈ വിഷയത്തിലുള്ള ചർച്ചകൾ പലതും എത്തിച്ചേരുന്നത് ചില രാജ്യങ്ങളിലെ (അത്തരം രാജ്യങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ വളരെ കുറവാണ്) ഭൂരിപക്ഷം സ്ത്രീകളും ധരിക്കുന്ന വസ്ത്രം പാരതന്ത്ര്യം വിളിച്ചോതുന്നു എന്നതിലാണ്.

കേരളത്തിൽ ഇതു സംബന്ധമായി വിമർശനങ്ങളും ചർച്ചകളും കൂടുതലായി നടക്കുന്നുണ്ട്. ഇസ്‌ലാമിക വസ്ത്രധാരണ രീതി സ്വീകരിക്കുന്ന മുസ്‌ലിം സ്ത്രീകൾക്ക് ഇല്ലാത്ത ബുദ്ധിമുട്ട് അത് കാണുന്ന പലരും അനുഭവിക്കുന്നത് വിരോധാഭാസമല്ലേ? അതിന് അവർ നൽകുന്ന വിശദീകരണം കാലാവസ്ഥാ മാറ്റങ്ങൾ വസ്ത്ര ധാരണത്തിന്റെ രീതി കാരണം ബുദ്ധിമുട്ട് സൃഷ്ടിക്കും എന്നാണ്. കറുത്ത വസ്ത്രം അണിയുന്നവർക്ക് ശരീരോഷ്ണം വർധിച്ചു രോഗങ്ങൾ വന്നേക്കും എന്ന മുന്നറിയിപ്പും നൽകുന്നു. ഇവിടെയാണ് ഇതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ മനസ്സിലാക്കാൻ അൽപം പ്രയാസം തോന്നുന്നത്.

വസ്ത്രത്തിന്റെ നിറം മാറ്റിയാൽ ഇത് പരിഹരിക്കപ്പെടുമോ? ശരീരം മുഴുവൻ മൂടൽ നിർബന്ധമായ സാഹചര്യമുള്ള ശൈത്യ മേഖലകളിൽ പ്രത്യേക രീതിയിൽ തയ്ച്ച അത്തരം വസ്ത്രങ്ങൾ (പർദ പോലെയുള്ളവ) ധരിച്ചാലും അതിനെ വിമർശിക്കുന്നില്ലേ? പ്രശ്നം നിറവും കാലാവസ്ഥയുമൊന്നുമല്ല; മുൻധാരണയിലധിഷ്ഠിതമായ വെറുപ്പാണെന്ന് വ്യക്തം.

ആരുടെയും നിർബന്ധത്തിനു വഴങ്ങാതെ സ്വന്തം ഇഷ്ടപ്രകാരം മാന്യമായ രീതിയിലുള്ള ഏതു വസ്ത്രം തെരഞ്ഞെടുക്കാനും ഉള്ള സ്വാതന്ത്ര്യം ഓരോരുത്തർക്കുമില്ലേ? എനിക്ക് ഇഷ്ടമുള്ളതിനെ നിങ്ങൾ എന്തിനു വിമർശിക്കണം എന്ന് ചോദിക്കുന്നവരോടുള്ള മറുപടിയെന്താണ്? ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിൽ പെട്ടവർ മാത്രമല്ല, വേറെ പലരും ശരീര ഭാഗങ്ങൾ മുഴുവൻ മൂടിക്കൊണ്ടുള്ള വസ്ത്രം ധരിക്കുന്നുണ്ടെങ്കിലും വിമർശന കുതുകികൾ ഒരു കണ്ണ് പൊത്തിക്കൊണ്ടാണ് ഇതിനെ സമീപിക്കുന്നത്. ഇത്തരം ആളുകൾ വിമർശിക്കാൻ വേണ്ടി മാത്രം ഈ വിഷയത്തെ സമൂഹത്തിന്റെ മുന്നിൽ ചർച്ചക്ക് ഇട്ടു കൊടുക്കുമ്പോൾ, സ്ത്രീ സ്വാതന്ത്ര്യ, സമത്വ വിഷയങ്ങളിൽ ഇവർക്ക് ആത്മാർഥത ലവലേശം പോലുമില്ലെന്ന് കാണാൻ കഴിയും.

സമൂഹത്തിൽ ഏതെല്ലാം മേഖലകളിലാണ് സ്ത്രീ പ്രാതിനിധ്യം കൂടുതലുള്ളത്? അധ്യാപിക എന്ന തസ്തികക്കപ്പുറം പല മേഖലകളിലും സ്ത്രീ സാന്നിധ്യം താരതമ്യേന കുറയാനുള്ള കാരണം എന്താണ്? നിലവിൽ പുരുഷൻമാർ മാത്രം കൈകാര്യം ചെയ്യുന്നതും സ്ത്രീകൾക്കും ചെയ്യാൻ കഴിയുന്നതുമായ മേഖലകളിൽ എന്തുകൊണ്ട് സ്ത്രീ സാന്നിധ്യം വിരളമാകുന്നു? ഏതെല്ലാം രാഷ്ട്രീയ പാർട്ടികൾ സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം നൽകുന്നു? ഏതു സാഹചര്യത്തിലാണ് സ്ത്രീകൾക്ക് സുരക്ഷിതമായി ജോലി ചെയ്യാൻ കഴിയുക? അവർക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ എല്ലായിടത്തും ലഭ്യമാണോ? പല മേഖലകളിലും ഈ വിഭാഗത്തെ നിയമിക്കാനുള്ള തടസ്സം എന്താണ്? സ്ത്രീകൾക്ക് അവരുടെതായ ചില പരിധികളും പരിമിതികളുണ്ട്. അത് മറികടന്നുകൊണ്ടുള്ള ഒരു സ്വാതന്ത്ര്യവും സമത്വവും അവർക്ക് ഗുണകരമാകില്ല എന്നതാണ് യാഥാർഥ്യം.

ഇവർ ലൈംഗികമായും കായികമായും ആക്രമിക്കപ്പെടുമ്പോഴും ചില സന്ദർഭങ്ങളിൽ ഇവരിൽ പലരുടെയും ജീവൻ പോലും നഷ്ടപ്പെടുമ്പോഴും സർക്കാരുകളും കോടതികളും ഇരയുടെ പക്ഷത്തു നിന്ന് യഥാർഥ നീതി നടപ്പാക്കുന്നുണ്ടോ? ഡൽഹി കൂട്ടമാനഭംഗക്കേസിലെ ശിക്ഷാ വിധിയും സൗമ്യ വധക്കേസിലെ പ്രതിയുടെ വധശിക്ഷ നടപ്പാക്കാനുള്ള കാലതാമസവും നമുക്ക് നൽകുന്ന പാഠം എന്താണ്? ഇത്തരം ചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടെത്താതെയുള്ള ചർച്ചകൾ അപ്രസക്തമാണ്.

അക്രമങ്ങളെ പ്രതിരോധിക്കാൻ ചെറിയ രീതിയിലെങ്കിലും തങ്ങളുടെ വസ്ത്രധാരണം കൊണ്ട് കഴിയും എന്ന് അവർക്ക് തോന്നുന്നുണ്ടെങ്കിൽ അതിനെ തടയാൻ ആർക്കാണ് അവകാശമുള്ളത്? സ്വാതന്ത്ര്യം തടഞ്ഞുകൊണ്ടാണോ സ്വാതന്ത്ര്യം നേടിക്കൊടുക്കേണ്ടത്?

**-ദസ്തഖീർ ടി.കെ പാലക്കാഴി**

മുഖമൊഴി

# ഇന്ത്യ എങ്ങോട്ട്?

ഇന്ത്യയുടെ ഇന്നത്തെ പോക്ക് എങ്ങോട്ടാണ്? രാജ്യത്ത് സമാധാന പൂർണമായ അവസ്ഥ നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നവരെല്ലാം ആശങ്കയോടെ ഈ ചോദ്യം ചോദിക്കാൻ തുടങ്ങിയിരിക്കുന്നു! യു.പി നിയമസഭാ തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കപ്പെട്ടപ്പോൾ തന്നെ അപകടം മണത്തതാണ്. ഹിന്ദു യുവവാഹിനി എന്ന സായുധ തീവ്രവാദ ഗ്രൂപ്പുണ്ടാക്കി പ്രവർത്തിച്ചുവരുന്ന, 2005ൽ ഉത്തർപ്രദേശിൽ ആദ്യമായി ഘർവാപസിക്ക് തുടക്കമിട്ട, 2007ലെ വർഗീയ കലാപത്തിൽ നേരിട്ട് പങ്കാളിയായതിന് ജയിലിലടക്കപ്പെട്ട, മുസ്‌ലിം വിരോധത്തിന്റെ വിഷലിപ്തമായ പ്രസംഗങ്ങൾ നടത്തി കുപ്രസിദ്ധിയാർജിച്ച യോഗി ആദിത്യനാഥ് മുഖ്യമന്ത്രിയായി അധികാരമേറ്റതോടെ ആശങ്കകൾ അസ്ഥാനത്തല്ലെന്ന് വ്യക്തമായിരിക്കുന്നു. ഇത് ഇന്ത്യൻ മതനിരപേക്ഷമൂല്യങ്ങളുടെ മണ്ടയിൽ പതിച്ച ഏറ്റവും വലിയ പ്രഹരമാണെന്നതിൽ സംശമില്ല.

ബി.ജെ.പിയും ആർ.എസ്.എസും 2019ലെ പാർലമെന്റ് തെരഞ്ഞെടുപ്പ് മുന്നിൽകണ്ട് ഏറ്റവും മൂർച്ചയുള്ള ആയുധമാണ് പുറത്തെടുത്തിരിക്കുന്നത്. മരിച്ചു മറമാടിയ മുസ്‌ലിം സ്ത്രീകളെയും മാനഭംഗപ്പെടുത്തണമെന്ന് ഒരു സമ്മേളനവേദയിൽ വെച്ച് ആഹ്വാനം ചെയ്ത, 5000 ക്രിസ്ത്യാനികളെ ഹിന്ദുക്കളാക്കി ഘർവാപസിക്ക് തുടക്കമിട്ട,ഞങ്ങളിലൊന്നിനെ കൊന്നാൽ നിങ്ങളിലെ നാലെണ്ണത്തെ കൊല്ലും എന്ന് പ്രഖ്യാപിച്ച, ഒരു ഹിന്ദു പെൺകുട്ടിയെ മുസ്‌ലിമാക്കിയാൽ പ്രതികാരമായി 100 മുസ്‌ലിം പെൺകുട്ടികളെ ഹിന്ദുക്കളാക്കണമെന്ന് നിർദേശം കൊടുത്ത ഒരു കടുത്ത വർഗീയവാദി ഇന്ത്യയില ഏറ്റവും വലിയ സംസ്ഥാനത്തിന്റ മുഖ്യമന്ത്രിയായി മാറുന്നത് നൽകുന്ന സൂചന അത്ര ശുഭകരമല്ല.

യു.എ.പി.എ പോലുള്ള നിയമങ്ങൾ എന്തുകൊണ്ട് ഇത്തരക്കാരുടെ മേൽ ചുമത്തുന്നില്ല? വാക്കുകളിൽനിന്നും രാജ്യവിരുദ്ധതയും തീവ്രവാദവും വ്യാഖ്യാനിച്ചെടുത്ത് ചിലരുടെ മേൽ മാത്രം യു.എ.പി.എ ചുമത്തുന്നത് എന്തുകൊണ്ട്? ജനാധിപത്യത്തിന്റെ മറവിൽ ഫാസിസം കളി തുടങ്ങിയാൽ അങ്ങനെയാണ്. ജർമനിയിലെ ഹിറ്റ്‌ലറുടെ നാസിസം, ഇറ്റലിയിലെ മുസോളിനിയുടെ ഫാസിസം, ഇസ്‌റായേലിലെ സയണിസം എന്നിവ ക്രൂരതയുടെയും മനുഷ്യത്വരാഹിത്യത്തിൻെറയും അടിച്ചമർത്തലിൻെറയും പ്രത്യയശാസ്ത്രങ്ങളാണെന്നതിൽ അഭിപ്രായ വ്യത്യാസമില്ല. അവയുമായെല്ലാം നേരിൽ ബന്ധപ്പെട്ട, അവയുടെ മാതൃക പിൻപറ്റുകയും അവയിൽനിന്ന് ആവേശം ഉൾക്കൊള്ളുകയും ചെയ്യുന്നവരിൽനിന്ന് മറ്റെന്തു പ്രതീക്ഷിക്കാൻ!

“ഫാസിസത്തിൻെറ വസന്തകാലമായിരുന്ന 1939 മുതലേ സവർക്കറും അദ്ദേഹം നയിച്ച ഹിന്ദുമഹാസഭയും ആത്യന്തികമായി തെരഞ്ഞെടുത്ത അന്താരാഷ്ട്ര മാതൃക ഫാസിസ്റ്റ് ജർമനിയുടെതായിരുന്നു. 1939 മാർച്ച് 25ന് ഹിന്ദു മഹാസഭയുടെതായി ഇറക്കിയ പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു: “ആര്യസംസ്കാരത്തിൻെറ ആത്മീയ ഉണർച്ചയ്ക്കുള്ള ജർമനിയുടെ ആശയഗതിയും സ്വസ്തികയുടെ മഹിമവൽകരണവും, ഇന്ത്യയിലെ മതബോധവും വിവേകവുമുള്ള ഹിന്ദുക്കൾ സ്വാഗതം ചെയ്യുന്നു” (മതം, മാർക്സിസം, മതേതരത്വം, നൈനാൻ കോശി, പേജ്49).

ഫാസിസ്റ്റ് ഭരണകൂടവുമായും മുസോളിനിയുമായും ബന്ധം പുലർത്തിയ ആദ്യ ഹിന്ദുദേശീയവാദി ബി. എസ്. മുൺജെ എന്ന ആർ. എസ്. എസ് നേതാവായിരുന്നു. ഹെഡ്ഗെവാറിൻെറ ഉപദേഷ്ടാവും ആത്മാർഥ സുഹൃത്തുമായിരുന്നു മുൺജെ. 1931 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ വട്ടമേശ സമ്മേളനത്തിൽ പോയി മടങ്ങിവന്ന വേളയിൽ മുൺജെ യൂറോപ്പാകെ ചുറ്റിസഞ്ചരിച്ചു. ഇറ്റലി സന്ദർശിക്കാനാണ് ഏറെ സമയം ചെലവഴിച്ചത്. അവിടെ അദ്ദേഹം വളരെ പ്രധാനപ്പെട്ട സൈനിക സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സന്ദർശിച്ചു. വളരെ പ്രാധാന്യം അർഹിക്കുന്നത് അദ്ദേഹം മുസോളിനിയെ സന്ദർശിച്ചതാണ്” (മതം, മാർക്സിസം, മതേതരത്വം, നൈനാൻ കോശി, പേജ് 48).

ഇന്ത്യ ഹിന്ദുക്കളുടേതാണ്; അഥവാ ഹിന്ദുക്കൾക്ക് മാത്രം ജീവിക്കാനർഹതയുള്ള രാജ്യമാണ് എന്നാണ് ആദിത്യയെ പോലുള്ളവരുടെ മുദ്രാവാക്യം. എന്നാൽ ഹിന്ദുത്വം ഭ്രഷ്ട് കൽപിച്ചിരിക്കുന്ന അവർണരും വിജാതീയരും ഇന്ത്യയിലെ ജനസംഖ്യയുടെ 60 ശതമാനത്തിലേറെ വരും. ഇന്ത്യയിലെ ആദിമനിവാസികൾ അവർണരാണ്. അവർ ഹിന്ദുമതത്തിന് പുറത്താണ് താനും. വടക്കേ ഇന്ത്യയിൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന ദലിത് പീഡന വാർത്തകൾ ഇതുമായി കൂട്ടിവായിക്കുക. ചത്തപശുവിൻെറ തോലുരിച്ചതിന് നാലഞ്ച് അവർണരെ ചുട്ടെരിച്ചത് ആരാണെന്നും അതിനവരെ പ്രേരിപ്പിച്ച ചേതോവികാരം എന്തായിരുന്നുവെന്നതും ഓർക്കുക.

ഭീതി വിതച്ച് നേട്ടംകൊയ്യുക എന്നതാണ് ഇവരുടെ ലക്ഷ്യം. നിങ്ങൾക്ക് ഈ ദേശത്ത് ജീവിക്കണമെന്നുണ്ടെങ്കിൽ ‘യോഗി, യോഗി’ എന്ന മന്ത്രം ഉരുവിടുക എന്നായിരുന്നുവത്രെ ‘ഹിന്ദു യുവവാഹിനി’ മുസ്‌ലിംകൾക്ക് നൽകിയ നിർദേശം. ഈ തെരഞ്ഞെടുപ്പിൽ ‘ദേശ് മേ മോദി, പ്രദേശ് മേ യോഗി’ എന്നതായിരുന്നു മുദ്രാവാക്യം. താൽക്കാലികമായി ഇതുകൊണ്ട് നേട്ടമുണ്ടാക്കാൻ പറ്റിയേക്കും. എന്നാൽ ചരിത്രം പഠിപ്പിക്കുന്നത് ഇത്തരക്കാരെ കാത്തിരിക്കുന്നത് ഇരട്ട തിരിച്ചടിയായിരിക്കും എന്നതാണ്. മർദക ഭരണകൂടങ്ങൾക്കൊന്നും സത്യത്തിന്റെയും നീതിയുടെയും മുന്നേറ്റത്തെ അതിജയിക്കാൻ സാധിച്ചിട്ടില്ല.

ഭൂരിപക്ഷം വരുന്ന ഹൈന്ദവ വിശ്വാസികൾ തീവ്രചിന്താഗതിക്കാരും വർഗീയവാദികളുമല്ല എന്നത് മനസ്സിലാക്കി മതേതര പാർട്ടികൾ ഒറ്റക്കെട്ടായി പരിശ്രമിച്ചാൽ തകർത്തെറിയാൻ കഴിയുന്നതേയുള്ളൂ ഇവരുടെ ഭീഷണി. ഇച്ഛാശക്തിയുള്ള നേതൃത്വമാണ് ഇതിനാവശ്യം.

പി.വി.എ പ്രിംറോസ്
anilprimrose@gmail.com

സമകാലികം



**ഉത്തർപ്രദേശിലെ തെരഞ്ഞെടുപ്പിൽ മതേതര കക്ഷികൾ പരാജയപ്പെട്ടതും യോഗി ആദിത്യനാഥ് എന്ന തീവ്ര ഹൈന്ദവവാദി മുഖ്യമന്ത്രിയായതും മതേതര ഇന്ത്യയുടെ മുഖത്ത് കരിനിഴൽ വീഴ്ത്തിയിരിക്കുകയാണ്. എന്തുകൊണ്ട് മതേതരപക്ഷം പരാജയപ്പെട്ടു? ഇത് താൽക്കാലിക പ്രതിഭാസമാണോ? ഒരു വിശകലനം.**

# വർഗീയതയിൽ ജ്വലിക്കുന്ന രാഷ്ട്രീയ ആദിത്യന്മാർ

അടുപ്പിന് മുകളിലെ കുടത്തിലിരുന്ന് തവളകൾ പരസ്പരം സന്തോഷം പങ്കുവെക്കുകയാണ്. ഈ ഇളം ചൂടിലെ കുളി അവർക്ക് ആദ്യാനുഭവമാണ്. ചൂട് കൂടി തൊലിയെ പൊള്ളിച്ചപ്പോഴും അവർ ആസ്വദിക്കുകയായിരുന്നു. ശരീരത്തിലെ അഴുക്കൊക്കെ നീക്കി ഒന്നു വൃത്തിയായി തിരിച്ചുകയറണം...

...ഒടുക്കം, കുടത്തിലെ തിളച്ച വെള്ളത്തിൽ വെന്ത് മലച്ചു കിടക്കുന്ന തവളയെ നോക്കി നായാട്ടുകാരൻ പറഞ്ഞത്രെ, കിണറ്റിലായാലും കുടത്തിലായാലും തവള, തവള തന്നെ!

തീവ്ര ഹിന്ദു ഫാഷിസത്തിന്റെ വക്താവ് യോഗി ആദിത്യനാഥിന്റെ ഉത്തർപ്രദേശ് മുഖ്യമന്ത്രീ സ്ഥാനലബ്ധിയിൽ ആഹ്ലാദം പ്രകടിപ്പിച്ച് ഗോരഖ് പൂരിലെ മുസ്‌ലിംകൾ മധുരം വിതരണം ചെയ്യുകയും അഭിമുഖം കൊടുക്കുകയും ചെയ്ത ഹിന്ദുസ്ഥാൻ ടൈംസിന്റെ സ്പെഷ്യൽ വാർത്ത കണ്ടപ്പോൾ ഈ കഥയാണ് ഓർമ വന്നത്.

ഗുജറാത്ത് ഫാഷിസത്തിന്റെ പരീക്ഷണശാലയായിരുന്നുവെങ്കിൽ ഉത്തർപ്രദേശ് അതിന്റെ വിള നിലമാണെന്ന് വേണം വിലയിരുത്താൻ. 403 നിയമസഭാ മണ്ഡലങ്ങളുള്ള രാജ്യത്തെ ഏറ്റവും വലിയ സംസ്ഥാനത്ത് 312 സീറ്റുകൾ ഒറ്റക്കും 13 സീറ്റുകൾ സഖ്യ

കക്ഷികൾ മുഖേനയും പിടിച്ചെടുത്ത് 325 സീറ്റുമായി നാലിൽ മൂന്ന് ഭൂരിപക്ഷം നേടിയപ്പോഴും ശുഭാപ്തി വിശ്വാസം കൈവിടാത്ത മതേതര മനസ്സുകളിൽ മുഴുവൻ തീ കോരിയിട്ടു കൊണ്ടാണ് യോഗി ആദിത്യനാഥിന്റെ മുഖ്യമന്ത്രി സ്ഥാന വാർത്തയെത്തിയത്.

ആരാണ് യോഗി ആദിത്യനാഥ്? എന്താണ് അദ്ദേഹത്തിന്റെ പേര് കേൾക്കുമ്പോൾ സൻമനസ്സുകളെ ആശങ്കപ്പെടുത്തുന്നത്? ബാബ്രി മസ്ജിദ് തകർത്ത് രാമക്ഷേത്രം പണിയാനായി 1940കളിൽ തീവ്ര ഹിന്ദു സംഘടനകൾ ഗൂഢാലോചന നടത്തിയപ്പോൾ അതിന് ചുക്കാൻ പിടിച്ച മഹന്ത് ദിഗ്‌വിജയ് നാഥിന്റെ ആദർശശിഷ്യനും മൂന്നാം തലമുറയിലെ അംഗവുമാണ് ഇദ്ദേഹം. ഗോരഖ് നാഥ് മഹന്ത് ആണ് ഇവർക്കിടയിലെ ഫാഷിസ ലിങ്ക്. 1998ൽ തന്റെ 26ാം വയസ്സിൽ 12ാം ലോക്സഭയിലെ ഏറ്റവും പ്രായം കുറഞ്ഞ എം.പിയായിട്ടാണ്, എച്ച്.എൻ.ബി ഗർവാൾ സർവകലാശാലയിൽ നിന്ന് ഗണിത ശാസ്ത്രത്തിൽ ബിരുദം നേടിയ അജയ് സിംഗ് ബിഷ്ത് എന്ന് പേരുള്ള യോഗി ആദിത്യനാഥ് പാർലമെന്റിലെത്തുന്നത്. 1998 മുതൽ ഗോരഖ് പൂരിനെ പ്രതിനിധീകരിച്ച് അഞ്ച് തവണ എം.പിയായ ഇദ്ദേഹം ഉത്തർ പ്രദേശിലെ പ്രശസ്തമായ ഗോരഖ്നാഥ് ക്ഷേത്രത്തിലെ മുഖ്യ തന്ത്രി കൂടിയാണ്.

2002ൽ ഹിന്ദു യുവ വാഹിനി എന്ന സംഘടനയുണ്ടാക്കി കടുത്ത തീവ്രവാദ-വിദ്വേഷ ജനക പ്രഭാഷണങ്ങൾ നടത്തി സമൂഹത്തിൽ ധ്രുവീകരണത്തിന് വഴിവെച്ചവതോടു കൂടിയാണ് ഘർവാപസിക്ക് തുടക്കമിട്ട ആദിത്യനാഥ് ശ്രദ്ധിക്കപ്പെടുന്നത്.

ബി.ജെ.പിക്ക് ഹിന്ദു തീവ്രത പോരാ എന്നും നിയമസഭാ തെരഞ്ഞെടുപ്പിൽ കടുത്ത ഹിന്ദുത്വവാദികളായ, താൻ നിർദേശിക്കുന്ന നൂറ് പേരെ സ്ഥാനാർഥികളാക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ടായിരുന്നു 2007ലെ ഉത്തർപ്രദേശ് തെരഞ്ഞെടുപ്പിന് മുമ്പായി 2006 ഡിസംബർ 22 മുതൽ 27 വരെ ലക്നൗ ബി.ജെ.പി കൗൺസിലിന് സമാന്തരമായി ഗോരഖ് പൂരിൽ വിരാട് ഹിന്ദു സമ്മേളനം വിളിച്ച് ചേർത്തത്.

2007ൽ എം.പിയായിരിക്കെയാണ് ഗോരഖ്പൂരിൽ നടന്ന വർഗീയ സംഘർഷത്തിന് അദ്ദേഹം നേതൃത്വം നൽകിയത്. മുഹർറം ഘോഷയാത്രയോടനുബന്ധിച്ച് നടന്ന സംഘർഷത്തിന് പ്രതിക്രിയയായി നടന്ന കൊലപാതകത്തിൽ പ്രതിഷേധിച്ച് പന്തം കൊളുത്തി പ്രകടനം നടത്തുകയും പോലീസ് വിലക്ക് ലംഘിച്ച് നടുറോഡിൽ ശ്രദ്ധാഞ്ജലി സഭ നടത്തുകയും മജിസ്ട്രേറ്റിനെ ധിക്കരിച്ചതിന് അറസ്റ്റിലാവുകയും ചെയ്തു. ഇതിൽ പ്രതിഷേധിച്ചാണ് ഹിന്ദു യുവവാഹിനി പ്രവർത്തകർ അതേവർഷം തന്നെ ട്രെയിനിന് തീ വെക്കുകയും 2007ലെ കലാപത്തിന് നേതൃത്വം നൽകുകയും ചെയ്യുന്നത്.

2011 മാർച്ചിൽ പുറത്തിറക്കിയ saffron war radicalization of hinduism എന്ന ഡോക്യുമെന്ററിയിൽ വിരാട് ഹിന്ദുസ്ഥാൻ റാലിയും അതിലെ പ്രസംഗവുമാണ് വർഗീയകലാപത്തിന് വഴിവെച്ചത് എന്ന് വ്യക്തമായി തെളിയിക്കുന്നുണ്ട്. വ്യത്യസ്ത സന്ദർഭങ്ങളിലായി അദ്ദേഹം നടത്തിയ വർഗീയചുവയുള്ള പ്രസ്താവനകളിൽ ചിലത് ശ്രദ്ധിക്കുക:

“ഒരു സമുദായത്തിന്റെ ജനസംഖ്യയിലെ വർധനവ് കാരണം കഴിഞ്ഞ രണ്ടര വർഷമായി 450 കലാപങ്ങളാണ് ഉത്തർപ്രദേശിൽ നടന്നത്. എന്തുകൊണ്ടാണ് കിഴക്കൻ ഉത്തർപ്രദേശിൽ വർഗീയ ലഹളകൾ നടക്കാത്തത്? അവിടെ ഒരു പ്രത്യേക സമുദായം 10-20 ശതമാനം മാത്രമുള്ളതുകൊണ്ടാണ്. ഈ സമുദായം 35 ശതമാനമുള്ള പ്രദേശങ്ങളിൽ വർഗീയ കലാപങ്ങൾ സ്ഥിരമായി നടക്കുന്നു. ഈ പ്രദേശങ്ങളിൽ മുസ്‌ലിമല്ലാത്തവർക്ക് താമസിക്കാൻ പോലുമാകില്ല.”

“യോഗി എന്നാൽ വർത്തമാന കാലത്തെക്കുറിച്ച് പറയുന്നയാളല്ല, മറിച്ച് ഭൂതകാലത്തെക്കുറിച്ച് പറയുന്നയാളാണ്. സംസ്ഥാനത്തെ ഹിന്ദുക്കളുടെ പലായനം വലിയൊരു പ്രശ്നമാണ്. പശ്ചിമ ഉത്തർപ്രദേശിനെ മറ്റൊരു കശ്മീരാക്കാൻ ബി.ജെ.പി അനുവദിക്കില്ല.”

“ഇന്ത്യയെ ക്രിസ്ത്യൻ രാഷ്ട്രമാക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമായിരുന്ന മദർ തെരേസ. സേവനത്തിന്റെ പേര് പറഞ്ഞ് നിരവധി ഹിന്ദുക്കളെയാണ് ഇവർ മതംമാറ്റിയത്.”

“യോഗ ആരംഭിച്ച സ്വാമി ശങ്കറാണ് ഏറ്റവും വലിയ യോഗി. യോഗയെയും ശങ്കറിനെയും അംഗീകരിക്കാത്തവർ ഹിന്ദുമതം വിട്ടുപോകണം.”

“ജനങ്ങൾ ഷാരൂഖ് ഖാന്റെ സിനിമകൾ ബഹിഷ്കരിച്ചിരുന്നെങ്കിൽ അദ്ദേഹം ഒരു സാധാരണ മുസ്‌ലിമായി തെരുവിലൂടെ നടക്കേണ്ടി വന്നേനെ. ഷാരുഖ് ഖാനെപ്പോലുള്ളവർ തീവ്രവാദികളുടെ ഭാഷയിലാണ് സംസാരിക്കുന്നത്. ഷാരൂഖ് ഖാന്റെയും ലഷ്കർ ഇ ത്വയ്യിബ നേതാവ് ഹാഫിസ് സയ്യിദിന്റെയും ഭാഷ തമ്മിൽ വ്യത്യാസമുണ്ടെന്ന് ഞാൻ കരുതുന്നില്ല.”

“യോഗയെ എതിർക്കുന്നവർ ഹിന്ദുസ്ഥാൻ വിട്ടുപോകുകയോ അടച്ചുപൂട്ടിയ മുറിക്കുള്ളിൽ ഇരിക്കുകയോ ചെയ്യണം. 40 മുസ്‌ലിം രാജ്യങ്ങൾ ഉൾപ്പടെ നൂറിലധികം രാജ്യങ്ങൾ അന്തർദേശീയ യോഗ ദിനാചരണത്തെ പിന്തുണയ്ക്കുന്നുണ്ട്. അവർക്കൊന്നുമില്ലാത്ത എതിർപ്പ് ഇന്ത്യയിലെ മുസ്‌ലിംകൾക്ക് മാത്രമെന്തിനാണ്? ജീവന്റെ തന്നെ നിലനിൽപ്പിനു കാരണമായ ഊർജത്തിന്റെ ഉറവിടം സൂര്യനാണ്. സൂര്യനെ മതപരമായി കാണാത്തവർ ദയവായി കടലിൽ പോയി മുങ്ങുക. അല്ലെങ്കിൽ ഇരുൾമുറിയിൽ കഴിയുക. സൂര്യനമസ്കാരം യോഗയുടെ ഭാഗമാണ്. അവർ സൂര്യന്റെ വെളിച്ചവും ചൂടും ഏറ്റുവാങ്ങരുതെന്ന് അഭ്യർഥിക്കുന്നു.”

വർഗീയ പ്രഭാഷണങ്ങൾ നടത്തുക മാത്രമല്ല, അതിന് സൗകര്യമൊരുക്കുക കൂടി ചെയ്തിട്ടുണ്ട് ആദിത്യനാഥ്. 2015 മാർച്ചിൽ ആദിത്യനാഥ് നേതൃത്വം നൽകിയ ഒരു സമ്മേളനത്തിലാണ് മരിച്ച് മറമാടിയ മുസ്‌ലിം സ്ത്രീകളെ കുഴിമാടത്തിൽ നിന്ന് പുറത്തെടുത്ത് മാനഭംഗപ്പെടുത്തണമെന്ന കുപ്രസിദ്ധമായ ആഹ്വാനമുയർന്നത്. ഇതിനെ തുടർന്നാണ് മീററ്റിനും ഗാസിയാബാദിനുമിടക്കുള്ള തൽഹെത്ത ഗ്രാമത്തിൽ 26



വയസ്സുള്ള മുസ്‌ലിം യുവതിയുടെ മൃതദേഹം ഖബറിൽ നിന്ന് മാന്തിയെടുത്ത് മാനഭംഗപ്പെടുത്തിയത്.

പ്രകോപനപരമായ പ്രസംഗങ്ങൾക്കും കയ്യേറ്റങ്ങൾക്കുമെതിരായി നിരവധി കേസുകളും നിലവിൽ നിയുക്ത ഉത്തർപ്രദേശ് മുഖ്യമന്ത്രിക്കുണ്ട്.

ഐപിസി 153: സമുദായങ്ങൾക്കിടയിൽ വൈര്യം വളർത്തുന്ന വിധത്തിൽ പ്രസംഗിച്ചതിന്.

ഐപിസി 336: സ്വകാര്യവ്യക്തിയുടെ സുരക്ഷക്കു ഭീഷണി സൃഷ്ടിച്ചതിന് ഒരുകേസ്.

ഐപിസി 147: കലാപം അഴിച്ചുവിട്ടതിന് മൂന്നുകേസ്.

ഐപിസി 307: കൊലപാതകശ്രമത്തിന് ഒരുകേസ്.

ഐപിസി 149: നിയമവിരുദ്ധമായി സംഘം ചേർന്നതിന് ഒരുകേസ്.

ഐപിസി 297: ന്യൂനപക്ഷങ്ങളുടെ ശ്മശാനത്തിലേക്ക് അതിക്രമിച്ചുകടന്നതിന് രണ്ടുകേസ്.

ഐപിസി 506: ആളുകളെ ഭയപ്പെടുത്തിയതിന് ഒരു കേസ്.

ഐപിസി 148: മാരകായുധംകൊണ്ട് കലാപം അഴിച്ചുവിട്ട രണ്ടുകേസ്.

ഇത്രയും കേസുകളാണ് 44 വയസ്സു നീണ്ടു നിൽക്കുന്ന തന്റെ രാഷ്ട്രീയ ജീവിതത്തിൽ ഈ 'കർമയോഗി' സമ്പാദിച്ചത്!

കണക്കുകളുദ്ധരിക്കുന്നത് ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടി ആദരണീയനായി കാണുന്ന നേതാവിനെ താറടിച്ച് കാണിക്കാനോ ഇകഴ്ത്താനോ വേണ്ടിയല്ല. മറിച്ച്, സാമാന്യബോധമുള്ള ആര് കേട്ടാലുമറക്കുന്ന പ്രമേയങ്ങൾ ഉയർത്തിക്കാട്ടി പൊതുസമൂഹത്തിലിറങ്ങിയാൽ പോലും സ്വീകാര്യത ലഭിക്കുമെന്നും അവർക്ക് സമൂഹത്തിൽ മുന്തിയ പരിഗണന ലഭിക്കുമെന്നുമെല്ലാമുള്ള ഞെട്ടിക്കുന്ന യാഥാർഥ്യങ്ങളെ ഉദാഹരിക്കാനാണ്.

ഇക്കഴിഞ്ഞ ഇലക്ഷനിൽ പതിനാലര കോടി വോട്ടർമാരുള്ള യു.പിയിൽ 39.7 ശതമാനം പേരാണ് 312 സീറ്റുള്ള ബി.ജെ.പിക്ക് വോട്ട് ചെയ്തത്. 22.2 ശതമാനം വോട്ട് നേടിയ ബി.എസ്.പിക്ക് വെറും 19 സീറ്റുകളേ കിട്ടിയുള്ളൂ. ഇലക്ഷന് ശേഷം കൈകോർക്കുമെന്ന് പ്രഖ്യാപിച്ച 21.8 ശതമാനം വോട്ടുള്ള സമാജ് വാദ് പാർട്ടിയും കോൺഗ്രസ്സും രാഷ്ട്രീയ ലോക്ദളും ഇടതുപക്ഷ പാർട്ടികളുമെല്ലാം ഒന്നുചേർന്നിരുവെങ്കിൽ എത്രയോ വലിയ വിജയം കൈവരിക്കാൻ മതേതര കക്ഷികൾക്ക് കഴിയുമായിരുന്നു. എന്നാൽ പൊതുശത്രുവിനെതിരെ പോലും ഒന്നിച്ചു നിൽക്കാൻ കഴിയാതെ മതേതര വോട്ടുകൾ ശിഥിലമാകുന്ന കാഴ്ചയാണ് നാം യു.പിയിൽ കണ്ടത്. 19 ശതമാനം മുസ്‌ലിംകളും 21 ശതമാനം ദളിതരുമുള്ള യു.പിയിൽ അവരെ ഒന്നിപ്പിച്ച് നിർത്താൻ കഴിയാതെപോയതും മതേതരവോട്ടുകൾ ഭിന്നിച്ചതുമാണ് പരാജയത്തിന് കാരണമെന്നത് വ്യക്തമാണ്.

അനുഭവങ്ങളിൽ നിന്ന് പാഠമുൾക്കൊള്ളാനാണ് ബുദ്ധിയുള്ളവർ ശ്രമിക്കേണ്ടത്. അതിലൂടെ മാത്രമെ ഫാഷിസത്തെ പ്രതിരോധിക്കാൻ സാധിക്കൂ. ഒരു ബഹുമതസമൂഹത്തിലെ ന്യൂനപക്ഷാംഗമെന്ന നിലയിൽ ഇത്തരം രംഗങ്ങളിൽ പക്വതയുള്ളവർ സ്വീകരിക്കേണ്ട നിലപാടെന്തായിരിക്കണമെന്ന് ക്രിയാത്മകമായി ചിന്തിക്കേണ്ടതുണ്ട്. കക്ഷി വ്യത്യാസമന്യെ രാജ്യത്തിന്റെ അഖണ്ഡതയെ സ്നേഹിക്കുന്ന സംഘടനകളുടെ കൂട്ടായ്മയുണ്ടാക്കിയെടുക്കാൻ ശ്രമിക്കുകയാണ് ആദ്യം വേണ്ടത്. മത-രാഷ്ട്രീയ വൈരം മറന്ന് നന്മ പുലർന്നു കാണാൻ ആഗ്രഹിക്കുന്ന സംഘടനകളെല്ലാം ഒറ്റക്കെട്ടായി പ്രതികരിച്ചാൽ പിടിച്ചു നിൽക്കാൻ മാത്രം കെൽപൊന്നും ഇന്ന് ഫാഷിസത്തിനില്ല. അതിനുപകരം വൈകാരികമായി പ്രതികരിച്ച് വർഗീയ കക്ഷികൾക്ക് ഭരണം കയ്യാളാനുള്ള അവസരമൊരുക്കിക്കൂടാ.

സാമൂഹികമായും രാഷ്ട്രീയമായും സംഘടിക്കുകയാണ് ഫാഷിസ്റ്റുകളെ പ്രതിരോധിക്കാനുള്ള ഏറ്റവും നല്ല മാർഗം. വർഗീയതയെ പിന്തുണക്കാത്ത-വർഗീയ പരാമർശങ്ങളിൽ പക്വമായി പ്രതികരിക്കാൻ പ്രാപ്തിയുള്ള സാമുദായിക-മതേതരവിശ്വാസികളുമായി തോൾചേർന്നു പ്രവർത്തിക്കുന്നതിലൂടെ ഇത്തരം വർഗീയ ചിന്തകളെ പ്രതിരോധിക്കുന്നതിൽ ഓരോ വ്യക്തിക്കും ഭാഗഭാക്കാകാൻ കഴിയും. നിയമനിർമാണ സഭയിലും ജുഡീഷ്യറിയിലും മറ്റു ഉന്നതാധികാര മേഖലകളിലും ശരിയായ കാഴ്ചപ്പാടുള്ളവർ ചെന്നെത്തേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങളിൽ പങ്കാളിയാകുവാൻ ഓരോരുത്തർക്കും കഴിയണം.

അതോടൊപ്പം മതങ്ങളുടെ അന്തഃസത്ത ഇതരരുമായി പങ്കുവെക്കാനും ശരിയായ മതപ്രബോധന രീതി സമൂഹത്തിൽ നടപ്പിലാക്കാനും ഓരോരുത്തരും ശ്രമിക്കേണ്ടതുണ്ട്. മതങ്ങൾ പരസ്പരം അടുത്തറിയുമ്പോൾ അവർക്കിടയിലെ തെറ്റുധാരണകൾ പാടെ മാഞ്ഞുപോകും. അതുവഴി മാത്രമെ വെറുപ്പും വിദ്വേഷവും മുറ്റി നിൽക്കുന്ന പ്രഭാഷണങ്ങളും രചനകളും അവഗണിക്കാനും അത്തരം ശ്രമങ്ങളെ സമചിത്തതയോടെ നേരിടാനും സാധാരണക്കാർക്ക് കഴിയൂ. ●

സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com

ക്വുർആൻ പഠനം

# സ്തുതി ലോകരക്ഷിതാവിന്

ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ

**"സ്തുതി സർവലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു" (ക്വുർആൻ 1: 2)**

മനുഷ്യൻ പഠിപ്പിക്കപ്പെടുന്ന മര്യാദകളിൽ ഏറ്റവും പ്രകടമായ ഒന്നാണ് മറ്റുള്ളവരോട് അവർ ചെയ്തു തന്ന ഉപകാരങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുക എന്നത്. ഇതിനായി പ്രപഞ്ചത്തിലെ വ്യത്യസ്ത സൃഷ്ടിലോകത്തിൽ കാണുന്ന നന്ദിയുടെയും കടപ്പാടറിയിക്കുന്നതിന്റെയും സൂചകങ്ങൾ നാം എടുത്ത് കാണിക്കാറുമുണ്ട്.

പ്രപഞ്ചത്തിലെ മറ്റേതൊരു സൃഷ്ടിയെക്കാളും ദൈവാനുഗ്രഹം കൊണ്ട് സമ്പന്നനായ മനുഷ്യൻ അവന്റെ കടപ്പാടും നന്ദിയും ദൈവത്തിന് മുമ്പിൽ അർപിക്കേണ്ടതില്ലേ?

ഈ വസ്തുത ബോധ്യപ്പെടുത്തിക്കൊണ്ടാണ് ക്വുർആൻ അതിന്റെ ആദ്യ അധ്യായം ആരംഭിക്കുന്നത്. ലോകത്തിന്റെ സ്രഷ്ടാവും നിയന്താവും പരിപാലകനുമായ അല്ലാഹുവിന്റെ മുമ്പിൽ നിരന്തരം സ്തുതി വാചകങ്ങൾ ഉരുവിടേണ്ടവനാണ് മനുഷ്യൻ. അങ്ങനെയുള്ളവനാണ് അല്ലാഹുവിന്റെ ഏറ്റവും നല്ല അടിമ എന്ന് അല്ലാഹു പറഞ്ഞു വെക്കുന്നു. അല്ലാഹുവിന് സ്തുതികൾ അർപിക്കണം എന്നാവശ്യപ്പെടുമ്പോൾ അതിന്റെ കാരണങ്ങളും ന്യായങ്ങളും യുക്തിസഹമായി വിശദീകരിക്കാതെ ക്വുർആൻ നിർത്തിയിട്ടില്ല. മനുഷ്യന്റെ മുന്നിൽ അല്ലാഹു നൽകിയിട്ടുള്ള അനുഗ്രഹങ്ങളുടെ വ്യാപ്തിയും വൈപുല്യവും നിരന്തരം ക്വുർആൻ എടുത്ത് പറയുന്നുണ്ട്.

ഒന്നുമില്ലായ്മയിൽ നിന്ന് ഈ പ്രപഞ്ചത്തിന് മുൻമാതൃകയില്ലാതെ രൂപം നൽകിയത്, ആകാശത്തെ ഒരു മേലാപ്പുപോലെ കാണാൻ കഴിയുന്ന തൂണുകളില്ലാതെ നിലനിർത്തുന്നത്, മനുഷ്യനടക്കം സകല സൃഷ്ടികളുടെയും ജീവന്റെ നിലനിൽപിന് ആധാരമായ വെള്ളവും വായുവും യഥേഷ്ടം ഇവിടെ ലഭ്യമാകുന്നത്, പ്രജനന പ്രക്രിയയിലൂടെ ലോകത്ത് തലമുറമാറ്റം നടത്തിക്കൊണ്ടിരിക്കുന്നത്, കാർഷിക ഉൽപന്നങ്ങളുടെ സമൃദ്ധത, സവിശേഷ ബുദ്ധി ഉപയോഗിച്ച് മനുഷ്യൻ അവന്റെ നിലനിൽപിനായി നടത്തിക്കൊണ്ടിരിക്കുന്ന അത്യാധുനിക കണ്ടുപിടുത്തങ്ങൾ, ഓരോ സൃഷ്ടി ജാലങ്ങളുടെയും മനസ്സെന്ന മഹാസത്യത്തിനുള്ളിൽ സ്നേഹവും കാരുണ്യവും വഹിപ്പിച്ച് ഈ ലോകത്ത് അതിജീവനം സാധ്യമാക്കുന്നത്... ഇങ്ങനെ ഒരു ചെറിയ ചിന്തക്കുള്ളിൽ തന്നെ നമ്മുടെ മനസ്സിലേക്ക് കടന്നുവരുന്ന അനേകം ദൈവിക ദൃഷ്ടാന്തങ്ങൾ. അവയെ ചിന്തയിലേക്കും ആലോചനയിലേക്കും കൊണ്ടുവന്ന് അവയ്ക്കു പിന്നിൽ പ്രവർത്തിച്ച, പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മഹാശക്തിയുടെ മുന്നിൽ കർമം കൊണ്ടും വാക്കുകൾ കൊണ്ടും ജീവിതം കൊണ്ടും നന്ദിയുള്ളവനായി മാറണമെന്നാണ് ക്വുർആൻ നമ്മെ ഉണർത്തുന്നത്.

സത്യവിശ്വാസികൾ അവരുടെ തലങ്ങളിൽ നിന്നുകൊണ്ട് അല്ലാഹുവിനെ മനസ്സിലാക്കുവാനും അവർക്കു സാധ്യമാകുന്നതും നിശ്ചയിക്കപ്പെട്ടതുമായ രീതിയിൽ അവനു നന്ദികാണിക്കുവാനും തയ്യാറാകും എന്ന് മനസ്സിലാക്കാം. നന്ദിയുടെ ഏറ്റവും മഹിതമായ വാചകമാണ് ഈ സൂക്തത്തിൽ പരാമർശിച്ച 'അൽഹംദ്' എന്ന പദം. അല്ലാഹുനിന് നന്ദിയർപിക്കാൻ സത്യവിശ്വാസി ഉപയോഗിച്ചുകൊണ്ടേയിരിക്കേണ്ട പദം 'അൽഹംദുലില്ലാഹ്' എന്നതത്രെ.

ഇബ്നു അബ്ബാസ്ﷺ പറയുന്നു: 'അൽഹംദുലില്ലാഹ് എന്ന പദമാണ് നന്ദിയുള്ളവന്റെ വാചകം' (ത്വബ്രി).

ഇബ്നു അബ്ബാസ്ﷺ പറയുന്നു: "ഒരിക്കൽ ഉമറുൽ ഫാറൂഖ്ﷺ പറഞ്ഞു: 'സുബ്ഹാനല്ലാഹ്, ലാഇലാഹ ഇല്ലല്ലാഹ് എന്ന ദിക്റുകളെല്ലാം ഞങ്ങൾ ആഴത്തിൽ മനസ്സിലാക്കിയിരുന്നു. എന്നാൽ എന്താണ് അൽഹംദുലില്ലാഹ് എന്നതിന്റെ താൽപര്യം?' അപ്പോൾ അലിﷺ പറഞ്ഞു: 'ആ വാചകം അല്ലാഹു ഏറെ ഇഷ്ടപ്പെടുന്നതും അവൻ സ്വയം തെരഞ്ഞെടുത്തതുമായ പദമാകുന്നു.'

ഇബ്നു അബീ ഹാതിം റിപ്പോർട്ട് ചെയ്യുന്നു: ഇബ്നു അബ്ബാസ്ﷺ പറയുന്നു: 'അൽഹംദുലില്ലാഹ് എന്നത് നന്ദിയുടെ വചനമാണ്. അല്ലാഹുവിന്റെ അടിമ അൽഹംദുലില്ലാഹ് എന്ന് പറഞ്ഞാൽ അല്ലാഹു പ്രതിവചിക്കും; എന്റെ അടിമ എനിക്ക് നന്ദി പറഞ്ഞിരിക്കുന്നു എന്ന്.'

നബിﷺ പറഞ്ഞു: "നീ 'അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ' എന്നു പറഞ്ഞാൽ അല്ലാഹുവിനെ സ്തുതിക്കുകയാണ് ചെയ്തത്. അപ്പോൾ അവൻ അവന്റെ അനുഗ്രഹങ്ങൾ നിനക്ക് വർധിപ്പിച്ച് തരും" (ത്വബ്രി).

ജാബിർﷺ നിവേദനം. റസൂൽﷺ പറഞ്ഞു: "ഏറ്റവും ശ്രേഷ്ഠമായ ദിക്ർ ലാഇലാഹ ഇല്ലല്ലാഹ് എന്നതാണ്. ഏറ്റവും ശ്രേഷ്ഠമായ പ്രാർഥന അൽഹംദുലില്ലാഹ് എന്നതുമത്രെ" (തുർമുദി).

അളവറ്റ ദയാപരനും ഊഹിക്കാനാവാത്ത കാരുണ്യത്തിന്റെ ഉടമയും പാപങ്ങൾ പൊറുക്കുന്നവനുമായ അല്ലാഹുവിനോട് ജീവിതാന്ത്യം വരെ നന്ദികാണിക്കുന്ന അടിമകളിൽ അവൻ നമ്മെ ഉൾപെടുത്തുമാറാകട്ടെ.

പി.എൻ അബ്ദുറഹ്മാൻ
pnabdurahman@gmail.com






# തെരഞ്ഞെടുപ്പ് നിലപാട് സുചിന്തിതമാകണം

**മതേതര ജനാധിപത്യ ഇന്ത്യയിൽ ജീവിക്കുന്ന മുസ്‌ലിംകൾ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ഭാഗഭാക്കാവാതെ മാറി നിൽക്കുകയാണോ വേണ്ടത്? രാഷ്ട്ര പുനഃനിർമാണ പ്രക്രിയയിൽ തങ്ങളുടെതായ പങ്ക് വഹിക്കൽ മുസ്‌ലിംകൾക്ക് ബാധ്യതയല്ലേ? വസ്തുതാപരമായ ഒരന്വേഷണം.**

മുസ്‌ലിംകളും ഇതരമത വിശ്വാസികളും പരസ്പര ധാരണയോടെ സമാധാനപൂർവം ജീവിക്കുന്ന രാഷ്ട്രമാണ് ഇന്ത്യ. ഇസ്‌ലാമിക നിയമമനുസരിച്ച് 'ദാറു മുആഹദ' അഥവാ മുസ്‌ലിംകളും ഇതര മതസ്ഥരും ഉടമ്പടിപ്രകാരം കഴിയുന്ന രാഷ്ട്രം. ഇവിടെ കലാപമുണ്ടാക്കാനോ, കരാറുകൾ ലംഘിച്ചുകൊണ്ട് രാജ്യത്തിന് എതിരെ പ്രവർത്തിക്കാനോ ഒരു മുസ്‌ലിമിന് അനുവാദമില്ല. ഒരു മുസ്‌ലിം കരാറുകൾ പാലിക്കുന്നവനാണ്. ഇമാം മുസ്‌ലിം ഉദ്ധരിച്ച ഹദീഥിൽ ഇപ്രകാരം കാണാം:

ഹുദൈഫതു ബ്നുൽ യമാൻ ﷺ പറഞ്ഞു: "ഞാൻ ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാതിരിക്കാൻ ഈ ഒരേയൊരു കാരണമല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല. ഞാനും അബൂഹുസൈലും മദീനയിലേക്ക് പുറപ്പെട്ടു. അപ്പോൾ വഴിയിൽ വെച്ച് ബഹുദൈവാരാധകരായ ക്വുറൈശികൾ ഞങ്ങളെ പിടികൂടി. അവർ പറഞ്ഞു: 'നിങ്ങൾ മുഹമ്മദിനെ ഉദ്ദേശിച്ച് കൊണ്ട് തന്നെയാണ് പോകുന്നത്.' അപ്പോൾ ഞങ്ങൾ പറഞ്ഞു: 'അദ്ദേഹത്തിന്റെ അടുക്കലേക്ക് പോകാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. ഞങ്ങൾ പോകുന്നത് മദീനയിലേക്കാണ്.' അങ്ങനെ ഞങ്ങൾ മദീനയിലേക്ക് പോകുക മാത്രമാണ് ചെയ്യുക, അദ്ദേഹത്തിന്റെ ഒപ്പം നിന്ന് യുദ്ധം ചെയ്യില്ല എന്ന് അല്ലാഹുവിന്റെ പേരിൽ അവർ ഞങ്ങളോട് സത്യം ചെയ്യിച്ചു. അങ്ങനെ ഞങ്ങൾ നബി ﷺ യുടെ അരികിൽ ചെന്ന് വിഷയം പറഞ്ഞു. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ രണ്ട് പേരും പിരിഞ്ഞ് പോകുക. അവരോടു ചെയ്ത

കരാർ നാം പാലിക്കുന്നു. അവരുടെ മേൽ നാം അല്ലാഹുവിന്റെ സഹായം ആവശ്യപ്പെടുകയും ചെയ്യുന്നു" (സ്വഹീഹ് മുസ്‌ലിം: 4740).

തന്റെ വീടും നാടും ഉപേക്ഷിച്ച് പലായനം ചെയ്യേണ്ടി വന്നവരെ വഴിയിൽ തടഞ്ഞുവച്ച് ഏകപക്ഷീയമായി ശത്രുക്കൾ ഉണ്ടാക്കിയ കരാർ പോലും പാലിക്കണം എന്ന് പഠിപ്പിച്ച മഹാനാണ് മുഹമ്മദ് നബിﷺ എന്ന് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു.

അതുകൊണ്ടുതന്നെ ഒരു രാജ്യത്ത് നിൽക്കുമ്പോൾ ആ രാജ്യത്തിനെതിരെ രഹസ്യമായി നീക്കങ്ങൾ നടത്തുക, കലാപങ്ങൾ ഉണ്ടാക്കുക തുടങ്ങിയ കാര്യങ്ങൾ വഞ്ചനയാണ്. ശത്രുപക്ഷത്ത് നിന്ന് ദൂതനായി വന്ന അബൂറാഫിഅ്‌ نബിﷺയോട് സംസാരിച്ച ശേഷം 'ഞാൻ ഇസ്‌ലാം സ്വീകരിക്കുന്നു. ഞാൻ മക്കയിലേക്ക് തിരികെ പോകുന്നില്ല' എന്ന് പറഞ്ഞ സാഹചര്യത്തിൽ 'ഞാൻ കരാറുകളെ വഞ്ചിക്കുന്നവനല്ല. നീ മുസ്‌ലിമായിട്ടുണ്ട് എന്നത് ഹൃദയത്തിൽ ഉണ്ട് എങ്കിൽ നീ മടങ്ങുക' എന്നാണ് നബി ﷺ അദ്ദേഹത്തോട് പറഞ്ഞത്!

മാത്രമല്ല ഇസ്‌ലാമിന്റെ ശത്രുരാഷ്ട്രങ്ങളിൽ പോലും അവരുടെ അനുമതിയോടെയും വിശ്വാസ്യതയോടെയും പ്രവേശിച്ച ഒരാൾക്ക് അവിടെ അവർക്കെതിരെയുള്ള പ്രവർത്തനങ്ങളോ അക്രമങ്ങളോ നടത്താൻ പാടില്ല എന്ന് ഇമാമുമുകൾ ഹദീഥുകളുടെ വെളിച്ചത്തിൽ കൃത്യമായി എഴുതിയിട്ടുണ്ട്. ഇമാം ഇബ്നു ഖുദാമ തന്റെ അൽമുഗ്നി എന്ന ഗ്രന്ഥത്തിൽ പറയുന്നു: "ശത്രുവിന്റെ രാജ്യത്തേക്ക് അവരിൽ നിന്നും നിർഭയത്വം വാങ്ങി വിശ്വാസ്യതയോടെ പ്രവേശിച്ചവന് അവരെ വഞ്ചിക്കാനോ, അവരുടെ ധനം അപഹരിക്കാനോ പാടില്ല. അവരെ വഞ്ചിക്കുക എന്നത് നിഷിദ്ധമാണ്. കാരണം അവന് നിർഭയത്വത്തോടെ അവിടെ പ്രവേശിക്കാൻ അവർ അനുമതി നൽകിയത് അവൻ അവരെ വഞ്ചിക്കില്ല, അവരെ ആക്രമിക്കില്ല എന്ന വിശ്വാസത്തിൽ മാത്രമാണ്" (അൽമുഗ്നി: ഭാഗം 10. പേജ് 507). ഇതാണ് ശത്രുക്കളോട് പോലും ഇസ്‌ലാം കാണിക്കുന്ന മര്യാദ.

അപ്പോൾ മുസ്‌ലിംകളുമായി പരസ്പര ധാരണയിൽ സമാധാനപൂർവം ജീവിക്കുന്നവരെ സംബന്ധിച്ച് പറയേണ്ടതുണ്ടോ! ഈ രാജ്യത്ത് ജീവിക്കുന്നവർ പരസ്പരം ആക്രമിക്കരുത് എന്നത് ഇവിടെ നിലനിൽക്കുന്ന കരാറാണ്. ആ കരാർ പാലിക്കാൻ തയ്യാറല്ലാത്ത ആൾക്ക് തന്റെ പൗരത്വം അടിയറവ് വെച്ച് ഈ രാജ്യത്ത് നിന്ന് പുറത്ത് പോകുകയും ചെയ്യാം. എന്നാൽ കരാർ ലംഘിച്ച് കൊണ്ട് ഒരു ഇതര മതവിശ്വാസിയുടെ ജീവൻ അവൻ എടുത്താൽ അവന് സ്വർഗത്തിന്റെ പരിമളം പോലും ലഭിക്കുകയില്ല.

അബ്ദുല്ലാഹ് ബ്ൻ അംറുബ്നുൽ ആസ് നിവേദനം: നബിﷺ പറഞ്ഞു: "ആരെങ്കിലും മുസ്‌ലിംകളുമായി പരസ്പര ധാരണയോടെ ഉടമ്പടിക്കരാറിൽ ജീവിക്കുന്ന ഒരാളെ വധിച്ചാൽ അവന് സ്വർഗത്തിന്റെ പരിമളം പോലും ലഭിക്കുകയില്ല. അവനിൽ നിന്നും നാൽപത് വർഷത്തെ വഴിദൂരം അകലെയായിരിക്കും അതിന്റെ പരിമളം പോലുമുള്ളത്" (സ്വഹീഹുൽ ബുഖാരി: 3166).

ഇവിടുത്തെ ഭരണകൂടത്തോട് വിയോജിപ്പുണ്ടാകുന്ന



ഘട്ടങ്ങളിൽ പൊതുമുതൽ നശിപ്പിച്ചും പൊതുജനങ്ങളെ ബുദ്ധിമുട്ടിച്ചും പ്രതികരിക്കുക എന്നുള്ളതും ഇസ്‌ലാം അനുവദിക്കുന്നില്ല. മറിച്ച് തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ മാന്യമായ രീതിയിലും ഈ രാജ്യത്തെ നിയമം അനുവദിച്ചു തരുന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ടും ഒരു മുസ്‌ലിമിന് പ്രതികരിക്കാം. ആ പ്രതികരണങ്ങളും യോജിപ്പുകളും വിയോജിപ്പുകളും പരസ്യമായും രഹസ്യമായും നടത്താം. അഥവാ പ്രതികരണ തലങ്ങളിൽ 'നിങ്ങൾ ക്ഷമിക്കുകയും നിങ്ങൾക്കുള്ളത് അല്ലാഹുവിനോട് ചോദിക്കുകയും ചെയ്യുക' എന്നത് മുസ്‌ലിം ഭരണകൂടം നിലനിൽക്കുന്ന രാഷ്ട്രങ്ങൾക്ക് ബാധകമായ ഒന്നാണ്. എന്നാൽ ഇന്ത്യയെ പോലുള്ള രാജ്യങ്ങളിൽ നിയമവിധേയമായി പരസ്യമായി ഒരു വിശ്വാസിക്ക് പ്രതികരിക്കാവുന്നതാണ്.

ഇസ്‌ലാമിൽ ഏറ്റവും സുപ്രധാനം ഏകദൈവാരാധനയാണ് എന്നതുകൊണ്ടു തന്നെ ഇതര മതസ്ഥരോട് വിശ്വാസപരമായും ആചാരപരമായും എന്തിനധികം വസ്ത്രധാരണത്തിൽ പോലും വ്യതിരിക്തത പുലർത്തുമ്പോഴും അവരുമായുള്ള മാനുഷികമായ ബന്ധങ്ങളും ഇടപാടുകളും നിലനിർത്താൻ ഇസ്‌ലാം അനുവദിക്കുകയും അവരോട് നീതി പുലർത്താനും അവർക്ക് പുണ്യം ചെയ്യാനും പഠിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

“മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നൻമ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു” (വി.ക്വുർആൻ 60:8).

നബിﷺ ജൂതമത വിശ്വാസിയായ ഒരു പയ്യൻ രോഗാതുരനായപ്പോൾ സന്ദർശിച്ചതും രോഗശമനത്തിന് പ്രാർഥിച്ചതും പ്രസിദ്ധമാണ്. നബിﷺയുടെ നല്ല സമീപനത്തിലൂടെ അയാൾ ഇസ്‌ലാമിനെ കണ്ടെത്തുകയും ചെയ്തു. അല്ലാഹുവിന്റെ പ്രവാചകൻﷺ മരണപ്പെടുമ്പോൾ അദ്ദേഹത്തിന്റെ പടയങ്കി ഒരു ജൂതന്റെ കൈവശം പണയത്തിലായിരുന്നു. ബഹുദൈവാരാധകരുടെ ഉപദ്രവം സഹിക്കവയ്യാതെ നബിﷺ സ്വന്തം നാടായ മക്കയിൽ നിന്നും മദീനയിലേക്ക് പലായനം ചെയ്ത ചെയ്ത സന്ദർഭത്തിൽ പോലും അദ്ദേഹം വഴികാട്ടിയായി ഒരു അമുസ്‌ലിമിനെ സ്വീകരിച്ചിരുന്നു. മുഹമ്മദ് നബിﷺയെ വധിക്കുന്നവർക്ക് 100 ഒട്ടകം ലഭിക്കുമെന്ന് ഇനാം പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിലാണ് ഇത് എന്നോർക്കണം. എന്നാൽ ഇതര മതസ്ഥരുടെ വിശ്വാസങ്ങളോടോ അവരുടെ അനുഷ്ഠാനങ്ങളോടോ അവരുടേതായ പ്രത്യേക മതചിഹ്നങ്ങളോടോ ഒരു വിശ്വാസിക്ക് യോജിക്കാൻ സാധിക്കുകയില്ല. കാരണം അതവന്റെ വിശ്വാസത്തിന്റെ ഭാഗമാണ്. എന്റെ വീട്ടിലേക്ക് മാംസാഹാരം കഴിക്കാത്ത ഒരു വ്യക്തിയെ ക്ഷണിച്ച് അയാൾക്ക് മാംസം കൊണ്ട് ബിരിയാണി ഉണ്ടാക്കിക്കൊടുത്ത്, എനിക്കേറ്റവും ഇഷ്ടമുള്ള ഭക്ഷണം ഞാൻ നിങ്ങൾക്ക് ഉണ്ടാക്കിത്തന്നിട്ടും നിങ്ങളെന്തേ ഭക്ഷിക്കാത്തത് എന്ന് പറയുന്നതിൽ അർഥമില്ലല്ലോ. അയാളുടെ വിശ്വാസങ്ങളും ആചാരങ്ങളും ഒരുപക്ഷേ, അയാളെ അതിന് അനുവദിക്കുന്നില്ലായിരിക്കാം. എന്നതുപോലെ തന്റെ വിശ്വാസത്തിന് കോട്ടം തട്ടുന്ന ഒരു കാര്യം ഒരു മുസ്‌ലിമിന് ചെയ്യാൻ സാധിക്കില്ല. അതുകൊണ്ട് അവൻ നിലവിളക്ക് കൊളുത്തിയില്ല എന്ന് വരാം. അവൻ പ്രസാദം കഴിച്ചില്ല എന്ന് വരാം. കാരണം ബഹുദൈവാരാധനയുമായി ബന്ധപ്പെടുന്ന ഒന്നും അവന്റെ വിശ്വാസം അവനെ അനുവദിക്കുന്നില്ല.

തന്റെ വിശ്വാസ ആദർശങ്ങൾക്ക് കോട്ടം തട്ടാത്ത വിധം ഭൗതിക കാര്യങ്ങളിൽ

**ജനാധിപത്യ സംവിധാനം നിലവിലുള്ളതായ രാഷ്ട്രങ്ങളിൽ നാടിന്റെ നന്മയും സത്യസന്ധതയും നീതിയും കാത്തുസൂക്ഷിക്കുന്നതിനും മുസ്‌ലിംകളുടെ മതപരവും ഭൗതികപരവുമായ അവകാശങ്ങളെ സംരക്ഷിക്കുന്നതിനും അതിൽ ഭാഗഭാക്കാകണം എന്നതാണ് സലഫികളുടെ നിലപാട്. അത് ശിർക്കും കുഫ്‌റുമാണ് എന്നാണ് മൗദൂദി പഠിപ്പിച്ചത്.**



ഇതര മതസ്ഥരുമായി സഹകരിക്കുന്നതിനോ, അവർക്ക് പുണ്യം ചെയ്യുന്നതിനോ, അവരോടു സഹിഷ്ണുതയോടെയും അനുകമ്പയോടെയും പെരുമാറുന്നതിനോ ഇസ്‌ലാം വിലക്കുന്നില്ല. മറിച്ച് അതാണ് ഇസ്‌ലാം നിഷ്കർഷിക്കുന്നത്.

മുഹമ്മദ് നബിﷺ ഇതര മതസ്ഥരുമായുള്ള കച്ചവടം വിലക്കിയിട്ടില്ല. ഇതര മതസ്ഥർ അയൽപക്കങ്ങളിൽ ഉണ്ടാകാൻ പാടില്ല എന്ന് പഠിപ്പിച്ചില്ല. മറിച്ച് നിങ്ങളുടെ അയൽപക്കക്കാരൻ ആരാവട്ടെ അവൻ പട്ടിണി കിടക്കെ നിങ്ങൾ വയറ് നിറച്ച് ഉണ്ണുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല എന്നാണ് അദ്ദേഹം പഠിപ്പിച്ചത്. അദ്ദേഹം പറഞ്ഞു:

“തന്റെ അയൽക്കാരൻ വിശന്നിരിക്കുന്നത് തനിക്ക് അറിയാമായിരിക്കെ വയറ് നിറച്ച് ഉണ്ണുന്നവൻ വിശ്വാസിയല്ല” (അൽബാനി സ്വഹീഹിൽ ഉദ്ധരിച്ചത്).

ഇസ്‌ലാംവിരുദ്ധ ശക്തികളെ നോക്കിക്കൊണ്ടല്ല ഇസ്‌ലാമിനെ മനസ്സിലാക്കേണ്ടത്; മറിച്ച് ഇസ്‌ലാമിന്റെ പ്രമാണങ്ങളിൽ നിന്നാണ്.

**ജനാധിപത്യ വ്യവസ്ഥിതി നിലനിൽക്കുന്ന നാടുകളിൽ വോട്ട് ചെയ്യൽ, തിരഞ്ഞെടുപ്പിൽ മത്സരിക്കൽ; ഇസ്‌ലാമിന്റെ നിലപാട്:**

ജനാധിപത്യ സംവിധാനം നിലവിലുള്ളതായ രാഷ്ട്രങ്ങളിൽ നാടിന്റെ നന്മയും സത്യസന്ധതയും നീതിയും കാത്തുസൂക്ഷിക്കുന്നതിനും മുസ്‌ലിംകളുടെ മതപരവും ഭൗതികപരവുമായ അവകാശങ്ങളെ സംരക്ഷിക്കുന്നതിനും അതിൽ ഭാഗഭാക്കാകണം എന്നതാണ് സലഫികളുടെ നിലപാട്. മേൽപറഞ്ഞ രൂപത്തിൽ ആണെങ്കിൽ

**ഈ രാജ്യത്ത് ജീവിക്കുന്നവർ പരസ്പരം ആക്രമിക്കരുത് എന്നത് ഇവിടെ നിലനിൽക്കുന്ന കരാറാണ്. ആ കരാർ പാലിക്കാൻ തയ്യാറല്ലാത്ത ആൾക്ക് തന്റെ പൗരത്വം അടിയറവ് വെച്ച് ഈ രാജ്യത്ത് നിന്ന് പുറത്ത് പോകാം. എന്നാൽ കരാർ ലംഘിച്ച് കൊണ്ട് ഇതര മതവിശ്വാസിയുടെ ജീവൻ അപഹരിച്ചാൽ അവന് സ്വർഗത്തിന്റെ പരിമളം പോലും ലഭിക്കുകയില്ല.**



പോലും അത് ശിർക്കും കുഫ്റുമാണ് എന്നാണ് മൗദൂദി പഠിപ്പിച്ചത്. എന്നാൽ കേരളത്തിലാകട്ടെ, വിദേശത്താകട്ടെ സലഫീ പണ്ഡിതന്മാർ പഠിപ്പിച്ചത് അതിൽ ഭാഗഭാക്കായി തങ്ങളാലാവുംവിധം നന്മക്ക് വേണ്ടി പ്രയത്നിക്കണം എന്നാണ്.

പ്രമുഖ സലഫീ പണ്ഡിതന്മാരിൽ ഒരാളായ ശൈഖ് ഇബ്നു ഉസൈമീൻ(റഹി) പറയുന്നു: "തിരഞ്ഞെടുപ്പിൽ ഭാഗഭാക്കാകൽ നിർബന്ധമാണ് എന്നതാണ് എന്റെ കാഴ്ചപ്പാട്. നന്മയുണ്ട് എന്ന് നമുക്ക് തോന്നുന്ന ആളുകളെ നാം തിരഞ്ഞെടുക്കേണ്ടതുണ്ട്. കാരണം നന്മയുള്ളവർ അതിൽ നിന്നും വിട്ടുനിന്നാൽ പിന്നെ ആരായിരിക്കും അവരുടെ സ്ഥാനത്ത് കടന്നുവരുന്നത്?! സ്വാഭാവികമായും അത് ശർറിന്റെ (തിന്മയുടെ) ആളുകളായിരിക്കും. അതല്ലെങ്കിൽ പ്രത്യേകിച്ച് കാര്യമൊന്നുമില്ലാത്ത, ഗുണമോ ദോഷമോ ഒന്നുമില്ലാത്ത, ശബ്ദമുയർത്തുന്ന ആരുടെ പിന്നിലും അണിനിരക്കുന്ന രൂപത്തിലുള്ള ആളുകളായിരിക്കും. അതുകൊണ്ടുതന്നെ നിർബന്ധമായും നന്മയുണ്ടെന്ന് തോന്നുന്ന ആളെ നാം തിരഞ്ഞെടുക്കണം." (https://youtube/u7hgfceIjb4).

പ്രമുഖ സലഫീ പണ്ഡിതനും സൗദി അറേബ്യയിലെ ഗ്രാൻഡ് മുഫ്തിയുമായ ശൈഖ് അബ്ദുൽഅസീസ് ആലു ശൈഖ് പറയുന്നു: "അഹ്ലുസ്സുന്ന വൽ ജമാഅ നന്മയുടെ വക്താക്കളും നല്ല രൂപത്തിൽ ചിന്തിക്കുന്നവരും സദുദ്ദേശ്യമുള്ളവരുമാണ്. അവർ അവരുടെ വീടുകളിൽ ചടഞ്ഞിരിക്കുകയും കാര്യങ്ങൾ മറ്റുള്ളവർക്ക് അവർക്കിഷ്ടമുള്ള രൂപത്തിൽ കളിക്കുവാൻ വിട്ടുകൊടുക്കുകയും ചെയ്താൽ എന്തായിരിക്കും അവസ്ഥ? തനിക്ക് എല്ലാ കാര്യങ്ങളും നേടിയെടുക്കാൻ കഴിയുമെന്ന ധാരണയോടെയല്ല ഒരാൾ തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നത്. തന്നാലാവുന്നത്ര നന്മക്ക് വേണ്ടി പ്രയത്നിക്കാം എന്ന നിലക്കാണ് അവൻ പങ്കെടുക്കുന്നത്. ഒരു വാക്കുകൊണ്ടെങ്കിലും ഇസ്ലാമിനെ ഒരാൾ സഹായിക്കുകയാണെങ്കിൽ അവന് അല്ലാഹു കരുണ ചെയ്യട്ടെ. സത്യസന്ധനായ ഒരു മുസ്ലിം; ആ സത്യസന്ധനായ ഒരാൾ മതി കള്ളന്മാരായ ആയിരക്കണക്കിന് പേർക്ക് മുന്നിൽ സധൈര്യം നിൽക്കാൻ. വിഷയം സത്യസന്ധമായ ഉദ്ദേശ്യമുണ്ടോ എന്നതാണ്. തിരഞ്ഞെടുപ്പിൽ ഒരാൾ പങ്കെടുക്കുന്നത് നന്മ ഉദ്ദേശിച്ചുകൊണ്ടാണ് എങ്കിൽ; കാര്യങ്ങൾ നല്ല ഗതിയിലാക്കണം എന്ന ഉദ്ദേശ്യത്തോടെയല്ലാതെ അവൻ അതിൽ ഭാഗഭാക്കായിട്ടില്ല എന്നത് അല്ലാഹുവിനറിയാം. തന്നാലാവുന്ന രൂപത്തിൽ കാര്യങ്ങൾ ശരിയാക്കുകയും നന്മ പ്രവർത്തിക്കുകയും ചെയ്താൽ അവന് അല്ലാഹുവിന്റെ അനുഗ്രഹം ഉണ്ടാകും... അല്ലാതെ നമ്മൾ മുഖംതിരിച്ചുനിന്ന്, മതി, ഇനിയൊന്നും വേണ്ട, അവരവിടെയുള്ളതിനാൽ നാമൊന്നും ചെയ്യുന്നില്ല എന്ന് പറയുകയല്ല വേണ്ടത്.... നമ്മൾ പങ്കെടുക്കുകയും നമ്മളാലാവുന്ന നന്മ ചെയ്യുകയും വക്രതകളില്ലാത്ത ഒരു തിരഞ്ഞെടുപ്പ് നടക്കാൻ നമ്മളാലാവുന്ന എല്ലാ പരിശ്രമങ്ങളും ചെയ്യുകയുമാണ് വേണ്ടത്... നല്ല ചിന്തയും നല്ല ഉദ്ദേശ്യവുമുള്ള നല്ല വ്യക്തിത്വങ്ങൾക്ക് അവിടെ സ്ഥാനമുണ്ടാകണം. അവരല്ലാത്ത ചീത്ത ആളുകൾ ആ സ്ഥാനങ്ങളിൽ കടന്നുകൂടാതിരിക്കാനാണത്. നല്ല ആളുകൾ പിന്നോട്ടടിക്കുകയും മറ്റുള്ളവർക്ക് അവസരം തുറന്നിടുകയും ചെയ്താൽ പിന്നെ കാര്യങ്ങൾ നിയന്ത്രിക്കാൻ അവർക്ക് സാധിക്കില്ല. അവർ ആർക്കും വേണ്ടാത്തവരാകും. ഒരു ശബ്ദവും അവർക്ക് പിന്നീട് ഉണ്ടാവുകയില്ല" (https://www.youtube.com/watch?v=tisT1_E1fEU).

ജമാഅത്തെ ഇസ്ലാമിക്ക് മറുപടിയായി ഇതേ കാര്യം സൂചിപ്പിച്ചുകൊണ്ട് കെ.എം മൗലവി റഹിമഹുല്ല പറയുന്നു: "മുസ്ലിംകളിൽ പ്രാപ്തിയും നീതി നിഷ്ഠയുമുള്ളവരെല്ലാം മാറി നിൽക്കുന്ന പക്ഷം, നാട്ടിൽ പൊതുവെ അനീതിയും അക്രമപരമായ നിയമങ്ങൾ മൂലം മുസ്ലിംകൾക്ക് തന്നെ കൂടുതൽ ദ്രോഹങ്ങളും അനുഭവിക്കേണ്ടതായി വരുന്നതാണ്" (അൽമനാർ, 1963, പുസ്തകം: 04, ജമാഅത്തെ ഇസ്ലാമിയും ഇബാദത്തും) ●

മൂസ സ്വലാഹി, കാര
mail@nerpatham.com

ലേഖനം



# പ്രാർഥന
## അതാകുന്നു ആരാധന

ആരാധനാകർമങ്ങൾ ഇസ്‌ലാം പഠിപ്പിച്ച മുറപ്രകാരവും രീതിയിലും നിലനിർത്തുക എന്നതാണ് മനുഷ്യജീവിതത്തിന്റെ പ്രഥമലക്ഷ്യം. അല്ലാഹു പറയുന്നു:

“ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല” (51:56).

മനുഷ്യർക്കിടയിൽ വേർതിരിവോ, വിഭാഗീയതയോ കാണിക്കാതെ മൊത്തത്തിലായാണ് ഇത് സംബന്ധമായ കൽപന അല്ലാഹു നൽകിയിരിക്കുന്നത്:

“ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്” (2:21).

അടിസ്ഥാനപരമായി ‘ഇബാദത്ത്’ എന്താണെന്ന് ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യ(റഹി) നിർവചിച്ചതിൽനിന്നു മനസ്സിലാക്കാം: “പ്രത്യക്ഷവും, പരോക്ഷവുമായി അല്ലാഹു ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന വാക്കുകൾക്കും പ്രവർത്തനങ്ങൾക്കും മൊത്തത്തിൽ പറയുന്ന പേരാണ് ഇബാദത്ത്”(അൽ ഉബൂദീയ്യ ഫിൽ ഇസ്‌ലാം.പേ/4). ശൈഖ് നാസിറുസ്സഅദിﷺ സൂറഃ ഫാതിഹയുടെ വിശദീകരണത്തിൽ ഇത് എടുത്ത് പറഞ്ഞിട്ടുണ്ട്. പരമമായ വിനയവും താഴ്മയും ഉൾക്കൊണ്ടുള്ള മനസ്സിന്റെ തേട്ടമാകുന്ന പ്രാർഥന ആരാധനയിൽ പ്രധാനമാണ്. അല്ലാഹു പറയുന്നു:

“അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ. അവന്നു പുറമെ അവർ വിളിച്ച് പ്രാർഥിക്കുന്നതെല്ലാം വ്യർഥമാകുന്നു. അല്ലാഹു തന്നെയാകുന്നു ഉന്നതനും വലിയവനും” (31:30).

അല്ലാഹുവിന് കീഴ്‌പ്പെട്ട് ആത്മാർഥമായി ആരാധന നിർവഹിക്കാനാണ് ഇസ്‌ലാം കൽപ്പിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു:

“പറയുക: കീഴ്‌വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ ആരാധിക്കുവാനാണ് ഞാൻ കൽപിക്കപ്പെട്ടിട്ടുള്ളത്. ഞാൻ കീഴ്‌പെടുന്നവരിൽ ഒന്നാമനായിരിക്കണമെന്നും എനിക്ക് കൽപന നൽകപ്പെട്ടിരിക്കുന്നു” (39:11,12).

ഈ കൽപന ഉൾക്കൊണ്ട് ജീവിക്കുന്ന ഒരു മുസ്‌ലിമിന് അണുഅളവ് ശിർക്കുമായി പൊരുത്തപ്പെടാൻ കഴിയില്ല. എന്നാൽ പ്രാർഥനയും ആരാധനയും ഒന്നല്ലെ

ന്നും പ്രാർഥനയാകുന്ന വിളിയും ആകാത്ത വിളിയുമുണ്ടെന്നും വിശ്വസിച്ച് അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കുന്നത് അനുവദനീയമാണെന്ന് വാദിക്കുന്നവരും പ്രചരിപ്പിക്കുന്നവരും മുസ്‌ലിം സമൂഹത്തിലുണ്ട്. ഇസ്‌ലാമിന്റെ കൊടിയ ശത്രുക്കളായ ശിയാക്കൾ മെനഞ്ഞുണ്ടാക്കിയ പൊള്ളയായ വിശ്വാസാചാരങ്ങളെ അടിമുടി പിൻപറ്റി പോരുന്ന സമസ്ത വിഭാഗത്തിലെ ചില പണ്ഡിതന്മാർ എഴുതിയത് കാണുക:

"മരിച്ചുപോയ അമ്പിയാക്കൾ, ഔലിയാക്കൾ, സ്വാലീഹീങ്ങൾ ഇവരുടെ ദാത്ത്, ജാഹ്, ഹഖ്, ബർക്കത്ത് എന്നിവ കൊണ്ടുള്ള തവസ്സുൽ നേരിട്ടുവിളിക്കൽ, അവരോട് സഹായത്തിന്നപേക്ഷിക്കൽ, ആസാറ്കൊണ്ട് ബർക്കത്തെടുക്കൽ എന്നിവയും മരിച്ചുപോയ മഹാത്മാക്കൾക്കും മറ്റ് മുസ്‌ലിംകൾക്കും കൂലി ലഭിക്കാനായി ധർമം ചെയ്യൽ, കോഴി, ആട് മുതലായ ധർമം ചെയ്യാൻ നേർച്ചയാക്കൽ, അവർക്കു വേണ്ടി ക്വുർആൻ ഓതലും ഓതിപ്പിക്കലും, ക്വബ്ർ സിയാറത്തും, ക്വബ്‌റാളികൾക്ക് സലാം ചൊല്ലലും അവർക്ക് വേണ്ടിയുള്ള ദുആയും, സിയാറത്തിനായുള്ള യാത്രയും ആയത്ത്, ഹദീഥ്, മുഅള്ളമായ അസ്മാഅ് എന്നിവ കൊണ്ടുള്ള മന്ത്രവും ഉറുക്കും നൂൽ, വെള്ളം എന്നിവ ജപിച്ചു കൊടുക്കലും, ബുർദ ഓതി മന്ത്രിക്കലും, ഖാദിരിയ്യ, ശാദുലിയ്യ, രിഫാഇയ്യ തുടങ്ങിയ ശരിയായ ത്വരീഖത്ത് തുടർച്ചയായും റാതീബും, ത്വരീഖത്ത് ദിക്റുകൾചൊല്ലലും ദലാഇലുൽ ഖൈറാത്ത്, ഹിസ്ബുന്നബവി, അസ്മാഉന്നബവി, അസ്മാഉൽ ബദ്‌രീയ്യീൻ, ഹിസ്ബുൽ ബഹർ മുതലായ ദിക്റുകൾ പതിവാക്കലും, തസ്ബീഹ്മാല ഉപയോഗിക്കലും, മൻഖൂസ് മുതലായ മൗലിദുകൾ, ബദ്‌രീയ്യത്ത് ബൈത്ത്,മുഹ്‌യിദ്ദീൻമാല, രിഫാഈമാല മുതലായ നിരാക്ഷേപം മുസ്‌ലിംകളിൽ നടന്ന് വരുന്നതും അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ ഉലമാക്കളാൽ ദീനിൽ അറിയപ്പെട്ടതുമായ കാര്യങ്ങൾ മതവിരുദ്ധമാണെന്നോ ശിർക്കാണെന്നോ പറയുന്നവർ സുന്നികളല്ല. അവർ ഖാസി, ഖത്തീബ്, ഇമാം എന്നീ സ്ഥാനത്തേക്ക് അർഹരുമല്ല." (ഇവരെ എന്ത് കൊണ്ട് അകറ്റണം/ ചാലിയം എ.പി അബൂബക്കർ മുസ്‌ലിയാർ/പേ:14,15).

ശിഹാബുദ്ദീൻ അഹ്മദ് കോയ ശാലിയാത്തിയുടെ അധ്യക്ഷതയിൽ 1933ൽ ഫറോക്കിൽ ചേർന്ന സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ 6-ാം സമ്മേളനം അംഗീകരിച്ചു പാസ്സാക്കിയ എട്ടാം പ്രമേയമാണിത്. 'മുഹ്‌യുദ്ദീൻ ശൈഖേ രക്ഷിക്കണേ,' 'ബദ്‌രീങ്ങളേ കാക്കണേ' പോലെ മരിച്ചുപോയ മഹാത്മക്കളെ വിളിച്ച് പ്രാർഥിക്കൽ ശിർക്കല്ല മുബാഹ്(അനുവദനീയം)ആണെന്ന് സുന്നികൾ 'സുന്നി-മുജാഹിദ് വാദപ്രതിവാദ'ത്തിനായി 1974 ജൂൺ 2ന് കുണ്ടുതോട് ചേർന്ന സംയുക്തയോഗം തീരുമാനിച്ച വ്യവസ്ഥയിൽ നിന്നാണിത് (കുണ്ടുതോട് വാദപ്രതിവാദം പേജ്/2).

"അല്ലാഹു അല്ലാത്തവരോടുള്ള പ്രാർഥനയുടെ ഉദാഹരണം ക്വുർആനിൽ കാണിക്കണമെന്നായിരുന്നു മൗലവിയുടെ മറ്റൊരുവാശി. മരിച്ചുപോയവരെ വിളിച്ചു പ്രാർഥിക്കാമെന്ന് ക്വുർആൻകൊണ്ട് തന്നെ എ.പി സ്ഥാപിച്ചപ്പോൾ അവിടെയും മൗലവി മുഖം കുത്തി"(ഒ.എം തരുവണ/കൊട്ടപ്പുറം സംവാദം).

"മുഹിയിദ്ദീൻ ശൈഖേ രക്ഷിക്കണേ, ബദ്‌രീങ്ങളേ കാക്കണേ എന്നിങ്ങനെ മരിച്ചുപോയവരെ വിളിച്ചു പ്രാർഥിക്കുന്നത് അനുവദനീയമാണ്"(പൊന്മള അബ്ദുൽ ഖാദിർ മുസ്‌ലിയാർ/ഫതാവാ മുഹ്‌യിസ്സുന്ന-2/പേജ്/38).

"പ്രാർഥന അല്ലാഹുവിനോട് മാത്രം എന്ന പ്രമേയം സാക്ഷാൽ ഇബ്‌ലീസിന്റെ പ്രമേയമാണെന്ന് സുന്നി പണ്ഡിതർ വഹാബികളെ തെര്യപ്പെടുത്തി"(ഹാശിം നഈമി/വഴി പിരിഞ്ഞവർക്ക് എന്തുപറ്റി/പേജ്/37).

ഇസ്‌ലാമിന് തീർത്തും അന്യമായ വിശ്വാസമാണിത്. എന്തെന്നാൽ 'പ്രാർഥന; അതുതന്നെയാണ് ആരാധന' എന്നതാണ് ഇസ്‌ലാമിന്റെ സന്ദേശം. അല്ലാഹു പറയുന്നു:

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ; ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച"(40:60).

നുഅ്മാനുബ്നു ബഷീർ(റ)വിൽ നിന്ന. നബി(ﷺ)പറഞ്ഞു:"പ്രാർഥന അതാകുന്നു ആരാധന"(തിർമുദി).

വിശ്വാസപരമായി മതരംഗത്തുണ്ടായിരുന്ന തെറ്റുകൾ ചൂണ്ടിക്കാട്ടി കെ.എം മൗലവിയുടെ നേതൃത്വത്തിൽ നവോത്ഥാന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച കാലഘട്ടത്തിൽ അദ്ദേഹം എഴുതുകയും അന്നത്തെ പണ്ഡിതസഭയായ കേരള ജംഇയ്യത്തുൽ ഉലമ പ്രസിദ്ധീകരിക്കുകയും ചെയ്ത 'പ്രാർഥനയും ആരാധനയും' എന്ന പുസ്തകം ആരംഭിക്കുന്നത് തന്നെ ഈ ആയത്ത് കൊണ്ടാണ്.

സുന്നീ പണ്ഡിതരിൽ പ്രധാനിയായിരുന്ന അബ്ദുർറഹ്മാൻ മഖ്ദൂമി പൊന്നാനി തന്റെ തഫ്സീറിലും ഈ സത്യം തുറന്നെഴുതിയത് കാണുക: "പ്രാർഥന ഒരു ആരാധനയാണ് എന്ന് മാത്രമല്ല പ്രാർഥനയില്ലാത്തതൊന്നും ആരാധനയാവുകയില്ല. പ്രാർഥനയും ആരാധനയും അല്ലാഹുവിനോട് മാത്രം. പ്രാർഥിക്കുക; അവൻ നമുക്കുത്തരം ചെയ്യും. അഹങ്കാരികൾ മാത്രമെ അല്ലാഹുവിനെ ആരാധിക്കാനും അവനോട് പ്രാർഥിക്കാനും വിസമ്മതം കാണിക്കുകയുള്ളൂ. ശാശ്വതവും നിന്ദ്യവുമായ നരകീയ ജീവിതമാണവർക്ക് ലഭിക്കാൻ പോകുന്ന

ത്"(ക്വുർആൻ പരിഭാഷയും,വ്യാഖ്യാനവും 2/1032).

ലോകത്ത് വന്ന എല്ലാ പ്രവാചകന്മാരും ഒരു പോലെ സമൂഹത്തെ കേൾപിച്ച ഈ സത്യം നബിﷺയും തന്റെ സമൂഹത്തിൽ പ്രഖ്യാപിച്ചു. അല്ലാഹു പറയുന്നു:

"(നബിയേ,) പറയുക: ഞാൻ എന്റെ രക്ഷിതാവിനെ മാത്രമേ വിളിച്ചു പ്രാർഥിക്കുകയുള്ളൂ. അവനോട് യാതൊരാളെയും ഞാൻ പങ്കുചേർക്കുകയില്ല" (72:20).

പരമ കാരുണികന്റെ യഥാർഥ അടിമകൾ റബ്ബിനോട് മാത്രം പ്രാർഥിക്കുന്നവരാണെനും ക്വുർആൻ വ്യക്തമാക്കുന്നു:

"അല്ലാഹുവോടൊപ്പം വേറെയൊരു ദൈവത്തെയും വിളിച്ചു പ്രാർഥിക്കാത്തവരും, അല്ലാഹു പവിത്രമാക്കി വെച്ചിട്ടുള്ള ജീവനെ ന്യായമായ കാരണത്താലല്ലാതെ ഹനിച്ചു കളയാത്തവരും, വ്യഭിചരിക്കാത്തവരുമാകുന്നു അവർ. ആ കാര്യങ്ങൾ വല്ലവനും ചെയ്യുന്ന പക്ഷം അവൻ പാപഫലം കണ്ടെത്തുക തന്നെ ചെയ്യും"(25:68).

പ്രാർഥന അല്ലാഹു അല്ലാത്തവരോടുമാകാം എന്ന് വാദിക്കുന്നതിനും വിശ്വസിക്കുന്നതിനും യാതൊരുവിധ തെളിവുമില്ലെന്ന് പ്രമാണങ്ങൾ നമ്മെ പഠിപ്പിക്കുന്നു:

"വല്ലവനും അല്ലാഹുവോടൊപ്പം മറ്റ് വല്ല ദൈവത്തെയും വിളിച്ച് പ്രാർഥിക്കുന്ന പക്ഷം- അതിന് അവന്റെ പക്കൽ യാതൊരു പ്രമാണവും ഇല്ല തന്നെ- അവന്റെ വിചാരണ അവന്റെ രക്ഷിതാവിന്റെ അടുക്കൽ വെച്ചുതന്നെയായിരിക്കും. സത്യനിഷേധികൾ വിജയം പ്രാപിക്കുകയില്ല; തീർച്ച" (23:117).

പ്രാർഥനയിൽ ശിർക്കെന്ന മായം കലർത്താൻ ദുർന്യായങ്ങൾ നിരത്താൻ പരിശ്രമിക്കുന്നവർ ക്വുർആനിന്റെ താക്കീത് കണ്ടില്ലെന്ന് നടിക്കുകയാണ്. അല്ലാഹു പറയുന്നു:

"അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും" (46:5,6).

അല്ലാഹു മാത്രമാണ് എല്ലാം കേൾക്കുന്നവനും അറിയുന്നവനും. ഒരു സൃഷ്ടിക്കും അതിൽ പങ്കില്ല. സൃഷ്ടികളുടെ അറിവിനും കേൾവിക്കും പരിധിയും പരിമിതിയുമുണ്ട്. എന്നിട്ടും പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ടാകുമ്പോൾ മുസ്‌ലിം സമൂഹത്തിൽ പെട്ടവർ പ്രമാണവിരുദ്ധവാക്കുകൾ കേട്ട് ജാറങ്ങളിലും മക്വ്ബറകളലും ചെന്ന് സുജൂദ് ചെയ്ത് പ്രാർഥിക്കുന്നു. നാട്ടിവെച്ച കല്ലിനെയും മരത്തെയും പൂജിക്കുന്നു. തെറ്റിന്റെ ഗൗരവം മനസ്സിലാക്കാൻ ഇവർക്ക് കഴിയാതെ പോകുന്നു. അഥവാ അത് മനസ്സിലാക്കുന്നതിൽനിന്ന് അവരെ പുരോഹിതന്മാർ തടയുന്നു. അടിമകളുടെ ചോദ്യത്തിന് ഉത്തരം നൽകാൻ കാത്തിരിക്കുന്ന സ്രഷ്ടാവുണ്ടല്ലോ എന്നറിയാത്തതാണ് ഏറ്റവും വലിയ അജ്ഞത. അല്ലാഹു പറയുന്നു:

"നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക.) പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്" (2:186).

പ്രാർഥന എന്ന ഇബാദത്ത് അല്ലാഹു അല്ലാത്തവർക്ക് വകവെച്ച് കൊടുക്കുന്നത് തീർത്തും തൊറ്റാണെന്ന് ബോധ്യമാക്കിത്തരാൻ ലളിതമായ ഉദാഹരണങ്ങളാണ് അല്ലാഹു നടത്തിയിട്ടുള്ളത്. അല്ലാഹു പറയുന്നു:

"അവനോടുള്ളതുമാത്രമാണ് ന്യായമായ പ്രാർഥന. അവന്നു പുറമെ ആരോടെല്ലാം അവർ പ്രാർഥിച്ച് കൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുന്നതല്ല. വെള്ളം തന്റെ വായിൽ (തനിയെ) വന്നെത്താൻ വേണ്ടി തന്റെ ഇരുകൈകളും അതിന്റെ നേരെ നീട്ടിക്കാണിക്കുന്നവനെപ്പോലെ മാത്രമാകുന്നു അവർ. അത് (വെള്ളം) വായിൽ വന്നെത്തുകയില്ലല്ലോ. സത്യനിഷേധികളുടെ പ്രാർഥന നഷ്ടത്തിൽ തന്നെയാകുന്നു" (13:14).

"മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല. അതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ" (22:73).

"അല്ലാഹുവിന് പുറമെ വല്ല രക്ഷാധികാരികളെയും സ്വീകരിച്ചവരുടെ ഉപമ എട്ടുകാലിയുടേത് പോലെയാകുന്നു. അത് ഒരു വീടുണ്ടാക്കി. വീടുകളിൽ വെച്ച് ഏറ്റവും ദുർബലമായത് എട്ടുകാലിയുടെ വീട് തന്നെ. അവർ കാര്യം മനസ്സിലാക്കിയിരുന്നുവെങ്കിൽ"(29:41).

ഇത്രമേൽ ഇസ്‌ലാം പ്രാധാന്യം നൽകിയതിനെ വളരെ നിസ്സാരമായി കണ്ട് വൻ പാപമായ ശിർക്കിന്റെ വഴി വെട്ടിത്തെളിക്കാൻ പ്രമേയങ്ങളും ഫത്‌വകളുമിറക്കുന്നവർക്ക് പരലോക രക്ഷയെക്കാൾ പ്രാധാന്യം ഇഹലോക നേട്ടമായിരിക്കും എന്നല്ലാതെ മറ്റെന്ത് പറയാൻ! ●

അബ്ദുൽ ജബ്ബാർ അബ്ദുല്ല
mail@nerpatham.com



# ത്വൽഹത് വെളിച്ചം കണ്ടെത്തിയ കഥ

ഫഹദ്ബ്നു ഉബൈദില്ല പറയുന്നു: ഞാൻ സിറിയയിലെ ബുസ്റാ ചന്തയിൽ പങ്കെടുത്തു. അപ്പോൾ ഒരു മഠത്തിലെ പുരോഹിതൻ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: "ഈ സീസണിലെ വ്യാപാരികളിൽ ഹറമിൽനിന്ന്(മക്ക) വല്ലവരുമുണ്ടോ എന്ന് അന്വേഷിക്കൂ."

ഞാൻ പറഞ്ഞു: "അതെ, ഞാൻ മക്കയിൽ നിന്നാണ്."

അദ്ദേഹം ചോദിച്ചു: "അഹ്മദ് ഇനിയും രംഗപ്രവേശം ചെയ്തിട്ടില്ലേ?"

ഞാൻ ചോദിച്ചു: "ആരാണ് അഹ്മദ്?"

അദ്ദേഹം പറഞ്ഞു: അബ്ദുൽ മുത്ത്വലിബിന്റെ മകൻ അബ്ദുല്ലയുടെ പുത്രൻ. അദ്ദേഹം പ്രവാചകനായി വരുന്ന മാസമാണല്ലോ ഇത്. അദ്ദേഹം അന്ത്യപ്രവാചകനായിരിക്കും. ഹറമിൽനിന്ന് നിയോഗിക്കപ്പെടും. അദ്ദേഹം പലായനം ചെയ്ത് അഭയാർഥിയായി എത്തുന്ന നാട് കറുത്ത കല്ലുകൾ പാകപ്പെട്ട കുന്നുകളുള്ളതും ഈത്തപ്പനകളുള്ളതും ചതുപ്പ് നിലമുള്ളതുമായിരിക്കും. അദ്ദേഹത്തിലേക്ക് വല്ലവരും നിന്നെ മുൻകടക്കുന്നതിന് മുമ്പ് വേഗത്തിൽ ചെന്നെത്തി അദ്ദേഹത്തെ ആശ്ലേഷിക്കുക."

ത്വൽഹത് തുടരുന്നു: പുരോഹിതന്റെ വാക്കുകൾ എന്റെ മനസ്സിൽ തറച്ചു. ഞാൻ മക്കയിലേക്ക് കുതിച്ചു.

മക്കയിലെത്തിയ ഞാൻ അവിടെയുള്ളവരോട് ചോദിച്ചു: "വല്ലതും സംഭവിച്ചിട്ടുണ്ടോ?"

അവർ പറഞ്ഞു: "അബ്ദുല്ലയുടെ മകൻ മുഹമ്മദിന് പ്രവാചകത്വം ലഭിച്ചിരിക്കുന്നു. അബൂ ക്വുഹാഫയുടെ മകൻ അബൂബക്ർ മുഹമ്മദിനെ അനുഗമിച്ചിരിക്കുന്നു."

ഞാൻ അബൂബക്റിന്റെ അടുക്കൽ ചെന്നുകൊണ്ട് ചോദിച്ചു: "താങ്കൾ മുഹമ്മദിനെ സ്വീകരിച്ചുവോ?"

അബൂബക്ർ: "അതെ. താങ്കളും മുഹമ്മദിന്റെ അടുക്കൽ ചെല്ലുക. അദ്ദേഹത്തെ പിൻപറ്റുക; കാരണം അദ്ദേഹം സത്യത്തിലേക്കാണ് ക്ഷണിക്കുന്നത്."

ഞാൻ പ്രവാചക സവിധത്തിലെത്തി പറഞ്ഞു: ബുസ്റായിലെ പുരോഹിതൻ പറഞ്ഞത് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. അതിൽ പ്രവാചകൻ എറെ സന്തുഷ്ടി പ്രകടിപ്പിച്ചു.

ഞാൻ പ്രഖ്യാപിച്ചു: "അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹ്, വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്" (യഥാർഥ ആരാധ്യനായി അല്ലാഹു അല്ലാതെ മറ്റാരും ഇല്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ്, അല്ലാഹുവിന്റെ തിരുദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.)

"ഇതിന് മുമ്പ് നാം ആർക്ക് വേദഗ്രന്ഥം നൽകിയോ അവർ ഇതിൽ വിശ്വസിക്കുന്നു. ഇതവർക്ക് ഓതിക്കേൾപിക്കപ്പെടുമ്പോൾ അവർ പറയും: ഞങ്ങൾ ഇതിൽ വിശ്വസിച്ചിരിക്കുന്നു. തീർച്ചയായും ഇത് ഞങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമാകുന്നു. ഇതിനു മുമ്പു തന്നെ തീർച്ചയായും ഞങ്ങൾ കീഴ്പെടുന്നവരായിരിക്കുന്നു. അത്തരക്കാർക്ക് അവർ ക്ഷമിച്ചതിന്റെ ഫലമായി അവരുടെ പ്രതിഫലം രണ്ടുമടങ്ങായി നൽകപ്പെടുന്നതാണ്. അവർ നന്മ കൊണ്ട് തിന്മയെ തടുക്കുകയും, നാം അവർക്ക് നൽകിയിട്ടുള്ളതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യും. വ്യർഥമായ വാക്കുകൾ അവർ കേട്ടാൽ അതിൽ നിന്നവർ തിരിഞ്ഞുകളയുകയും ഇപ്രകാരം പറയുകയും ചെയ്യും: ഞങ്ങൾക്കുള്ളത് ഞങ്ങളുടെ കർമങ്ങളാണ്. നിങ്ങൾക്കുള്ളത് നിങ്ങളുടെ കർമങ്ങളും. നിങ്ങൾക്കു സലാം. മൂഢന്മാരെ ഞങ്ങൾക്ക് ആവശ്യമില്ല. (വിശുദ്ധ ക്വുർആൻ 28: 5255).

കെ.സഫ്‌വാൻ മുഹമ്മദ്, ആമയൂർ
mail@nerpatham.com





# നമ്മുടെ മാതാപിതാക്കൾ

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഏറെ ലഭിച്ചവരാണ് നാമേവരും. ഈ ലോകത്ത് മനുഷ്യനായി ജനിക്കാൻ കഴിഞ്ഞു എന്നത് തന്നെ വലിയൊരു അനുഗ്രഹമാണല്ലോ. അതിനു മുമ്പ് നാമെവിടെയായിരുന്നു? നമുക്ക് ഊഹിക്കാൻ കഴിയാത്ത വിധം ശൂന്യമായ ഒരു കാലം, ഒരു ലോകം നമുക്കുണ്ടായിരുന്നു. ഒമ്പത് മാസത്തിലേറെ കാലം നാം മാതാവിന്റെ ഗർഭാശയത്തിൽ സുഖമായി കഴിഞ്ഞുകൂടി. വളരെ സുരക്ഷിതമായി നമ്മെ അല്ലാഹു അവിടെ വെച്ച് വളർത്തി.

എന്നാൽ, നമ്മുടെ മാതാവ് അതേസമയം പ്രയാസമനുഭവിക്കുകയായിരുന്നു. എന്തിന്? നമുക്കുവേണ്ടി! നമ്മുടെ ജീവനുവേണ്ടി! അല്ലാഹു പറയുന്നു: "അവന്റെ മാതാവ് ക്ഷീണത്തിനുമേൽ ക്ഷീണത്തോടെ അവനെ (ഗർഭം) ചുമന്നു" (സൂറഃ ലുക്മാൻ:14). ഈ വാക്യം വളരെ വ്യക്തമാണ്. മാതാവ് ഗർഭിണിയായിരിക്കെ ഓരോ ചലനവും വളരെ സൂക്ഷിച്ചും പ്രയാസപ്പെട്ടുമായിരുന്നു ചെയ്തിരുന്നത്. സുഖത്തോടെ ഒന്ന് തല ചായ്ക്കാൻ വരെ അവർക്ക് സാധിച്ചിരുന്നില്ല. നമ്മെ പ്രസവിച്ചതോ? മരണ വേദനക്ക് തുല്യമായ വേദനയോടെ. ശാസ്ത്രം പറയുന്നു; 28 അസ്ഥികൾ ഒരേ സമയം മുറിയുന്നത്രയും കഠിനമായതാണ് പ്രസവവേദന എന്ന്! ഇതെല്ലാം ആർക്കുവേണ്ടിയാണ് അവർ സഹിച്ചത്? ഓർക്കുക, നമുക്ക് വേണ്ടി മാത്രം!

ഒരിക്കൽ ഖലീഫയായിരുന്ന ഉമർ(റ)വിന്റെ അടുക്കൽ വന്നുകൊണ്ട് ഒരാൾ ചോദിച്ചു: "എന്റെ മാതാവിന് വളരെയധികം പ്രായമായിരിക്കുന്നു. അവർക്ക് സ്വന്തമായി ഒന്നും ചെയ്യാൻ സാധ്യമല്ല. അതുകൊണ്ടുതന്നെ അവരെ ഞാൻ ചുമലിലേറ്റിയാണ് അവരുടെ പലകാര്യങ്ങളും നിർവഹിക്കാറുള്ളത്. എല്ലാ കാര്യത്തിനും അവർ എന്നെയാണ് ആശ്രയിക്കാറുള്ളത്. അതുകൊണ്ട് അവർ എനിക്ക് ചെറുപ്പത്തിൽ ചെയ്തു തന്ന കാര്യങ്ങൾക്ക് ഇത് പകരമാകുമോ?" അപ്പോൾ ഉമർ(റ) പറഞ്ഞു: "ഒരിക്കലുമില്ല! അവർ നിന്നെ വളർത്തിയതും പരിചരിച്ചതും വളരെ പ്രതീക്ഷയോടെയാണ്. നിന്റെ ഓരോ ഉയർച്ചയും അവർ സന്തോഷത്തോടെ വീക്ഷിച്ചിരുന്നു. എന്നാൽ, നീ അവരെ പരിചരിക്കുമ്പോൾ നീ ആഗ്രഹിക്കുന്നത് അവരുടെ ആയുസ്സ് വേഗം തീരാനാണ്."

അതുകൊണ്ട് നാമെത്ര നൻമകൾ ചെയ്താലും സഹായങ്ങൾ ചെയ്താലും അ

തവരുടെ കർമങ്ങൾക്ക് പകരമാവില്ല. ഒരിക്കൽ നബിﷺയുടെ അരികിൽ ഒരാൾ വരികയും ഞാൻ ഏറ്റവും നന്നായി പെരുമാറേണ്ടത് ആരോടാണെന്നു ചോദിക്കുകയും ചെയ്തു. തിരുനബിﷺ പറഞ്ഞു: 'നിന്റെ ഉമ്മയോട്.' അയാൾ ചോദിച്ചു: 'പിന്നെ ആരോട്?' നബിﷺ പറഞ്ഞു: 'നിന്റെ ഉമ്മയോട്.' ഇത് വീണ്ടും ആവർത്തിച്ചു. നാലാം തവണ അദ്ദേഹം ചോദിച്ചപ്പോൾ നബിﷺ പറഞ്ഞു: 'നിന്റെ ഉപ്പയോട്.'

ഉപ്പയെക്കാൾ ആദ്യത്തെ മൂന്ന് സ്ഥാനം നബിﷺ ഉമ്മക്ക് നൽകി. പിതാവ് സഹിക്കാത്ത മൂന്ന് കാര്യങ്ങൾ മാതാവ് സഹിച്ചിട്ടുണ്ട്. ഗർഭം ചുമന്നു, പ്രസവിച്ചു, മുലയൂട്ടി വളർത്തി. ഈ മൂന്നു കാര്യങ്ങൾ പിതാവിനു കഴിയാത്തതാണ്. അതിനാലാണ് മാതാവിന് ആദ്യ മൂന്നു സ്ഥാനം. ഈ മൂന്ന് സ്ഥാനം നമ്മളും അവർക്ക് നൽകണം. അവരെ നാം അനുസരിക്കണം. അവരോട് നല്ലരീതിയിൽ പെരുമാറണം.

എന്നാൽ, നാമേവരും വളരെ വേഗം കയർക്കുകയും ദേഷ്യപ്പെടുകയും ചെയ്യുന്നത് നമ്മോട് ദേഷ്യപ്പെടാത്ത, നമ്മെ സ്നേഹിക്കുന്ന മാതാവിനോടാണ്. അല്ലാഹു പറഞ്ഞു: "അവർ (മാതാപിതാക്കൾ) രണ്ടിലൊരാൾ അല്ലെങ്കിൽ രണ്ടാളും (തന്നെ) നിന്റെ അടുക്കൽ വെച്ച് വാർധക്യം പ്രാപിക്കുന്ന പക്ഷം അവരോട് 'ഛെ' എന്നു നീ പറയരുത്. അവരോട് കയർക്കുകയും ചെയ്യരുത്. അവരോട് നീ മാന്യമായ വാക്കു പറയുകയും ചെയ്യുക." (സൂറഃ അൽ ഇസ്റാഅ്:23).

'ക്രൂരനായ ഒരു ഭരണാധികാരിയുടെ മുന്നിൽ ഒരു ദാസൻ എത്രമാത്രം ഭയത്തോടെയും സൂക്ഷ്മതയോടെയും പെരുമാറുമോ, സംസാരിക്കുമോ അതുപോലെ മാതാപിതാക്കളോട് പെരുമാറണം' എന്ന് ഈ സൂക്തത്തിന്റെ വിശദീകരണത്തിൽ ക്വുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞതായി കാണാം.അതുകൊണ്ട് നാമൊരിക്കലും നമ്മുടെ മാതാപിതാക്കൾക്ക് തൃപ്തിയില്ലാത്ത ഒരു കാര്യവും ചെയ്തുകൂടാ. നമുക്കെതിരിൽ നമ്മുടെ ഉമ്മയെങ്ങാനും കൈ ഉയർത്തിയാൽ തീർച്ചയായും അത് അല്ലാഹു സ്വീകരിക്കുന്നതാണ്. അതിന്റെ ഫലം ഈ ലോകത്തുവെച്ചു തന്നെ നമുക്ക് അനുഭവിക്കേണ്ടിവരും. അതിൽ സംശയമില്ല.

ബനൂ ഇസ്റാഈൽ ഗോത്രത്തിലെ ഒരു പണ്ഡിതനായിരുന്ന ജുറൈജ് തന്റെ ആരാധനാ സ്ഥലത്ത് നമസ്കരിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഉമ്മയുടെ വിളി. ആശയക്കുഴപ്പത്തിലായ അദ്ദേഹം ആരാധനക്ക് മുൻതൂക്കം നൽകി നമസ്കാരത്തിൽ തുടർന്നു. ഉമ്മ തിരിച്ചുപോയി. അടുത്ത ദിവസവും ഇതാവർത്തിച്ചു. മൂന്നാം തവണയും ഉത്തരം ലഭിക്കാതെ ഉമ്മ മനംനൊന്ത് ജുറൈജിനെതിരെ അവിടെ വെച്ച് കൈയുയർത്തി. അത് സ്വീകരിക്കപ്പെടുകയും ജുറൈജ് അത് അനുഭവിക്കുകയും ചെയ്തു.

ഇതിൽ നിന്നും നാമുൾക്കൊള്ളേണ്ട വലിയൊരു പാഠമുണ്ട്. ഒരു മഹാപണ്ഡിതന് മാതാവിന്റെ ആവശ്യം നിറവേറ്റാൻ കഴിയാതിരുന്നത് ആരാധനയിലായതുകൊണ്ടായിരുന്നു. എന്നിട്ടും ആ മകനെതിരായുള്ള ഉമ്മയുടെ പ്രാർഥന അല്ലാഹു സ്വീകരിച്ചു. എങ്കിൽ നമുക്കെതിരായി നമ്മുടെ ഉമ്മ പ്രാർഥിച്ചാൽ എന്തായിരിക്കും ഫലം? അല്ലാഹു അത് സ്വീകരിക്കും. അതിനാൽ ഇസ്ലാമിനെതിരല്ലാത്ത ഏത് കാര്യത്തിലും നമ്മുടെ മാതാപിതാക്കളെ നാം അനുസരിക്കണം. നമുക്ക് വേണ്ടി നമ്മുടെമാതാപിതാക്കൾ പ്രാർഥിക്കണം. അതിന് നാം അവരുടെ തൃപ്തി നേടണം.

ഒരിക്കൽ മിമ്പറിൽ കയറുകയായിരുന്ന നബിﷺ മൂന്ന് തവണ 'ആമീൻ' എന്ന് പറയുകയുണ്ടായി. എന്തിനാണിതെന്ന അനുയായികളുടെ ചോദ്യത്തിനുത്തരമായി റസൂൽﷺ പറഞ്ഞു: ജിബ്രീൽ‍ؑ മൂന്ന് പ്രാർഥന ചൊല്ലുകയുണ്ടായി. ഞാനതിന് ആമീൻ പറഞ്ഞു. അതിൽ ഒന്ന് 'വൃദ്ധരായ മാതാപിതാക്കൾ ഉണ്ടായിട്ടും സ്വർഗം ലഭിക്കാത്തവൻ നശിക്കട്ടെ' എന്നായിരുന്നു."

ഓർക്കുക! പ്രാർഥിച്ചത് ജിബ്രീൽؑ, ആമീൻ പറഞ്ഞത് നബിﷺ. അതുകൊണ്ട് ആ ശാപക്കാരിൽ പെടാതിരിക്കാൻ നാം സൂക്ഷിക്കുക, പരിശ്രമിക്കുക. വൃദ്ധമാതാപിതാക്കൾ സ്വർഗം നേടാനുള്ള ഒരു വഴികൂടിയാണെന്നും നാമിതിൽ നിന്ന് മനസ്സിലാക്കണം.

എന്നാൽ, ഇന്ന് നാം കാണുന്നതെന്താണ്? വൃദ്ധസദനങ്ങൾ അധികരിച്ചു വരുന്നു. തെരുവുകളിൽ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധരുടെ എണ്ണം കൂടുന്നു. വിദ്യാഭ്യാസവും ജോലിത്തിരക്കുകളും കൂടുമ്പോൾ നൊന്ത് പെറ്റ മാതാവും മക്കൾക്കു വേണ്ടി അധ്വാനിച്ച് തളർന്ന പിതാവും ശല്യമായി മാറുന്നു! അങ്ങനെ മക്കൾ തങ്ങളുടെ സ്വർഗത്തിലേക്കുള്ള വഴി സ്വയം അടച്ചുകളയുന്നു.

നാം നമ്മുടെ മാതാപിതാക്കൾക്കു വേണ്ടി പ്രാർഥിക്കണം. അവരുടെ മരണശേഷവും അവർക്കുവേണ്ടി നമുക്കു ചെയ്യാൻ കഴിയുന്ന ഒന്നാണ് പ്രാർഥന. അല്ലാഹു പറഞ്ഞു: "...കാരുണ്യത്തോടുകൂടി എളിമയുടെ ചിറക് നീ അവർ ഇരുവർക്കും താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റി വളർത്തിയതു പോലെ ഇവരോട് നീ കരുണ കാണിക്കണമേ എന്ന് നീ പറയുകയും ചെയ്യുക" (സൂറഃ അൽ ഇസ്റാഅ്:24).

മാതാപിതാക്കളെ അനുസരിക്കുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും അവരെ പരിചരിക്കുകയും അവരുടെ തൃപ്തി ലഭിക്കുകയും ചെയ്യുന്ന, അവരിലൂടെ സ്വർഗം കരസ്ഥമാക്കാൻ കഴിയുന്ന സൽകർമികളായ മക്കളിൽ അല്ലാഹു നാമേവരെയും ഉൾപ്പെടുത്തി അനുഗ്രഹിക്കുമാറാകട്ടെ!

ഡോ. അബ്ദുറസാഖ് സുല്ലമി
mail@nerpatham.com

ലേഖനം



# പള്ളിനിർമാണം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ

**പ**ള്ളികൾ അല്ലാഹുവിന്റെ ഭവനങ്ങളാണ്. നബിﷺ മദീനയിൽ എത്തിയ ഉടനെ ചെയ്ത ദൗത്യം മസ്ജിദുന്നബവിയുടെ നിർമാണമാണ്. ഇബ്‌റാഹീംﷷ ഇറാഖിലെ ബാബിലോണിയായിലെ ഊർ ഗ്രാമത്തിൽനിന്നെത്തിയ ഉടനെ ഫലസ്തീനിലെ ഹൈബ്രോൺ ഗ്രാമത്തിൽ പള്ളിനിർമിക്കുകയാണ് ആദ്യം ചെയ്തത്.

പള്ളികൾ മുസ്‌ലിംകൾക്ക് നമസ്‌കരിക്കാനുള്ളത് മാത്രമല്ല. നബിﷺയുടെ പ്രവർത്തനകേന്ദ്രം തന്നെ പള്ളിയായിരുന്നു. അനേകം പള്ളികൾ നമ്മുടെ നാട്ടിൽ നിലവിലുണ്ട്. പുതിയ പള്ളികൾ ഉയർന്ന് കൊണ്ടേയിരിക്കുന്നു. എന്നാൽ ഇന്നും ശ്രദ്ധിക്കാത്ത ചില കാര്യങ്ങൾ ശ്രദ്ധയിൽപെടുത്താൻ വേണ്ടിയാണ് ഇത് എഴുതുന്നത്.

തൗഹീദ് അനുസരിച്ചുള്ള ഒരു സാമൂഹ്യ പ്രവർത്തനം നടത്താൻ പുതിയ ഒരു പള്ളി നിർമിച്ചേ തീരൂ എന്ന് തോന്നുന്ന ഘട്ടത്തിലാണ് ഒരു മഹല്ലിൽ പുതിയ പള്ളി നിർമിക്കേണ്ടത്. മാത്രമല്ല, സ്ഥലം കിട്ടിയാൽ കുറെ വർഷം അത് വെറുതെ ഇടരുത്. സ്ഥലത്തിന് സംഭാവന ചെയ്തവർ അവിടെ നമസ്‌കാരം നടക്കുന്നതിന് വേണ്ടിയാണല്ലോ അത് തന്നത്. അതിനാൽ മുപ്പതോ നാൽപതോ ലക്ഷങ്ങളുടെ പ്ലാനല്ല ആദ്യം ഇടേണ്ടത്. അമ്പതിനായിരമോ ഒരുലക്ഷമോ ചെലവാക്കി ഷെഡ്ഡ് കെട്ടി നമസ്‌കാരവും ജുമുഅയും തുടങ്ങുക. പിന്നെ

പണം കിട്ടുമ്പോൾ നല്ല ബിൽഡിംഗ് ഉണ്ടാക്കാം. സംഘടനാപരമായുള്ള ആവേശവും വാശിയുമായിരിക്കരുത് പള്ളിനിർമാണത്തിന്റെ പ്രേരണ. അല്ലാഹുവിന്റെ ദീനിന്റെ ഒരുപ്രവർത്തന കേന്ദ്രം എന്ന നിയ്യത്താണെങ്കിൽ മാത്രമെ അതിന് പരലോകത്ത് പുണ്യം ലഭിക്കുകയുള്ളൂ.

നബിﷺയുടെ കാലത്ത് പള്ളികൾക്ക് മിനാരമില്ല. നാല് ഖലീഫമാരുടെ കാലത്തും ഇല്ല. പിന്നീട് ഉമവിയ്യാ കാലത്താണ് മിനാരം ഉണ്ടായത്. അനേകം ബിൽഡിംഗുകൾക്കിടയിൽ നിന്ന് പള്ളി തിരിച്ചറിയാൻ ആവശ്യമായ ഒരു മിനാരം മതി. പ്രൗഢിക്ക് വേണ്ടിയാകരുത് മിനാരമുണ്ടാക്കുന്നത്.

ജമാഅത്ത് നമസ്കാരം കഴിഞ്ഞാൽ തിരക്കുള്ളവർക്ക് പോകാൻ പറ്റുന്ന വിധം പുറത്തിറങ്ങാൻ ക്വിബ്ലയുടെ ഭാഗത്ത് വാതിൽ ഉണ്ടാക്കണം. എങ്കിൽ വൈകി എത്തിയവർ അവരുടെ നമസ്കാരം പൂർത്തിയാക്കുന്നത് കാരണം ആളുകൾക്ക് ബ്ലോക്ക് ഉണ്ടാവില്ല.

എത്ര കടുത്ത വേനലിലും വുദൂഅ് ചെയ്യാൻ വെള്ളം പള്ളികളിൽ എത്തിക്കുന്നു. വുദൂഅ് എടുക്കുന്ന സ്ഥലം കുറച്ച് ഉയരത്തിൽ ഉണ്ടാക്കിയാൽ പള്ളി കോമ്പൗണ്ടിൽ കൃഷിയുണ്ടാക്കുകയോ, പൂന്തോട്ടം നിർമിക്കുകയോ ചെയ്ത് അതിലേക്ക് വുദൂഇന്റെ വെള്ളം തിരിച്ചുവിടാം. എന്നാൽ ഇപ്പോൾ എല്ലാ പള്ളികളും ഇക്കാര്യം ശ്രദ്ധിക്കാതെ വെള്ളം പാഴാക്കുകയാണ്.

കൂടുതൽ ഫണ്ട് ഉണ്ടെങ്കിൽ പള്ളിയുടെ പ്രാർഥനാ ഹാളിന് പുറമെ ഇമാമിന്റെ റൂം, ഗസ്റ്റ് റൂം, റീഡിംഗ് റൂം, ലൈബ്രറി, സംഘടനാ ഓഫീസ്, ഓഡിറ്റോറിയം എന്നിവയും ഉണ്ടാക്കാം. എങ്കിൽ പഠനക്ലാസ്സുകളോ ക്യാമ്പുകളോ ഉണ്ടാക്കുമ്പോൾ ആർക്കും അതിൽ പങ്കെടുക്കാം. മാത്രമല്ല, ജമാഅത്ത് നമസ്കാരങ്ങൾ മുടങ്ങുകയുമില്ല. പള്ളികൾ എപ്പോഴും സജീവമാവുകയും ചെയ്യും.

ഇപ്പോഴത്തെ അവസ്ഥയിൽ ഒരാൾക്ക് ടോയ്‌ലറ്റിൽ പോവണമെന്ന് തോന്നിയാൽ ടോയ്‌ലറ്റിന്റെ താക്കോലിന് ഇമാമിനെ തിരഞ്ഞ് നടക്കേണ്ട ഗതികേടാണ് ഉള്ളത്. ഇതിന് മാറ്റം വരണം. സോക്സ് അഴിക്കാതെ തന്നെ ഷൂ ഇട്ട് മൂത്രമൊഴിക്കാൻ സാധിക്കുന്ന വിധത്തിൽ ടോയ്‌ലറ്റുകൾ നിർമിക്കണം.


## രജിസ്ട്രേഷൻ ആരംഭിച്ചു

**ജാമിഅഃ അൽഹിന്ദ്, മിനി ഊട്ടി**

ജാമിഅഃ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യഃ ശരീഅഃ കോളേജിന്റെ 2017 - 18 അധ്യയന വർഷത്തേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു

**യോഗ്യത; SSLC, +2 (Passed only)**
**ആൺകുട്ടികൾക്ക് മാത്രം ❂ പൂർണമായും സൗജന്യം**

രജിസ്ട്രേഷൻ ഓൺലൈൻ വഴി മാത്രം
(www.jamiaalhind.com)

Jamia Al Hind Al Islamiya, Miny Ooty, Oorakam
Melmuri-PO, malappuram-Dt, Kerala, Pin: 676 519
Ph: 9961725725


സോക്സ് അഴിക്കാതെ തടവുന്നവർക്ക് സോക്സ് നനയാതെ വുദൂഅ് ചെയ്യാനും സൗകര്യം വേണം. മിക്ക ആളുകളും പാന്റ്സ് ഇടുന്നതിനാൽ യൂറോപ്യൻ ടോയ്‌ലറ്റും, ഹാന്റ് ഷവറും വേണം. പള്ളിപരിസരം കാടും പൊന്തയും പ്ലാസ്റ്റിക്കും പേപ്പറും നിറഞ്ഞ് കിടക്കരുത്. പൂന്തോട്ടവും പുൽമേടുമുണ്ടെങ്കിൽ മനസ്സുകളെ ആകർഷിക്കും.

അഞ്ച് നേരത്തെ ഇമാമത്ത് മാത്രമാവരുത് ഇമാമുകളുടെ ജോലി. പള്ളിയിൽ നിന്ന് അധികം ദൂരെയല്ലാത്ത സ്ഥലത്ത് പള്ളി ഇമാമിന് എന്തെങ്കിലും ജോലിനൽകിയാൽ ഇമാമിന്റെ സമയം നഷ്ടപ്പെടുകയില്ല. അദ്ദേഹത്തിന് ജീവിക്കാൻ മാന്യമായ വരുമാനവും കിട്ടും.

അടുക്കിവെക്കാവുന്ന കസേരകളും ഭാരം കുറഞ്ഞ ഡസ്കുകളും ഉണ്ടായാൽ പള്ളിയുടെ മുകളിൽ തന്നെ മദ്റസ നടത്താം.

ഇപ്പറഞ്ഞതിനെല്ലാം പണം ഉണ്ടായിട്ട് തുടങ്ങാം എന്ന് വിചാരിച്ച് കാത്തിരിക്കേണ്ട. ഷെഡ്ഡ് കെട്ടി പ്രവർത്തനം തുടങ്ങാം.

ശക്തമായ ഇസ്രായേൽ ബോംബിംഗിൽ പള്ളികൾ തകർന്നാൽ ഉടൻതന്നെ ഷെഡ്ഡ് കെട്ടി ജമാഅത്തും ജുമുഅയും നിർവഹിക്കുന്ന ഗസ്സാ നിവാസികൾ ഇക്കാര്യത്തിൽ നമുക്ക് മാതൃകയാണ്.

രണ്ടോ മൂന്നോ സ്വഫ്ഫിന് ആളുകൾ തികയാത്ത സ്ഥലങ്ങളിലും വലിയ പള്ളികൾ നിർമിക്കുന്ന ഏർപ്പാട് നിർത്തണം. ആവശ്യത്തിനനുസരിച്ചാണ് നിർമിക്കേണ്ടത്.

തന്റെ മക്കൾ പഠിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ആയിരങ്ങൾ ഫീസ് അടക്കാൻ മടിയില്ലാത്ത വ്യക്തികൾ പള്ളിക്കും ഇമാമിനും മദ്റസാ അധ്യാപകർക്കും അൽപം ശമ്പളം കൂട്ടുന്നതിനെ ശക്തിയായി എതിർക്കുന്നത് നീതിബോധമില്ലാത്ത പ്രവർത്തനമാണ്. പള്ളി ഇമാമിനും മദ്റസ അധ്യാപകർക്കും അർഹമായ ആദരവും മാന്യമായ ശമ്പളവും നൽകാൻ കമ്മിറ്റിക്കാർ തയ്യാറാവാത്തതാണ് ഈ രംഗത്തേക്ക് പഠിപ്പും യോഗ്യതയുമുള്ളവർ കടന്നുവരാതിരിക്കാൻ പ്രധാന കാരണം.

കമ്പ്യൂട്ടറുകൾ വളരെ വ്യാപകമാണെങ്കിലും ഇപ്പോഴും മദ്റസ പഠനരംഗം കമ്പ്യൂട്ടർവൽക്കരിച്ച് പരിഷ്കരിക്കുന്ന കാര്യത്തിൽ വളരെ പിന്നോക്കമാണ്. കുറച്ച് ബോധവും കാഴ്ചപ്പാടും ഉണ്ടെങ്കിൽ കുട്ടികൾക്ക് ബോറടിക്കാതെ മദ്റസ വിദ്യാഭ്യാസം കൂടുതൽ ഫലവത്താക്കാം. ●

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച



# സന്മനസ്സാണ് പ്രധാനം

ജോലിത്തിരക്കിനിടയിലാണു കൂട്ടുകാരന്റെ ഫോൺ വിളി വന്നത്. പത്രം വായിച്ചില്ലേ എന്നും ഇല്ലെന്ന് പറഞ്ഞപ്പോൾ വാട്സാപിലേക്ക് അയച്ചിട്ടുണ്ടെന്നും മറുപടി. അവൻ വളരെ വിഷമത്തിലായിരുന്നു. കുറെ കഴിഞ്ഞ് അവൻ നേരിട്ട് വന്നു. അപ്പോഴും ഞാൻ വായിച്ചിട്ടില്ലായിരുന്നു. അന്ന് പത്രത്തിൽ വന്ന, ആസ്തമ രോഗിയായ അമ്മയും ഹൃദ്രോഗിയായ അഞ്ച് വയസ്സുകാരിയും പ്ലാസ്റ്റിക് ഷീറ്റുകൊണ്ട് മറച്ച അടച്ചുറപ്പില്ലാത്ത വീട്ടിൽ ദുരിത ജീവിതം നയിക്കുന്നതിന്റെ വാർത്തയാണ് അവൻ പങ്കുവെച്ചത്. ആ കുട്ടിയിൽ അവൻ കണ്ടത് അവന്റെ മോളെയായിരുന്നു. ഉടനെ എന്തെങ്കിലും ചെയ്യണമെന്നും ഒരു നാലക്ക തുക താൻ മാറ്റിവെച്ചിട്ടുണ്ടെന്നും അവൻ പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു നിർത്തി.

സഹായിക്കാൻ കൂട്ടുകാർ രണ്ടുപേർ കൂടിയുണ്ടെന്നും അന്ന് തന്നെ ആ വീട്ടുകാരെ കണ്ടെത്തി സഹായം എത്തിക്കണമെന്നും എക്കൗണ്ടന്റ് സ്ഥാപനം നടത്തുന്ന അവൻ നിർബന്ധം പിടിച്ചു. മാറ്റിവെച്ച പണം വകമാറ്റി ചെലവഴിക്കരുതെന്നും ചെറിയ തുക നൽകുന്നത് താൽകാലിക ആശ്വാസം മാത്രമെ ആകൂവെന്നും ആ കുടുംബത്തിന്റെ വേദനക്കൊരു സ്ഥിര സംവിധാനത്തെക്കുറിച്ച് ആലോചിക്കാമെന്നും ഞാൻ പറഞ്ഞപ്പോൾ അവൻ തിരിച്ചുപോയി.

സാമൂഹ്യപ്രവർത്തകനായ മറ്റൊരു കൂട്ടുകാരനുമായി ചർച്ച ചെയ്ത് വേണ്ടത് ആലോചിച്ചു ചെയ്യാമെന്ന വിവരം ഞാൻ അന്ന് രാത്രി സുഹൃത്തിനെ വിളിച്ചറിയിച്ചു. ഇടക്കിടെ എന്തായിയെന്ന് ചോദിച്ച് എന്നെ അവൻ അലട്ടിക്കൊണ്ടേയിരുന്നു.

ഒരു ഞായർ ഒഴിവിൽ കൂടുതൽ കൂട്ടുകാരുമായി ആ ഓലപ്പുരയിൽ ഞങ്ങളെത്തി. വായിച്ചറിഞ്ഞതിനെക്കാൾ വേദനിപ്പിക്കുന്നതായിരുന്നു നേർകാഴ്ച. ഒരു ചെറു കാറ്റു വീശിയാൽ പൊളിഞ്ഞു പോകാവുന്ന, ഒരു അരണക്കുപോലും കീറാവുന്ന ദുർബലമായ കനം കുറഞ്ഞ പ്ലാസ്റ്റിക് ഷീറ്റായിരുന്നു ചുമരും മേൽകൂരയുമെല്ലാം. മോളുടെ പഠന ചെലവും കുടുംബത്തിന്റെ ചെലവും വഹിക്കുമെന്ന് അവിടെവെച്ചുതന്നെ സാമൂഹ്യ പ്രവർത്തകനായ കൂട്ടുകാരൻ നേരിട്ട് അറിയിച്ചു. ഞങ്ങൾ അവിടെ വെച്ച് തന്നെയൊരു കൂടിയാലോചന നടത്തി. അവിടുത്തെ നാട്ടു പ്രമുഖരെയും പള്ളി ഭാരവാഹികളെയും കണ്ട് ചർച്ച നടത്തി ആത്മവിശ്വാസം നൽകി. കൂട്ടായി പ്രവർത്തിച്ചാൽ ലക്ഷ്യം നേടാൻ കഴിയുമെന്ന് മുൻ അനുഭവത്തിന്റെ വെളിച്ചത്തിൽ വീശദീകരിച്ചു. എങ്ങനെയൊക്കെ തുടങ്ങണമെന്നും മറ്റും വിശദമായി സംവദിച്ചു. മാറി നിന്നാൽ, കണ്ണടച്ചാൽ പടച്ചവനോട് നാളെ മറുപടി പറയേണ്ടി വരുമെന്ന് ഓർമിപ്പിച്ചു. മടങ്ങിയപ്പോൾ വല്ലാത്ത ആശ്വാസവും പ്രതീക്ഷയുമായിരുന്നു മനസ്സിൽ. അതിലേറെ ആശ്വാസമായിരുന്നു എക്കൗണ്ടന്റ് സുഹൃത്തിന്.

നാട്ടിൽ, പള്ളിയിൽ ചർച്ചക്കൊടുവിൽ ഞങ്ങൾക്ക് വിളിയെത്തി. നാട്ടുകാരുടെ മീറ്റിംഗ് വിളിച്ചിരിക്കുന്നു; എത്തണം, നിയന്ത്രിക്കണം എന്നായിരുന്നു അഭ്യർഥന. കൂടുതൽ കൂട്ടുകാരുമായി ഞങ്ങൾ എത്തി. എല്ലാവരും സംസാരിച്ചു. കമ്മിറ്റിയായി. എഞ്ചിനീയറായ കൂട്ടുകാരൻ നിമിഷ നേരം കൊണ്ട് എസ്റ്റിമേറ്റ് ഉണ്ടാക്കി അവതരിപ്പിച്ചു. പണമായി, കല്ലായി, സിമന്റായി, മണലായി, കായികാധ്വാനമായി വാഗ്ദാനങ്ങൾ സദസ്സിൽ നിന്ന് ഒഴുകിയെത്തി. ഞങ്ങളും ആകുന്നത് വാഗ്ദാനം ചെയ്തു. അക്കൗണ്ടന്റ് സുഹൃത്ത് പഴയ നാലക്കത്തിൽനിന്ന് ആറക്കത്തിലേക്കെത്തി. പറഞ്ഞറിയിക്കാനാവാത്ത സന്തോഷം; എല്ലാവർക്കും!

ബാങ്ക് അക്കൗണ്ട് തുടങ്ങി. വീട്പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. പ്രാർഥനകൾ ആവശ്യപ്പെടുന്നു.


ഒന്നൊരുങ്ങിയാൽ നമുക്ക് പലതും ചെയ്യാനാവും. നന്മയിൽ സഹകരിക്കാൻ നിരവധി നല്ല മനസ്സുകൾ കാത്തിരിപ്പുണ്ട്; മതത്തിന്റെയും പാർട്ടിയുടെയും വേലിക്കെട്ടുകൾ നോക്കാതെ തന്നെ. നന്മയുടെ വഴിയിൽ ചരിക്കുന്നവർക്ക് പടച്ചവന്റെ കാരുണ്യ കടാക്ഷം കിട്ടാതിരിക്കില്ല. ഒരുമ്പെടാൻ ഒരു മനസ്സ് വേണമെന്ന് മാത്രം.

“അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിലൂടെ നീ പരലോകവിജയം തേടുക. ഐഹികജീവിതത്തിൽ നിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നൻമ ചെയ്തത് പോലെ നീയും നൻമചെയ്യുക. നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുന്നതല്ല.” (ക്വുർആൻ: 28:77)

കൂട്ടായ്മ

മലയാളക്കരയിലെ മുസ്‌ലിം നവോത്ഥാന ചരിത്രം: 5

മുബാറക് ബിൻ ഉമർ
mail@nerpatham.com



# വിമർശനങ്ങളും ഖണ്ഡനങ്ങളും സഹിഷ്ണുതയോടെ

നമ്മുടെ മുൻഗാമികളായ പണ്ഡിതന്മാരും നേതാക്കളും പരസ്പരം ആദരവും സൗഹൃദവും കാത്തുസൂക്ഷിക്കുന്നവരായിരുന്നു. വൈജ്ഞാനിക വിഷയങ്ങളിൽ അഭിപ്രായ വ്യത്യാസമുണ്ടാവുക സ്വാഭാവികമാണല്ലോ. അങ്ങനെയെന്തെങ്കിലും ഉണ്ടായാൽ അതിൽ സ്വാഭാവികമായും വിമർശനമുണ്ടാകും. അവർ വിമർശനത്തെയും ഖണ്ഡനത്തെയും സഹിഷ്ണുതയോടെയാണ് കണ്ടിരുന്നത്. അഭിപ്രായവ്യത്യാസമുള്ള വിഷയങ്ങളിൽ ക്വുർആനിലേക്കും സുന്നത്തിലേക്കും മടങ്ങുവാൻ അവർക്കൊരു സങ്കോചവുമുണ്ടായിരുന്നില്ല. സലഫികൾക്കുണ്ടാകേണ്ട വിശാലമനസ്സും സഹിഷ്ണുതയും അവർക്കുണ്ടായിരുന്നു എന്നർഥം.

കർമശാസ്ത്രപരമായ ഭിന്നാഭിപ്രായങ്ങൾ പരസ്യമായിത്തന്നെ അവർ പ്രകടിപ്പിച്ചിരുന്നു. അവരത് സ്വന്തം പ്രസിദ്ധീകരണത്തിൽ പ്രസിദ്ധീകരിക്കുക കൂടി ചെയ്തിരുന്നു എന്ന് പറയുമ്പോൾ സംഘടനാ പക്ഷപാതികൾക്ക് അതിശയം തോന്നാം! വിശ്വസിക്കാൻ പ്രയാസം തോന്നാം! സമുന്നത പണ്ഡിതനായിരുന്ന എം.സി.സി. അഹ്മദ് മൗലവി (എം.സി.സി അബ്ദുർറഹ്മാൻ മൗലവിയുടെ ജ്യേഷ്ഠ സഹോദരൻ)യുടെ അഭിപ്രായങ്ങളെ ഖണ്ഡിച്ചുകൊണ്ട് കെ. ഉമർ മൗലവി കെ.എൻ.എമ്മിന്റെ ഔദ്യോഗിക ജിഹ്വയായ അൽമനാറിൽ തുടർച്ചയായി ലേഖനങ്ങളെഴുതി. 1953ലാണത്. അതു കാരണമായി അവർ തമ്മിൽ ഒരു പിണക്കവുമുണ്ടായില്ല. ഉമർ മൗലവിയുടെ ഭാര്യയുടെ അടുത്ത ബന്ധുവായിരുന്നു അഹ്മദ് മൗലവി. സ്ത്രീകൾക്ക് ജുമുഅ നമസ്കാരം നിർബന്ധമാണ് എന്ന വാദമുണ്ടായിരുന്നു അഹ്മദ് മൗലവിക്ക്. കെ.എൻ.എമ്മിന്റെ ജനറൽ സെക്രട്ടറിയായി ദീർഘകാലം സേവനമനുഷ്ഠിച്ച എ.കെ. അബ്ദുല്ലത്വീഫ് മൗലവിയും ഉമർ മൗലവിയും വെള്ളിയാഴ്ച പെരുന്നാൾ വന്നാൽ ജുമുഅ നമസ്കരിക്കുന്നതിന്റെ മതവിധിയെപ്പറ്റി അഭിപ്രായ ഭിന്നതയുണ്ടായി. ആ ഭിന്നാഭിപ്രായങ്ങൾ അവർ തുറന്ന് പ്രകടിപ്പിച്ചു. അതിന്റെ പേരിൽ അവർ ബഹിഷ്കരണം പ്രഖ്യാപിച്ചില്ല. സീഫുഡ്സ് കയറ്റുമതി ചെയ്തിരുന്ന കമ്പനികളുണ്ടായിരുന്നു കൊച്ചിയിലെ സമ്പന്ന മുസ്‌ലിം കുടുംബങ്ങളിലെ സേട്ടുമാർക്ക്. കൂട്ടത്തിൽ തവള മാംസം കയറ്റി അയക്കുന്ന കാര്യം അവർ ആലോചിച്ചു. സലഫീ ആദർശക്കാരായിസേട്ടുമാരിൽ ചിലർ വിഷയം കെ.ജെ.യു.വിന് വിട്ടു. കെ.ജെ.യു കാര്യം ചർച്ചക്കെടുത്തു. വിഷയത്തിൽ അഭിപ്രായ ഭിന്നതയുണ്ടായി. ചർച്ച നടത്താൻ തീരുമാനിച്ചു. 1976 ജൂലായ് മാസത്തിൽ, തവളയിറച്ചി ഹലാലല്ല എന്ന് ഒരു ഹദീഥിന്റെ അടിസ്ഥാനത്തിൽ സമർഥിച്ചുകൊണ്ട് ഉമർ മൗലവി പ്രബന്ധമവതരിപ്പിച്ചു. അതിനെ ഖണ്ഡിച്ചുകൊണ്ട്പ്രബന്ധമെഴുതിയത് അന്നത്തെ ജംഇയ്യത്തുൽ ഉലമാ പ്രസിഡന്റ് ശെയ്ഖ് മുഹമ്മദ് മൗലവിയായിരുന്നു. മദീനത്തുൽ ഉലൂമിന്റെ പഴയ ലൈബ്രറി ഹാളിൽ ആ ചർച്ച നടപ്പോൾ അന്ന് അവിടെ ഒരു വിദ്യാർഥിയായിരുന്ന ഞാനും കേൾവിക്കാരനായി ഉണ്ടായിരുന്നു.

സിഹ്‌റിന് യാഥാർഥ്യമുണ്ടോ, മാസപ്പിറവി - കണക്കും കാഴ്ചയും, ക്രിസ്ത്യാനികളുടെ ത്രിയേകത്വം തുടങ്ങിയ വിഷയങ്ങൾ വിശദമായി ചർച്ച ചെയ്തവയിൽ ചിലതുമാത്രം. മാസപ്പിറവി കാണാൻ സാധ്യതയില്ലാത്ത ദിവസം മാസം കണ്ടുവെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നോമ്പും പെരുന്നാളും യാഥാസ്ഥിതിക നേതൃത്വം നിശ്ചയിച്ചിരുന്ന ഒരു കാലഘട്ടം. മാസപ്പിറവി കണ്ട് നോമ്പും പെരുന്നാളും നിശ്ചയിക്കുന്നതിന്റെ രൂപം എങ്ങനെ? കാഴ്ചക്ക് എന്താണതിൽ പ്രാധാന്യം? കണക്ക് പരിഗണിക്കണമോ? കാണാൻ സാധ്യത ഒരിക്കലുമില്ലാത്ത ദിവസം മാസപ്പിറവി കണ്ടുവെന്ന് പറഞ്ഞാൽ എന്തുചെയ്യണം? ഈ പ്രശ്നങ്ങൾ കെ.ജെ.യു. ഗൗരവത്തോടെ ചർച്ച ചെയ്തു. ഒടുവിൽ ഒരു നിലപാട് സ്വീകരിച്ചു. ഹിലാൽ കമ്മിറ്റി രൂപീകരിക്കുന്നത് അങ്ങനെയാണ്. വിഷയം ജനങ്ങളെ വിശദമായി പഠിപ്പിക്കുകയും ചെയ്തു.

ദഅ്‌വത്ത് രംഗത്ത് നേരിടുന്ന പുത്തൻ വാദങ്ങൾ ചർച്ച ചെയ്യാനും മുസ്‌ലിയാക്കൾ അവതരിപ്പിക്കുന്ന പുത്തൻ വാദങ്ങളെ വിശകലനം ചെയ്യാനും കെ.ജെ.യു. ശ്രദ്ധിച്ചിരുന്നു. ശിർക്കിനും ഖുറാഫാത്തുകൾക്കും ബിദ്അത്തുകൾക്കും പല പുതിയ രേഖകളും ദുർവ്യാഖ്യാനത്തിലൂടെ അവതരിപ്പിച്ച് പൊതുജനത്തെ തെറ്റിദ്ധരിപ്പിച്ച് തങ്ങളുടെ കൂടെ നിർത്താൻ പാടുപെട്ടിരുന്നു യാഥാസ്ഥിതിക പണ്ഡിതന്മാർ. ആ ദുർവ്യാഖ്യാനങ്ങളെ പ്രമാണബദ്ധമായി ഖണ്ഡിക്കാൻ കിതാബുകൾ നോക്കാനും ചർച്ചചെയ്യാനും കെ.ജെ.യു.വിന്റെ ആഭിമുഖ്യത്തിൽ ഇസ്‌ലാഹീ പണ്ഡിതന്മാർ പുളിക്കൽ ഒത്തുകൂടാറുണ്ടായിരുന്നു. അത് 2012വരെ തുടർന്ന് പോന്നിട്ടുണ്ട്.

1990കളിൽ കേരളത്തിലെ ഇസ്‌ലാഹീ പ്രസ്ഥാനത്തിനുള്ളിൽ ചില അഭിപ്രായവ്യത്യാസങ്ങൾ ഉരുണ്ടുകൂടുകയുണ്ടായി. സംഘടനയുടെ യുവ വിഭാഗത്തിലെ ഒരു പ്രത്യേക വിംഗ് (വളണ്ടിയർ കോർ - വി.സി. എന്ന പേരിലാണവർ അറിയപ്പെട്ടത്) ഗൂഢമായ പ്രവർത്തങ്ങളും പരിപാടികളും ആവിഷ്കരിച്ചു. സംഘടനക്കുള്ളിൽ സംഘടനയെ നിയന്ത്രിക്കാൻ വരെ ശക്തിയുള്ള ഒരു വിഭാഗമായിത്തീർന്നു അവർ. മുജാഹിദ് പ്രസ്ഥാനം നാളിതുവരെ തുടർന്നു വന്ന പല നയനിലപാടുകളോടും അവർക്ക് ഭിന്നതയുണ്ടായി. പ്രമാണങ്ങൾ സ്വീകരിക്കേണ്ടത് സലഫീമൻഹജ് അനുസരിച്ചായിരിക്കണം എന്ന നിലപാടിനെ അവർ എതിർത്തു. ക്വുർആൻ, സുന്നത്ത്, ഇജ്മാഅ്, ക്വിയാസ് എന്നീ നാലു പ്രമാണങ്ങൾക്ക് പുറമെ സലഫീ മൻഹജ് എന്നൊരു അഞ്ചാം പ്രമാണം പുതിയതായി കൂട്ടിച്ചേർക്കുകയാണ് എന്നും അതൊരു ഗൾഫ് ഇറക്കുമതിയാണ് എന്നും അവർ ആരോപിച്ചു. ശിർക്കിനെയും ബിദ്അത്തിനെയും എതിർക്കേണ്ടത് തന്നെ; എങ്കിലും ശൈലി ഒന്ന് മയപ്പെടുത്തണം, സാമൂഹ്യ സേവന-ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുക്കണം എന്നും അവർ പറഞ്ഞു. സംഗീതം, കണ്ണേറ്, സിഹ്ർ, പിശാച് ബാധ തുടങ്ങിയ വിഷയങ്ങളിലും അവർ സലഫികളുമായി ഭിന്നിച്ചു. ഒട്ടനവധി ഹദീഥുകളെ തള്ളിക്കളയാനും അവരെ നയിക്കുന്ന പണ്ഡിതന്മാർക്ക് ഒരു സങ്കോചവുമുണ്ടായില്ല. ഗൾഫിലും മറ്റും സുറൂറിസം പ്രചരിച്ചുവന്നതും ഇതേകാലത്തായിരുന്നു. അതിന്റെ അലയൊലികൾ കേരളക്കരയിലുമെത്തി. ഭിന്നതകൾ പുറത്തുവരാൻതുടങ്ങി. നേതാക്കളിൽ നിന്ന് സാധാരണക്കാരിലേക്ക് അത് പടർന്നു. ഒടുവിൽ ഭിന്നതയുള്ള വിഷയം ചർച്ച ചെയ്യാൻ തീരുമാനമായി. കെ.ജെ.യു. സജീവമായി രംഗത്തു വന്നു. വിശദമായ ചർച്ച നടത്തി. പതിനെട്ട് വിഷയങ്ങൾ... അവയെല്ലാം കൃത്യമായി എഴുതി രേഖപ്പെടുത്തി. ഇരു വിഭാഗത്തു നിന്നും ചർച്ചയിൽ പങ്കെടുത്ത ഇരുപത്തൊന്ന് പണ്ഡിതന്മാർ ഒപ്പിട്ട രേഖ പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഭിന്നാഭിപ്രായമുണ്ടായ വിഷയങ്ങളെക്കുറിച്ച് ഈ രൂപത്തിൽ വ്യവസ്ഥാപിതമായും വിശദമായും ചർച്ചചെയ്ത് തീരുമാനമെടുത്ത ഒരു ചരിത്രം അതിനു മുമ്പോ പിമ്പോ ഉണ്ടായിട്ടില്ലെന്ന് വേണം പറയാൻ. ഭിന്നത പരിഹരിക്കാൻ ജംഇയ്യത്തുൽ ഉലമ പരമാവധി പരിശ്രമം നടത്തി എന്നതാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. ആ രേഖ താഴെ കൊടുക്കുന്നു:

2001 ജൂൺ 4ന് പുളിക്കൽ മദീനത്തുൽ ഉലൂമിൽ ചേർന്ന കേരള ജംഇയ്യത്തുൽ ഉലമ നിർവാഹക സമിതി യോഗ തീരുമാനങ്ങൾ

മാന്യരേ, അസ്സലാമുഅലൈക്കും.

അടുത്തകാലത്തായി നമ്മുടെ പ്രവർത്തകർക്കിടയിലുണ്ടായ ആദർശ രംഗത്തെ അഭിപ്രായഭിന്നതകൾ സംഘടനയുടെ സുഗമമായ പ്രവർത്തനത്തിന് ഒട്ടേറെ പ്രയാസങ്ങൾ സൃഷ്ടിച്ചത് താങ്കൾക്കും അറിയാമല്ലോ.

അവ പണ്ഡിതോചിതമായി പരിഹരിക്കുന്നതിനു വേണ്ടി സംഘടനാ നേതൃത്വം കോർഡിനേഷൻ വകുപ്പ് മുഖേന ശ്രമങ്ങളാരംഭിച്ചു. നേരത്തെയുള്ള മാധ്യസ്ഥ നിർദേശങ്ങളിലെ മാർഗരേഖയനുസരിച്ചു തന്നെ നമ്മുടെ പണ്ഡിതസഭയായ കേരള ജംഇയ്യത്തുൽ ഉലമായിൽ നിന്നാണ് ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം തേടേണ്ടത്.

ആയതിനാൽ, നേതൃതലത്തിൽ പലതവണ കൂടിയാലോചനകൾ നടന്നു. തുടർന്ന് ബന്ധപ്പെട്ടവർക്കെല്ലാം സ്വീകാര്യമായ ഒരു ഫോർമുല തയ്യാറാക്കുകയും അത് ജംഇയ്യത്തുൽ ഉലമാ അംഗീകരിക്കുകയും ചെയ്തു.

27-4-2001ന് ഇരു വിഭാഗത്തിൽ നിന്നും അഞ്ചുവീതം പണ്ഡിതന്മാർ ചേർന്ന് ഭിന്നതയുള്ള പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ വേണ്ട നടപടിക്രമങ്ങളും വ്യവസ്ഥകളും അംഗീകരിച്ചു. അനന്തരം, ഓരോ വിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പത്ത് വീതം പണ്ഡിതന്മാർ ചേർന്ന് ഭിന്നതയുള്ള വിഷയങ്ങളെക്കുറിച്ച് 16-5-2001ന് പ്രബന്ധങ്ങൾ അവതരിപ്പിച്ച് കൈമാറി. പ്രസ്തുത പ്രബന്ധങ്ങളെ കൂടുതൽ പഠനത്തിന് വിധേയമാക്കി. 23-5-2001ന് ഓരോ പ്രബന്ധം കൂടി ഇരു വിഭാഗവും അവതരിപ്പിച്ചു. ശേഷം 26-5-2001ന് കേരള ജംഇയ്യത്തുൽ ഉലമാ നിർവാഹക സമിതിയുടെ സാന്നിധ്യത്തിൽ പ്രബന്ധങ്ങളിലെ വിഷയങ്ങളെ സംബന്ധിച്ച് ഇരു വിഭാഗങ്ങളിലെയും 10

വീതമുള്ള പണ്ഡിതന്മാർ മുഖാമുഖം ചർച്ചയും നടത്തി.

4-6-2001 ന് ചേർന്ന കേരള ജംഇയ്യത്തുൽ ഉലമാ നിർവാഹകസമിതിയുടെ മുഴുവൻ അംഗങ്ങളും പങ്കെടുത്ത യോഗം, പ്രസ്തുത വിഷയങ്ങളെക്കുറിച്ച് ഏകകണ്ഠമായ തീരുമാനമെടുക്കുകയും ചെയ്തു. ഈ തീരുമാനങ്ങൾ ബന്ധപ്പെട്ടവരെ അറിയിക്കാൻ 23-6-2001 ന് ചേർന്ന കെ. എൻ. എം. ഭരണസമിതി തീരുമാനിച്ചു. തൗഹീദ് പ്രബോധനരംഗത്ത് പ്രവർത്തിക്കുന്ന നമ്മുടെ ഈ മഹത്തായ പ്രസ്ഥാനത്തെ ഏകോപിപ്പിക്കുവാനും മുഴുവൻ അംഗങ്ങൾക്കും സ്വീകാര്യമായ തീരുമാനങ്ങളെടുക്കുവാനും അനുഗ്രഹിച്ച അല്ലാഹുവിനാണ് സർവസ്തുതിയും.

എന്നാൽ, പരലോക ചിന്തയോടെ അല്ലാഹുവിന്റെ വിചാരണ ഭയപ്പെട്ടുകൊണ്ട് സംഘടിപ്പിക്കപ്പെട്ട ഈ ചർച്ചയെ സംബന്ധിച്ച് നിരുത്തരവാദപരവും അസത്യജഡിലവുമായ ഒരു ക്ഷുദ്രകൃതി സലഫി പബ്ലിക്കേഷൻ എന്ന പേരിൽ നാഥനില്ലാതെ വിതരണം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഐക്യത്തെ വെറുക്കുന്ന ദുശ്ശക്തികളാണ് ഇതിനു പിന്നിലുള്ളത്. ഇത്തരം നീക്കങ്ങളെ പൂർണമായും നാം അവഗണിക്കേണ്ടതാണ്.

ഈ പ്രശ്നത്തിലുള്ള സംഘടനയുടെ അവലംബരേഖ കൂടിയായ കേരള ജംഇയ്യത്തുൽ ഉലമായുടെ ഏകകണ്ഠമായ തീരുമാനത്തിന്റെ ശരിപ്പകർപ്പ് ചുവടെ ചേർക്കുന്നു. പ്രസ്തുത തീരുമാനങ്ങൾ സ്വീകരിച്ചുകൊണ്ട് കൂടുതൽ ഐക്യത്തോടെ പ്രബോധന രംഗത്ത് ശക്തമായി പ്രവർത്തിക്കാൻ എല്ലാവരോടും അഭ്യർഥിക്കുകയും ചെയ്യുന്നു.

പ്രാർഥനയോടെ,

കെ.എൻ.എം കോർഡിനേഷൻ വകുപ്പിനു വേണ്ടി,
ടി.പി. അബ്ദുല്ലക്കോയ മദനി (ഒപ്പ്)
(പ്രസി. കേരള നദ്‌വത്തുൽ മുജാഹിദീൻ)

(കെ.എൻ.എം. കോർഡിനേഷൻ വകുപ്പിന്റെ ആവശ്യപ്രകാരം കേരള ജംഇയ്യത്തുൽ ഉലമാ നിർവാഹകസമിതിയുടെ അംഗീകാരത്തോടെ നടന്ന പണ്ഡിത ചർച്ചയുടെ തുടർച്ചയായി തീരുമാനത്തിന് വേണ്ടി 2001 ജൂൺ 4 ന് മദീനത്തുൽ ഉലൂം ലൈബ്രറിയിൽ ചേർന്ന കെ.ജെ.യു. നിർവാഹകസമിതി യോഗത്തിന്റെ മിനുട്സ്).

അധ്യക്ഷവേദിയിൽ നിന്ന് ജ. ടി.പി. അബ്ദുല്ലക്കോയ മദനി യോഗത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിച്ചു. നിർഭാഗ്യകരമായി നമ്മുടെ പ്രസ്ഥാനത്തിനുള്ളിൽ ഉണ്ടായ ഭിന്നത എത്രയും വേഗം അവസാനിപ്പിക്കാനുള്ള തീരുമാനം ഈ സമിതിയിൽ നിന്നുണ്ടാവണമെന്ന് അദ്ദേഹം അഭ്യർഥിച്ചു. പ്രസീഡിയത്തിന്റെ പ്രത്യേക അനുമതിയോടെ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി താഴെ പറയുന്ന കാര്യങ്ങൾ വിശദീകരിച്ചു:

ശബാബ് എഡിറ്റോറിയലിൽ പൊതുതാൽപര്യമേഖല കണ്ടെത്തുന്നതിനെ സംബന്ധിച്ച് എഴുതിയത് ഒരു പ്രത്യേക സന്ദർഭത്തിൽ സ്വന്തമായി തോന്നിയ ആശയങ്ങളുടെ അടിസ്ഥാനത്തിലാണ്. സംഘങ്ങളോ വ്യക്തികളോ അങ്ങനെ എഴുതാൻ ആവശ്യപ്പെടുകയോ ആരുമായും ഇതു സംബന്ധിച്ച് ചർച്ച നടത്തുകയോ ചെയ്തിട്ടില്ല. അതിലെ തെറ്റുകൾക്ക് ഞാൻ മാത്രമാണ് ഉത്തരവാദി, അതിനെ ന്യായീകരിക്കാൻ ആരോടും ആവശ്യപ്പെട്ടിട്ടുമില്ല. അതിലെ തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് കിട്ടിയ കുറിപ്പുകൾ ശബാബ് പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. എഡിറ്റോറിയൽ ഒരു പുസ്തകമാക്കിയപ്പോൾ പ്രസ്തുത ലേഖനം ഒഴിവാക്കിയിട്ടുമുണ്ട്.

ഖർദാവിയുടെ ലേഖനം ഖത്തറിൽ നിന്ന് എം.എം. നദ്‌വി പരിഭാഷപ്പെടുത്തി അയച്ചു തന്നത് ഒരു റിപ്പോർട്ട് എന്ന നിലയിൽ പ്രസിദ്ധീകരിക്കാൻ മാത്രമെ ഞാൻ നിർദേശിച്ചിട്ടുള്ളൂ. എന്നാൽ അത് ഒന്നാം പേജിൽ വന്നത് എന്റെ അറിവോടെയല്ല. അതിലെ ആശയങ്ങൾ തെറ്റാണെന്ന് വിശദീകരിച്ചുകൊണ്ട് രക്ഷാകർതൃത്വം, വിധികർതൃത്വം, ആരാധ്യത എന്ന തലക്കെട്ടിൽ എന്റെ ലേഖനം ശബാബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇസ്‌ലാം ഒന്നാം വാല്യത്തിൽ അല്ലാഹുവിന്റെ സ്വിഫതിനെ സംബന്ധിച്ച് സലഫി ആശയങ്ങൾക്ക് വിരുദ്ധമായി യാതൊന്നും പ്രസിദ്ധീകരിക്കാൻ എഡിറ്റോറിയൽ ബോർഡ് തീരുമാനിച്ചിട്ടില്ല. അതിന്റെ ലേഖകൻ തെറ്റു തിരുത്താൻ ആവശ്യപ്പെടുകയും ആ വിവരം യുവത ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

അല്ലാഹുവിന്റെ സ്വിഫതുകളെ സംബന്ധിച്ച് തഅ്‌വീൽ നൽകണം എന്ന് സമർഥിക്കുന്ന ഡോ. ഇ.കെ. അഹ്മദ് കുട്ടിയുടെ ലേഖനം സലഫി ആദർശത്തിന് യോജിക്കാത്തതിനാൽ പ്രസിദ്ധീകരിക്കാതിരിക്കലാണ് നല്ലതെന്ന് ഞാൻ കുറിപ്പ് എഴുതിക്കൊടുത്തതാണ്. പിന്നെ എങ്ങനെയാണത് ശബാബിൽ പ്രസിദ്ധീകരിച്ചതെന്ന് എനിക്കറിയില്ല. എന്നാൽ ഈ ലേഖനത്തെ ഖണ്ഡിച്ചു കൊണ്ട് ജ. എം.ഐ. മുഹമ്മദലി എഴുതിയ ലേഖനം ശബാബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട് തിരുത്തലുകൾ നൽകാനും ജംഇയ്യത്തുൽ ഉലമായുടെ നിർദേശങ്ങൾ സ്വീകരിക്കാനും ഞാൻ തയ്യാറാണ്.

അബ്ദുൽ ഹമീദ് മദനിയുടെ വിശദീകരണം ടി. പി. അബ്ദുല്ലക്കോയ മദനി വളരെ ആദരപൂർവം സ്വാഗതം ചെയ്തു.

തുടർന്ന്, യോഗനടപടികൾ എങ്ങനെ മുന്നോട്ട് കൊണ്ടുപോകണമെതിനെക്കുറിച്ച ചർച്ചയിൽ താഴെ പറയുന്ന തീരുമാനമുണ്ടായി:

പ്രബന്ധം അവതരിപ്പിച്ച ഇരുപക്ഷത്ത് നിന്നും മൂന്ന് പേർ വീതം (കെ.കെ. മുഹമ്മദ് സുല്ലമി, സി.പി. ഉമർ സുല്ലമി, ഹുസൈൻ മടവൂർ, പി.കെ. അലി അബ്ദുർറസാഖ് മൗലവി, എ.പി. അബ്ദുൽ ഖാദിർ മൗലവി, അബ്ദുർറഹ്മാൻ സലഫി) വെവ്വേറെയും ഒന്നിച്ചും ടി.പി.യുടെ നേതൃത്വത്തിൽ ചർച്ച ചെയ്യുവാൻ തീമാനിച്ചുകൊണ്ട് ഉച്ചക്ക് ശേഷം ചേരാൻ വേണ്ടി 12:30ന് യോഗം തൽക്കാലം പിരിഞ്ഞു.

**(അവസാനിച്ചില്ല)**

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ലേഖനം



# പ്രവാചകന്മാരും പരീക്ഷണങ്ങളും

**മനുഷ്യർക്ക് നേർവഴി കാണിക്കുവാൻ സ്രഷ്ടാവ് നിയോഗിച്ച പ്രവാചകന്മാരഖിലവും വിവിധ രൂപത്തിലുള്ള പരീക്ഷണങ്ങൾക്ക് വിധേയരായിട്ടുണ്ട്. അതെല്ലാം അവരുടെ വിശ്വാസത്തിന് കരുത്ത് പകരുകയാണ് ചെയ്തിട്ടുള്ളത്. പ്രവാചകന്മാർ നേരിട്ട പരീക്ഷണങ്ങളെക്കുറിച്ച് പ്രമാണബദ്ധമായ വിവരണം**

പരീക്ഷണങ്ങൾ നേരിടാത്ത പ്രവാചകന്മാരില്ല. ശത്രുക്കളുടെ പീഡനങ്ങൾ സഹിച്ചവർ, കൂക്കുവിളിയും കല്ലേറും നേരിട്ടവർ, വീടും നാടും ഉപേക്ഷിക്കേണ്ടി വന്നവർ, ഉപരോധിക്കപ്പെട്ടവർ, സന്താനങ്ങളെ ലഭിക്കാൻ വാർധക്യം വരെ കാത്തുനിന്നവർ... ഇങ്ങനെ ധാരാളം പരീക്ഷണങ്ങളെ അഭിമുഖീകരിച്ചവരാണ് നബിമാർ. ഇതും അവർ മനുഷ്യരാണെന്നതിന് ചിന്തിക്കുന്നവർക്ക് മതിയായ രേഖയാണ്. പ്രവാചകന്മാരിൽ ചിലർക്ക് അനുഭവിക്കേണ്ടി വന്ന ചില പരീക്ഷണങ്ങളെക്കുറിച്ച് വിശുദ്ധ ക്വുർആൻ പറഞ്ഞുതരുന്നത് കാണുക:

**ജയിൽ വാസം – യൂസുഫ്(അ)**

ഒരു തെറ്റും ചെയ്യാതെ നിരപരാധിയായി ജയിലിൽ അടക്കപ്പെട്ടു. "അങ്ങനെ ഏതാനും കൊല്ലങ്ങൾ അദ്ദേഹം (യൂസുഫ്) ജയിലിൽ താമസിച്ചു" (12:42).

**നാട്ടിൽ നിന്നും പുറത്താക്കപ്പെട്ടു– ഇബ്‌റാഹീം(അ)**

താൻ സ്വീകരിച്ച വിശ്വാസം ജനങ്ങളോട് പറഞ്ഞതിനാൽ വീട്ടിൽ നിന്നും നാടായ ഇറാക്വിൽ നിന്നും പുറത്താക്കപ്പെട്ടു. "അദ്ദേഹം പറഞ്ഞു: തീർച്ചയായും ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് പോകുകയാണ്. അവൻ എനിക്ക് വഴി കാണിക്കുന്നതാണ്' (37:99). മക്കയിൽ നിന്ന് നബി(സ) മദീനയിലേക്ക് നാട് വിട്ടതും നമുക്ക് സുപരിചിതമാണല്ലോ.

**പല പ്രവാചകന്മാരും വധിക്കപ്പെട്ടു**

"എന്നിട്ട് നിങ്ങളുടെ മനസ്സിന് പിടിക്കാത്ത കാര്യങ്ങളുമായി വല്ല ദൈവദൂതനും നിങ്ങളുടെ അടുത്ത് വരുമ്പോഴൊക്കെ നിങ്ങൾ അഹങ്കരിക്കുകയും

ചില ദൂതന്മാരെ നിങ്ങൾ തള്ളിക്കളയുകയും മറ്റു ചിലരെ നിങ്ങൾ വധിക്കുകയും ചെയ്യുകയാണോ" (2:87).

**രോഗം ബാധിച്ചവർ**

അയ്യൂബ് നബിﷺന് രോഗം ബാധിച്ചതിനെക്കുറിച്ച് ക്വുർആൻ പറയുന്നത് കാണുക: "അയ്യൂബിനെയും (ഓർക്കുക). തന്റെ രക്ഷിതാവിനെ വിളിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പ്രാർഥിച്ച സന്ദർഭം: എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരിൽവെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ. അപ്പോൾ അദ്ദേഹത്തിന് നാം ഉത്തരം നൽകുകയും അദ്ദേഹത്തിന് നേരിട്ട കഷ്ടപ്പാട് നാം അകറ്റിക്കളയുകയും ചെയ്തു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെയും അവരോടൊപ്പം അത്രയും പേരെ വേറെയും നാം അദ്ദേഹത്തിന് നൽകുകയും ചെയ്തു. നമ്മുടെ പക്കൽ നിന്നുള്ള ഒരു കാരുണ്യവും ആരാധനാനിരതരായിട്ടുള്ളവർക്ക് ഒരു സ്മരണയുമാണത്"(21:84,85).

നബിﷺ എത്ര പരീക്ഷിക്കപ്പെട്ടു. ഉഹ്ദിൽ ശത്രുവിന്റെ അമ്പ് തറച്ചപ്പോൾ രക്തം ഒഴുകി, ശത്രുക്കളുടെ ചതിക്കുഴിയിൽ വീണു. ദാരിദ്ര്യത്താൽ വിശപ്പടക്കാൻ കാരക്കയും പച്ചവെള്ളവും മാത്രം കഴിക്കേണ്ടി വന്നു. ശക്തമായ രോഗങ്ങൾക്ക് വിധേയനായി. നബിﷺക്ക് ബാധിച്ച പനിയുടെ കാഠിന്യം ഹദീഥിൽ ഇപ്രകാരം കാണാം:

"നബിﷺക്ക് പനി ബാധിച്ച് ക്ഷീണിച്ചിരിക്കെ അബൂസഈദുൽ ഖുദ്‌രിയ്യ് നബിﷺയുടെ അടുക്കൽ പ്രവേശിച്ചു. അങ്ങനെ അദ്ദേഹം തന്റെ കൈ റസൂൽﷺയുടെ മേൽ വെച്ചു. അപ്പോൾ നബിയുടെ പുതപ്പിന്റെ മുകളിൽ വരെ ചൂട് അദ്ദേഹത്തിന് അനുഭവപ്പെട്ടു. അന്നേരം അദ്ദേഹം ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, അങ്ങേക്ക് എന്തൊരു കഠിനമാണ്(പനി).' നബിﷺ പറഞ്ഞു: 'ഞങ്ങൾ (നബിമാർ) അപ്രകാരമാണ്. ഞങ്ങൾക്ക് പരീക്ഷണം ഇരട്ടിയാകും. പ്രതിഫലവും ഞങ്ങൾക്ക് ഇരട്ടിയാകും' (ഇബ്നുമാജ). നബിമാരായതുകൊണ്ട് പരീക്ഷണങ്ങളിൽ നിന്ന് ഒഴിവാകുമെന്നല്ല; അവർക്ക് കടുത്ത പരീക്ഷണം നേരിടേണ്ടിവരുമന്നാണ് ഇതിലൂടെ നബിﷺ പഠിപ്പിക്കുന്നത്.

സഅദ്ബ്നു അബീവക്വാസ്‌വിൽ നിന്ന്. അദ്ദേഹം പറഞ്ഞു: "മനുഷ്യരുടെ കൂട്ടത്തിൽ ഏറ്റവും കഠിന പരീക്ഷണം ആർക്കാണ് എന്ന് നബിﷺ ചോദിക്കപ്പെട്ടു. നബിﷺ പറഞ്ഞു: 'പ്രവാചകന്മാർ. പിന്നെ അവരെപോലെയുള്ളവർ, അവരെപോലെയുള്ളവർ. ഓരോരുത്തരും അവരുടെ മതത്തിന്റെ കണക്കനുസിച്ച് പരീക്ഷിക്കപ്പെടും. ഒരാൾ മതത്തിൽ നല്ല ഉറപ്പിലാണെങ്കിൽ അവന്റെ (പരീക്ഷണത്തിന്റെ) ശക്തിയും അധികരിക്കപ്പെടും. അവൻ മതത്തിൽ നേരിയതോതിലാണെങ്കിൽ അവന് (പരീക്ഷണത്തിന്റെ) ശക്തിയും ലഘൂകരിക്കപ്പെടും. ഒരു ദാസന് ഭൂമിയിൽ നടക്കുമ്പോൾ അവനിൽ പാപങ്ങളൊന്നും ഇല്ലാത്തവിധം പരീക്ഷണം ഉണ്ടായിക്കൊണ്ടേയിരിക്കും" (തുർമുദി)

നബിമാർ തികഞ്ഞ മനുഷ്യർ തന്നെയായിരുന്നു. അവർ ഭക്ഷണം കഴിക്കുന്നവരായിരുന്നു. അതിനുവേണ്ടി അവർ അധ്വാനിച്ചിരുന്നു. മുഹമ്മദ് നബിﷺ യുവാവായിരുന്നപ്പോൾ സത്യസന്ധനായ കച്ചവടക്കാരനായിരുന്നല്ലോ. അതുപോലെ നബിﷺ ആടിനെ മേയ്ക്കുകയും ചെയ്തിരുന്നു.

അവർ നബിﷺയോട് ചോദിച്ചു: 'താങ്കൾ ആടുമേയ്ക്കുകയോ?' നബിﷺ ചോദിച്ചു: 'ആടുകളെ മേയ്ക്കുന്നവരായിട്ടില്ലാത്ത വല്ല നബിയുമുണ്ടോ?' (ബുഖാരി, മുസ്‌ലിം).

ഈ ഹദീഥിൽ നിന്ന് എല്ലാ നബിമാരും ആടുമേയ്ച്ചിരുന്നു എന്ന് മനസ്സിലാക്കാം. മൂസാﷺ വർഷങ്ങളോളം ആടു മേയ്ച്ചിരുന്നു. മദ്‌യനിൽ ചെന്നപ്പോൾ അവിടെയുണ്ടായിരുന്ന ഒരു വൃദ്ധന്റെ മകളെ വിവാഹം ചെയ്യാൻ അന്ന് അദ്ദേഹത്തിന് മഹ്‌റായി കരാർ ചെയ്തത് ആടിനെ മേയ്ക്കാനായിരുന്നു.

മൂസാﷺയോട് കയ്യിലുള്ള വടിയെക്കുറിച്ച് അല്ലാഹു ചോദിച്ചപ്പോൾ അദ്ദേഹം നൽകിയ ഉത്തരം ഇപ്രകാരമായിരുന്നു: "...അതുകൊണ്ട് എന്റെ ആടുകൾക്ക് (ഇല) അടിച്ചുവീഴ്ത്തി കൊടുക്കുകയും ചെയ്യുന്നു..."(20:18).

'പ്രവാചകന്മാർ ആടുകളെ മേയ്ക്കുന്നവരായതിലുള്ള ഹിക്മത്തായി ഇമാമുകൾ പറയുന്നത്; അവർക്ക് വിനയം ഉണ്ടാകാനും അവരുടെ ഹൃദയത്തിന് ഏകാന്തത ലഭിക്കാനും ആളുകളെ നയിക്കുന്നതിന്നു പ്രാപ്തിയുണ്ടാകുവാനും വേണ്ടിയാണ്' എന്ന് എല്ലാ പ്രവാചകന്മാരെയും ആടുമേയ്ക്കുന്നവരാക്കിയതിലുള്ള യുക്തി വിവരിക്കവെ ഇബ്നു ഹജർ(റഹി) ഫത്ഹുൽബാരിയിൽ പറയുന്നത് കാണാം.

യുദ്ധരംഗത്ത് ശത്രുവിൽ നിന്നുള്ള ആക്രമണത്തെ പ്രതിരോധിക്കാനായി പടയങ്കിയുണ്ടാക്കിയിരുന്ന നബിയാണ് ദാവൂദ്ﷺ. "നിങ്ങൾ നേരിടുന്ന യുദ്ധവിപത്തുകളിൽ നിന്ന് നിങ്ങൾക്ക് സംരക്ഷണം നൽകുവാനായി നിങ്ങൾക്കു വേണ്ടിയുള്ള പടയങ്കിയുടെ നിർമാണവും അദ്ദേഹത്തെ നാം പഠിപ്പിച്ചു. എന്നിട്ട് നിങ്ങൾ നന്ദിയുള്ളവരാണോ?"(21:80).

മരപ്പണിക്കാരനായി ജോലി ചെയ്തിരുന്നയാളായിരുന്നു സകരിയ്യാ നബിﷺ എന്ന് ഹദീഥിൽ (മുസ്‌ലിം) കാണാം. ഇങ്ങനെ അധ്വാനിച്ച് ജീവിതമാർഗം കണ്ടെത്തിയവരായിരുന്നു പ്രവാചകന്മാരെങ്കിൽ, ഇത് നമ്മെ അറിയിക്കുന്നത് അവർ നമ്മെ പോലെ വിശപ്പും ദാഹവും സന്തോഷവും സന്താപവും വേദനയും വികാരവും എല്ലാം ഉള്ളവരായിരുന്നു എന്നാണ്.

(അവസാനിച്ചില്ല)

മെഹബൂബ് മദനി ഒറ്റപ്പാലം
mail@nerpatham.com





# അകലും മുമ്പ് ആലോചിക്കേണ്ടത്...

**അ**ടുത്ത് കഴിയേണ്ട ഇണകളിൽ പലരും അകന്നുകൊണ്ടിരിക്കുന്ന കാഴ്ചകൾ സമൂഹത്തിൽ വർധിച്ചുകൊണ്ടിരിക്കുന്നുവെന്നത് നിഷേധിക്കാനാവാത്ത സാമൂഹ്യ യാഥാർഥ്യമാണ്. കുടുംബ കോടതികളിൽ വർധിച്ചുകൊണ്ടിരിക്കുന്ന വിവാഹമോചന കേസുകൾ ഈ വസ്തുതയെ സാധൂകരിക്കുന്നതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് കോടതി വരാന്തകൾ കയറിക്കൊണ്ടിരിക്കുന്ന മുസ്‌ലിംകളും കുറവല്ല. മറ്റു പരിഹാരങ്ങളില്ലാത്ത ഘട്ടത്തിൽ മാത്രമാണ് ഇസ്‌ലാം വിവാഹമോചനം അനുവദിച്ചിട്ടുള്ളത്. പക്ഷേ, ഇതെല്ലാം പലപ്പോഴും വിസ്മരിക്കപ്പെടുന്നു. അതുകൊണ്ടു തന്നെ തൻമൂലമുണ്ടാകുന്ന കുടുംബപ്രശ്നങ്ങളും ദിനംതോറും അധികരിച്ചുകൊണ്ടിരിക്കുന്നു.

നിസ്സാര പ്രശ്നങ്ങൾക്ക് വിവാഹമോചനം തേടുന്നവർ സമുദായത്തിലുണ്ടാക്കുന്ന വിള്ളലുകൾ ചെറുതല്ല. കോടതിവരാന്തകളിൽ സ്വന്തം മകൾക്ക് വേണ്ടി വാദമുഖങ്ങൽ നിരത്തുമ്പോൾ, പിഞ്ചുപൈതങ്ങളുടെ മാനസിക വ്യഥകൾ രക്ഷിതാക്കൾ മറന്നുപോകുന്നു. ഇത്തരത്തിലുള്ള അനുഭവങ്ങൾ കുട്ടികളുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുമെന്നത് നിഷേധിക്കാനാവില്ല. എപ്പോൾ വേണമെങ്കിലും എടുക്കുകയും ഒഴിവാക്കുകയുമൊക്കെ ചെയ്യാവുന്ന ഒരു കമ്പോളമായിട്ടല്ല ഇസ്‌ലാം വിവാഹത്തെയും വിവാഹ മോചനത്തെയും കാണുന്നത്. ജീവിതാവസാനം വരെ നിലനിൽക്കേണ്ട ബന്ധമായിക്കൊണ്ടാണ് ഇസ്‌ലാം വിവാഹജീവിതത്തെ നോക്കിക്കാണുന്നത്. കുടുംബ ജീവിതത്തിൽ എന്തെങ്കിലും ചെറിയ അഭിപ്രായ വ്യത്യാസങ്ങൾ രൂപപ്പെട്ടാൽ ഉടൻ തന്നെ ത്വലാഖ് ചെയ്യുക എന്നത് യഥാർഥ വിശ്വാസികളുടെ നിലപാടോ സ്വഭാവമോ അല്ല.

ഇണകൾക്കിടയിൽ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങളെ ഇസ്‌ലാം അവഗണിക്കുന്നില്ല. അവ പരിഹരിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ പരിശുദ്ധ ക്വുർആൻ പഠിപ്പിക്കുന്നുണ്ട്. അതുകൊണ്ടൊന്നും പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുന്നില്ലെങ്കിൽ മാത്രമാണ് വിവാഹമോചനം അനുവദിക്കപ്പെട്ടിട്ടുള്ളത്. അതും കൃത്യവും വ്യക്തവുമായ നിബന്ധനകളോടെ മാത്രവും.

അജ്ഞാനകാലഘട്ടത്തിലെ അറബികൾക്കിടയിൽ വിവാഹവും ത്വലാഖും മടക്കിയെടുക്കലുമൊക്കെ യാതൊരു നിയന്ത്രണവുമില്ലാതെയായിരുന്നു നടന്നിരുന്നത്. അത് മൂലം സ്ത്രീകൾ തെല്ലൊന്നുമല്ല പ്രയാസപ്പെട്ടിരുന്നത്. വിവാഹം കൊണ്ട് ലഭ്യമാവേണ്ട ആനുകൂല്യങ്ങളൊന്നും ലഭിക്കാതെ, എന്നാൽ വിവാഹ മോചനം ചെയ്യപ്പെടാതെ ജീവിക്കേണ്ടി വരുന്ന ദുരവസ്ഥ! മറ്റു നിയമ വ്യവസ്ഥകളെപ്പോലെ വിവാഹമോചനത്തിന്റെ വിഷയത്തിലും നിലവിലിരുന്ന വ്യവസ്ഥയെ സംസ്കരിക്കുകയും മനുഷ്യപ്രകൃതിക്ക് തീർത്തും അനുയോജ്യമായ നിയമങ്ങൾ കൊണ്ടുവരികയുമാണ് ഇസ്‌ലാം ചെയ്തത്.

പരസ്പര സ്നേഹത്തിലും ഐക്യത്തിലും ജീവിക്കേണ്ട ഇണകൾക്കിടയിൽ പിണക്കമുണ്ടായാലുള്ള പരിഹാരം ക്വുർആൻ നിർദേശിക്കുന്നത് കാണുക: "ഒരു സ്ത്രീ തന്റെ ഭർത്താവിൽ നിന്ന് പിണക്കമോ അവഗണനയോ ഭയപ്പെടുന്നുവെങ്കിൽ അവർ പരസ്പരം വല്ല ഒത്തുതീർപ്പും ഉണ്ടാക്കുന്നതിൽ അവർക്ക് കുറ്റമില്ല. ഒത്തുതീർപ്പിലെത്തുന്നതാണ് കൂടുതൽ നല്ലത്. പിശുക്ക് മനസ്സുകളിൽ നിന്ന് വിട്ടുമാറാത്തതാകുന്നു. നിങ്ങൾ നല്ല നിലയിൽ വർത്തിക്കുകയും സൂക്ഷ്മത പാലിക്കുകയുമാണെങ്കിൽ തീർച്ചയായും അല്ലാഹു നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു" (4:28). പരസ്പരമുണ്ടായ അകൽച്ച വർധിക്കാതെ രണ്ടാളും യോജിക്കുന്ന വിധത്തിൽ ഒത്തുതീർപ്പ് ഉണ്ടാക്കാനാണ് അല്ലാഹു ഉപദേശിക്കുന്നത്.

ഭാര്യയിൽ നിന്നാണ് അസംതൃപ്തി ഉണ്ടാകുന്നതെങ്കിൽ അതിനുള്ള പരിഹാരവും ക്വുർആൻ നിർദേശിക്കുന്നു: "അനുസരണക്കേട് കാണിക്കുന്നുവെന്ന് നിങ്ങൾ ഭയപ്പെടുന്ന സ്ത്രീകളെ (ഭാര്യമാരെ) നിങ്ങൾ ഉപദേശിക്കുക. കിടപ്പുസ്ഥാനങ്ങളിൽ അവരുമായി അകന്നുനിൽക്കുകയും ചെയ്യുക.(വേണ്ടിവ

ന്നാൽ) അവരെ അടിക്കുകയും ചെയ്തുകൊള്ളുക. എന്നിട്ട് അവർ നിങ്ങളെ അനുസരിക്കുന്ന പക്ഷം പിന്നെ അവർക്കെതിരിൽ ഒരു മാർഗവും നിങ്ങൾ തേടരുത്. തീർച്ചയായും അല്ലാഹു ഉന്നതനും മഹാനുമാകുന്നു" (4:34).

ഹജ്ജത്തുൽ വിദാഇലെ പ്രസംഗത്തിൽ നബിﷺയും ഇത് സംബന്ധമായ ഉപദേശങ്ങൾ നൽകിയതായി കാണാം. അവിടുന്ന് പറഞ്ഞു: "ജനങ്ങളേ, തീർച്ചയായും നിങ്ങളുടെ ഭാര്യമാർക്ക് നിങ്ങളുടെ മേൽ ബാധ്യതകളുണ്ട്. നിങ്ങൾക്ക് അവരുടെ മേലും ബാധ്യതകളുണ്ട്. നിങ്ങളുടെ കിടക്കയിലേക്ക് മറ്റൊരാളെ ചവിട്ടാൻ അനുവദിക്കാതിരിക്കുക, നിങ്ങൾ വെറുക്കുന്നവർക്ക് നിങ്ങളുടെ അനുവാദമില്ലാതെ പ്രവേശനാനുമതി നൽകാതിരിക്കുക, നീചമായ പ്രവർത്തനങ്ങൾ ചെയ്യാതിരിക്കുക എന്നിവ അവരുടെ മേലുള്ള ബാധ്യതകളാകുന്നു. അങ്ങനെ വല്ലതും അവർ ചെയ്താൽ അവരെ ഗുണദോഷിക്കാനും കിടപ്പു സ്ഥാനങ്ങളിൽ നിന്ന് അകറ്റിനിർത്തുവാനും പരിക്കേൽക്കാത്ത നിലയിൽ അടിക്കുവാനും അല്ലാഹു അനുവദിച്ചിരിക്കുന്നു. അത്തരം പ്രവർത്തനങ്ങളിൽ നിന്ന് അവർ ഒഴിവാകുകയും നിങ്ങളെ അനുസരിക്കുകയും ചെയ്താൽ (അവരെ കഷ്ടപ്പെടുത്തരുത്) നീതിപൂർവം ഭക്ഷണവും വസ്ത്രവും അവർക്ക് നൽകേണ്ടതുമാണ്."

ഇക്കാര്യങ്ങളെല്ലാം ത്വലാക്വിന് മുമ്പ് ചെയ്യേണ്ടതാണ്. എന്നിട്ടും പ്രശ്നം പരിഹരിക്കപ്പെടുന്നില്ലെങ്കിൽ ഇരു പക്ഷത്തുനിന്നും മധ്യസ്ഥർ ഇടപെട്ട് യോജിപ്പുണ്ടാക്കാൻ ശ്രമിക്കണമെന്നതാണ് ക്വുർആനിന്റെ നിർദേശം: "ഇനി അവർ (ദമ്പതിമാർ) തമ്മിൽ ഭിന്നിച്ച് പോകുമെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം അവന്റെ ആൾക്കാരിൽ നിന്ന് ഒരു മധ്യസ്ഥനെയും അവളുടെ ആൾക്കാരിൽ നിന്ന് ഒരു മധ്യസ്ഥനെയും നിങ്ങൾ നിയോഗിക്കുക. ഇരുവിഭാഗവും അനുരഞ്ജനമാണുദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്. തീർച്ചയും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു"(4:35).

മധ്യസ്ഥർ പരമാവധി രഞ്ജിപ്പുണ്ടാക്കാൻ ശ്രമിക്കണം. അതിന്നു ശേഷവും പ്രശ്നം പരിഹരിക്കപ്പെട്ടില്ലെങ്കിൽ മാത്രമാണ് ത്വലാക്വ് അനുവദനീയമാക്കിയിട്ടുള്ളത്. സ്ത്രീകളുടെ ശുദ്ധി കാലത്ത് മാത്രമായിരിക്കണം ത്വലാക്വ് നടത്തേണ്ടതെന്നാണ് ക്വുർആനിന്റെ കൽപന. ക്വുർആനും ഹദീഥുകളും പരിശോധിക്കുമ്പോൾ ത്വലാക്വ് ഒഴിവാക്കാൻ പരമാവധി പരിശ്രമിക്കണമെന്നാണ് കാണാൻ കഴിയുക. കുടുംബം തകരുന്നതിനെ വളരെ ഗൗരവത്തിലാണ് ഇസ്‌ലാം കാണുന്നത് എന്ന് ഇതിൽ നിന്നെല്ലാം മനസ്സിലാക്കാം. ●

peaceradio
Tune to reality

ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ

**ചുവരെഴുത്ത്**
**നബിയുടെ അനന്തര സ്വത്ത് വീതം വെച്ച സംഭവം**
**അബ്ദുൽ ജബ്ബാർ മദീനി**
27.02.17 തിങ്കൾ, 8:20 PM
28.02.17 ചൊവ്വ 8:20 AM, 12:20 AM

**സവിശേഷം**
**കിഴിശ്ശേരി പെയിൻ & പാലിയേറ്റീവ് കെയർ സെന്റർ, ഭാഗം: 2**
28.03.17 ചൊവ്വ, 09:00 PM, 11:15 PM
29.03.17 ബുധൻ, 10:30 AM

**അടിത്തറകൾ**
**തൗഹീദിനെ തകർക്കുന്ന കാര്യങ്ങൾ**
**ഫദ്‌ലുൽ ഹഖ് ഉമരി**
28.03.17 ചൊവ്വ 04:30 PM, 09:30 PM
29.03.17 ബുധൻ 10:30 AM

**ടീൻസ് ടൈം**
**ലുക്മാൻﷺന്റെ ഉപദേശങ്ങൾ, ഭാഗം: 2**
**സഊദ് ചാലിശ്ശേരി**
01.04.17 ശനി 9:00 PM, 11:15 PM
02.04.17 ഞായർ 10:30 AM

**വോയിസ് ഓഫ് പീസ്**
**അവധിക്കാലത്ത് കുട്ടികളെ എന്ത് ചെയ്യും..?**
**ടി.കെ അഷ്‌റഫ്**
01.04.17 ശനി 6:50 PM, 06:45 PM
02.04.17 ഞായർ 02:00 AM

**വഴികാട്ടി**
**പ്ലസ്ടുവിന് ശേഷം; ഇനി എന്ത്...?**
**ജൗഹർ മുനവ്വിർ**
02.04.17 ഞായർ 9:00 PM, 11:15 PM
03.04.17 തിങ്കൾ 10:30 AM

**സ്നേഹക്കൂട്**
**വിശ്വാസ വളർച്ച, ഭാഗം: 2**
**അഷ്‌റഫ് എകരൂൽ**
02.04.17 ഞായർ 08:20 AM
03.04.17 തിങ്കൾ 12:20 AM, 8:20 AM

**തജ്‌വീദ് പഠനം**
**സൂറത് അഅ്‌ല പാരായണ പഠനം**
**ഹാഫിള് അസ്‌ലം കുവൈത്ത്**
03.04.17 വെള്ളി, 7:45 PM
04.04.17 ശനി, 5:00 PM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

അശ്‌റഫ് എകരൂൽ
ashrafekarul@gmail.com

ഇസ്‌ലാമിക് പാരന്റിംഗ്: 11



# വഴി തെറ്റുന്ന ഇളം തലമുറ പ്രതികൾ ആര്?

കുട്ടികളുടെ ജീവിതം വഴിതെറ്റിക്കുന്ന പ്രതികളെ തേടിയുള്ള അന്വേഷണത്തിലാണ് നമ്മളുള്ളത്. കഴിഞ്ഞ ലക്കത്തിൽ രണ്ട് പ്രതികളെ നാം പിടികൂടി. ഇനി മറ്റ് ചില പ്രതികളെ കൂടി പരിചയപ്പെടാം.

വിവാഹമോചനങ്ങളും തന്മൂലം കണ്ണികൾ പൊട്ടുന്ന കുടുംബ ജീവിതവും: ഇളം തലമുറകളെ വഴികേടിലേക്ക് തള്ളിവിടുന്ന അടിസ്ഥാന കാരണങ്ങളിൽ ഒന്നാണ് വർധിച്ച് വരുന്ന വിവാഹ മോചനങ്ങളും അതിനെ തുടർന്ന് അത്താണി നഷ്ടപ്പെട്ട് പെരുവഴിയിലാകുന്നവരും. മക്കൾക്ക് മാനസിക സ്ഥൈര്യവും ജീവിത സുരക്ഷയും കിട്ടാക്കനിയാവുകയും അഭയം നൽകേണ്ട ചിറകുകൾ ദുർബലമാണെന്ന് ബോധ്യപ്പെടുകയും ചെയ്തു തുടങ്ങുന്നു. വളർച്ചയുടെ ഓരോ പടവും ചവിട്ടിക്കയറുമ്പോഴും വാത്സല്യത്തിന്റെ നിറകുടമാവേണ്ട ഉമ്മയോ, മേൽക്കൂര പണിയേണ്ട ഉപ്പയോ അവരോടൊപ്പമില്ലെന്ന തിരിച്ചറിവ് കൃത്രിമമായ അഭയ കേന്ദ്രങ്ങളെ തേടിയുള്ള യാത്രയിലേക്ക് അവരെ തള്ളിവിടുന്നു. മറ്റു ചിലപ്പോൾ ഇത്തരം വീടുകളിലുള്ള പല മാതാക്കളും പുറത്തു ജോലിക്ക് പോകാൻ നിർബന്ധിതരാകുന്നു. മക്കളെ പരിപാലിക്കേണ്ട സമയങ്ങളിലധികവും അന്നം തേടി അവർ പുറത്തായിരിക്കും. അതുമല്ലെങ്കിൽ ആ സമയം മക്കൾ വീടിനു പുറത്ത് അലക്ഷ്യമായി അലഞ്ഞു നടക്കാൻ കഴിയും വിധം അവഗണിക്കപ്പെട്ടിരിക്കുകയാകും. ഇതെല്ലാം നന്മയുടെ ചട്ടക്കൂടിൽ വളരേണ്ട മക്കളെ തിന്മയുടെ തരിശ് ഭൂമിയിൽ വളരാൻ കാരണമാക്കുന്നു.

ഇവിടെയാണ് ഇസ്‌ലാം ഒരുക്കുന്ന സുരക്ഷിതമായ കുടുംബ സംവിധാനത്തിന്റെ പ്രസക്തി വിലപ്പെട്ടതാകുന്നത്. വിവാഹ മോചനത്തിലേക്ക് തള്ളിവിടുന്ന സാഹചര്യങ്ങൾ കുടുംബാന്തരീക്ഷത്തിലേക്ക് കടന്നു വരാനുള്ള വാതായനങ്ങളെ ഇസ്‌ലാം പരമാവധി അടച്ചു കളയുകയാണ് ആദ്യമായി ചെയ്യുന്നത്. ദമ്പതികൾക്ക് ഉത്തരവാദിത്തങ്ങളും അവകാശങ്ങളും അവരവരുടെ ശാരീരിക മാനസിക പ്രകൃതി പരിഗണിച്ച കൊണ്ട് നിർണയിച്ചു നൽകിയാണ് ഇത് സാധ്യമാക്കുന്നത്.

അവ ഇരുപേരും അറിഞ്ഞും അംഗീകരിച്ചും, കൊണ്ടും കൊടുത്തും, ജീവിക്കാൻ ശീലിക്കുകയെന്നത് മാത്രമാണ് വിശ്വാസികളുടെ സമൂഹത്തിൽ വിവാഹ മോചനങ്ങളും അതിലേക്ക് വഴിനടത്തുന്ന പിണക്കങ്ങളും കുറച്ച് കൊണ്ട് വരാനുള്ള വഴികളിൽ പ്രധാനപ്പെട്ടത്. ഇന്നത്തെ ഏറ്റവും വലിയ ദുരന്തങ്ങളിലൊന്ന് ഉയർന്ന വിദ്യഭ്യാസവും സാംസ്കാരിക ഔന്നിത്യവും പുലർത്തുന്ന വീടുകളിലാണ് ഇതൊന്നും വേണ്ടത്ര കിട്ടിയിട്ടില്ലാത്ത വീടുകളിലെക്കാൾ കൂടുതൽ കുടുംബ പ്രശ്നങ്ങളും വിവാഹ മോചനങ്ങളും നടക്കുന്നത് എന്നതാണ്.

കുടുംബങ്ങളുടെ കണ്ണികൾ ഇഴചേർക്കുകയും അവയെ പരസ്പരം ശക്തിപ്പെടുത്തുകയും ചെയ്യുന്ന, ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തരവാദിത്തങ്ങളും അവകാശങ്ങളും ആഴത്തിൽ മനസ്സിലാക്കാൻ നാം തയ്യാറാവേണ്ടതുണ്ട്. ഇസ്‌ലാം നമുക്ക് നിർണയിച്ചു നൽകിയ ബാധ്യതകളും അവകാശങ്ങളും എന്തൊക്കെയെന്ന് ഒരു പുനർവായന ഉണ്ടാവുകയും, ജീവിതപുസ്തകത്തിന്റെ താളുകളിലേക്ക് ഒരിക്കൽ കൂടി അവ പകർത്തി എഴുതുകയും ചെയ്യുന്നത് എന്തുകൊണ്ടും നല്ലതാണ്. എന്തൊക്കെയാണവ? ദമ്പതികൾക്ക് വെളിച്ചമാവും വിധം അവ ചുരുക്കിപ്പറയാം:

1. കുടുംബ നാഥനായ ഭർത്താവിനോടുള്ള മാന്യമായ അനുസരണം: അല്ലാഹുവിന്റെ അടുക്കൽ അതിന്റെ പ്രതിഫലം എത്രയെന്ന് നമ്മുടെ കുടുംബിനികൾ അറിഞ്ഞിരുന്നെങ്കിൽ! പ്രത്യേകിച്ച് 'ഈഗോ'യെ മോഡേൺ ഡ്രസ്സ്കോഡായ് സ്വീകരിച്ച മുസ്‌ലിം വീടുകളിലെ ന്യൂജെൻ പത്നിമാർ. അനസ് ബിൻ മാലിക്ﷺ നബിﷺയിൽ നിന്ന് ഉദ്ധരിക്കുന്നു: പ്രവാചകൻ പറഞ്ഞു: 'ഒരു സ്ത്രീ, അവളുടെ അഞ്ചു നേരത്തെ നമസ്കാരം മുറതെറ്റാതെ നിർവഹിക്കുകയും ഒരു മാസത്തെ നോമ്പ് അനുഷ്ഠിക്കുകയും തന്റെ ജനനേന്ദ്രിയത്തെ സൂക്ഷിക്കുകയും തന്റെ ഭർത്താവിനെ അനുസരിക്കുകയും ചെയ്താൽ സ്വർഗപ്രവേശനം സാധ്യമായി' (അൽബാനി: സഹീഹ് അൽ ജാമിഅ്).

2. ഭർത്താവിന്റെ സമ്പത്തും സ്വശരീരത്തെയും കാത്ത് സൂക്ഷിക്കുക: അല്ലാഹു പറയുന്നു: 'നല്ലവരായ സ്ത്രീകൾ (ഭാര്യമാർ)അനുസരണ ശീലമുള്ളവരും അല്ലാഹു സംരക്ഷിച്ച പ്രകാരം (പുരുഷന്മാരുടെ) അഭാവത്തിൽ (സംരക്ഷിക്കേണ്ടതല്ലാം) സംരക്ഷിക്കുന്നവരുമാണ്' (4:34). ഈ വചനത്തിന്റെ വിശദീകരണമായി നബിﷺ പറഞ്ഞതായി ഇബ്ൻജരീർ അബൂഹുറയ്റﷺയിൽ നിന്ന് ഉദ്ധരിക്കുന്നത് ഇപ്രകാരമാണ്: 'നീ അവളിൽ നിന്ന് അപ്രത്യക്ഷമായാൽ നിന്റെ സമ്പത്തും അവളുടെ ശരീരവും നിനക്ക് വേണ്ടി അവൾ കാത്ത് സൂക്ഷിക്കും.'

3. ഭർത്താവ് കുടുംബിനിയുടെയും കുട്ടികളുടെയും മുഴുവൻ സാമ്പത്തിക ബാധ്യതകളും ഏറ്റടുത്ത് നിർവഹിക്കണം: അല്ലാഹു പറയുന്നു: '...മാതാക്കൾക്ക് മര്യാദയനുസരിച്ച് ഭക്ഷണവും വസ്ത്രവും നൽകേണ്ടത് പിതാവിന്റെ ബാധ്യതയാകുന്നു...'( 2:233). പുരുഷന് കുടുബ നേതൃത്വ സ്ഥാനം കൽപിച്ചു നൽകിയതിനുള്ള പ്രധാന കാരണങ്ങളിലൊന്ന് ഈ ബാധ്യത ഏറ്റടുക്കേണ്ടതുണ്ട് എന്നതാണ്. അല്ലാഹു പറഞ്ഞു: 'പുരുഷന്മാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു. മനുഷ്യരിൽ ഒരു വിഭാഗത്തിന് മറു വിഭാഗത്തെക്കാൾ അല്ലാഹു കൂടുതൽ കഴിവ് നൽകിയത് കൊണ്ടും (പുരുഷൻമാർ) അവരുടെ ധനം ചെലവഴിച്ചത് കൊണ്ടുമാണ്"(4:34 ).

നബിﷺ അരുളി: 'നിങ്ങൾ സ്ത്രീകളുടെ (ഭാര്യമാരുടെ) കാര്യത്തിൽ അല്ലാഹുവിനെ സൂക്ഷിക്കുക, അല്ലാഹു ഏൽപിച്ച ഒരു സൂക്ഷിപ്പുസ്വത്ത് എന്ന നിലക്കാണ് അവരെ നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്. അല്ലാഹുവിന്റെ വചനത്തിന്റെ അടിസ്ഥാനത്തിലാണ് അവർ നിങ്ങൾക്ക് അനുവദനീയമായത്. മര്യാദ അനുസരിച്ചുള്ള ഭക്ഷണവും വസ്ത്രവും നിങ്ങളുടെ ബാധ്യതയാകുന്നു' (മുസ്‌ലിം).

4. വീട്ടുകാര്യങ്ങളിൽ ഭാര്യയുമായി കൂടിയാലോചിക്കൽ: നബിﷺ പറഞ്ഞു: 'നിങ്ങളുടെ പെൺകുട്ടികളുടെ കാര്യത്തിൽ (അവർക്ക് വിവാഹാലോചന നടത്തും മുമ്പ്) നിങ്ങൾ വീട്ടുകാരിയോട് കൂടിയാലോചന നടത്തണം' (അബൂദാവൂദ്, അഹ്മദ്).

5. കുടുംബിനിയുടെ മിക്ക കുറവുകളിലും പോരായ്മകളിലും കണ്ണടക്കുകയോ വിട്ട് കൊടുക്കുകയോ ചെയ്യുക: പോരായ്മകളെയും കുറവുകളെയും അതിജയിക്കുന്ന ധാരാളം നന്മകളും ത്യാഗങ്ങളും അവർക്കുണ്ടെന്ന കണ്ടത്തലുകളിൽ അവ വിട്ടുകൊടുത്തും മാപ്പ് കൊടുത്തും അവരെ ഉയർത്തിക്കൊണ്ട് വരിക. നബിതിരുമേനിﷺ അരുളി: 'ഒരു സത്യവിശ്വാസിയായ ഭർത്താവ് സത്യവിശ്വാസിനിയായ ഭാര്യയോട് കോപിക്കുകയില്ല. അവളിൽ നിന്ന് ഒരു വെറുപ്പുണ്ടാക്കുന്ന സ്വഭാവം ഉണ്ടായാൽ തന്നെ അവനെ തൃപ്തിപ്പെടുത്തുന്ന മറ്റൊരു സ്വഭാവം ഉണ്ടാകും' (മുസ്‌ലിം).

5. ഇണയുമായി മര്യാദപൂർവം ഇടപെടുകയും കളിതമാശകളിൽ ഏർപെടാൻ സമയം കണ്ടത്തുകയും ചെയ്യുക: അല്ലാഹു പറഞ്ഞു: "സത്രീകളോട് നിങ്ങൾ മര്യാദയോടെ സഹവർത്തിക്കേണ്ടതുണ്ട്. ഇനി നിങ്ങൾക്ക് അവരോട് വെറുപ്പ് തോന്നുന്ന പക്ഷം (നിങ്ങൾ മനസ്സിലാക്കുക) നിങ്ങൾ ഒരു കാര്യം വെറുക്കുകയും അതേ കാര്യത്തിൽ അല്ലാഹു ധാരാളം നന്മ നിശ്ചയിക്കുകയും ചെയ്തെന്ന് വരാം" (4:19).

നബിﷺ പറഞ്ഞു: 'നിങ്ങളിൽ ഉത്തമൻ തന്റെ കുടുംബത്തോട് ഉത്തമനായ് വർത്തിക്കുന്നവനാണ്. ഞാൻ എന്റെ കുടുംബത്തോട് നിങ്ങളെക്കാൾ ഉത്തമനായി വർത്തിക്കുന്നു' (ഇബ്നുമാജ, ഹാകിം). നബിﷺ തന്റെ പത്നിയായ ആഇശﷺക്ക് മദീന പള്ളിയിൽ വെച്ചുനടന്ന ആയുധപ്പയറ്റ് മതിവരുവോളം കണ്ടാസ്വദിക്കാൻ തന്റെ കയ്യും ചുമലും സൗകര്യപ്പെടുത്തി നൽകിയതായി ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്യുന്ന ഹദീഥുകൾ ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ്. 'നിങ്ങളിൽ ഏറ്റവും വിശ്വാസ പൂർണത നേടിയവർ ഏറ്റവും നല്ല സ്വഭാവമുള്ളവരും തന്റെ കുടുംബത്തോട് ഏറ്റവും വാത്സല്യമുള്ളവരുമാകുന്നു' (ബുഖാരി, മുസ്‌ലിം ).

6. വീട്ടു കാര്യങ്ങളിൽ കുടുംബിനിയെ സഹായിക്കുക: ഇമാം ത്വബ്റാനിയും മറ്റും റിപ്പോർട്ടു ചെയ്യുന്നു: ഒരിക്കൽ നബിﷺയുടെ വീട്ടിനകത്തെ അവസ്ഥയെ കുറിച്ച് ആഇശﷺയോട് ചോദിക്കപ്പെട്ടു. അവർ പറഞ്ഞു: 'നിങ്ങളേവരെയും പോലെ ഒന്നെടുത്ത് നീക്കാനും എടുത്ത് വെക്കാനും ഭാര്യയുടെ വീട്ട് ജോലികളിൽ സഹായിക്കാനും അവർക്ക് ഇറച്ചി മുറിച്ചു കൊടുക്കാനും വീട് തൂത്ത് വൃത്തിയാക്കാനും പരിചാരികയെ സഹായിക്കാനുമെല്ലാം അവിടുന്നുണ്ടാവും.'

7. കിടപ്പറയെ അപ്രധാനമാക്കാതിരിക്കുക: കുടുംബഛിദ്രതയിലേക്കും വിവാഹ മോചനത്തിലേക്കും പലരെയും എടുത്തെറിയുന്ന കാരണങ്ങളിലെ പ്രധാന വില്ലൻ പലപ്പോഴും കിടപ്പറയാണ്. 'മുറ്റത്തെ മുല്ലക്ക് മണമില്ലെ'ന്ന പഴഞ്ചൊല്ല് ഇവിടെ തീർത്തും അപ്രസക്തമാണ്. ഭർത്താവിന്റെ താൽപര്യങ്ങളോട് നിഷേധാത്മക രീതി സ്വീകരിക്കുന്നതും ഭാര്യയുടെ ആവശ്യങ്ങൾ തീരുന്നത് വരെ കാത്തിരിക്കാതിരിക്കുന്നതുമെല്ലാം മതപരമായ വീഴ്ചകളായി പഠിപ്പിക്കുന്ന ഏക മതമാണ് ഇസ്‌ലാം. ഈ സഹകരണത്തിന്റെ അഭാവമാണ് അശ്ലീല സൈറ്റുകളിലും മറ്റും ഉറക്കം വരുന്നത് വരെ മുഖം പൂഴ്ത്തിയിരിക്കാൻ പലരെയും പ്രേരിപ്പിക്കുന്നത്. ഇത്തരം കാര്യങ്ങളെ ശ്രദ്ധിച്ചും ശീലിച്ചും ജീവിക്കുന്നവരാകണം നമ്മൾ.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# മനസ്സിനെ നിയന്ത്രിക്കുക

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി ﷺ പറഞ്ഞു: 'ഗുസ്തിയിൽ ജയിക്കുന്നവനല്ല ശക്തൻ. മറിച്ച്, കോപം വരുമ്പോൾ മനസ്സിനെ നിയന്ത്രിക്കുന്നവനാണ് ശക്തൻ'' (ബുഖാരി, മുസ്‌ലിം)**

കോപം! ഒരുപാട് ദുരന്തങ്ങളെ വിളിച്ചുവരുത്തുന്ന, മനുഷ്യനെ അന്ധനും ബധിരനുമാക്കുന്ന, വ്യക്തികളെയും കുടുംബങ്ങളെയും സമൂഹങ്ങളെയും രാഷ്ട്രങ്ങളെയുംവരെ നശിപ്പിക്കാൻ കാരണമായേക്കാവുന്ന ഒരു ദുഃസ്വഭാവം. കോപിക്കുവാനും കഴിവനുസരിച്ച് അക്രമം കാണിക്കുവാനും ആർക്കും കഴിയും. എന്നാൽ കോപത്തെ അടക്കിനിർത്തുവാനും മാപ്പ് നൽകാനും കഴിവുള്ളവർ വളരെ വിരളമാണ്.

എതിരാളിയെ എന്ത് ചെയ്യുവാനും ശേഷിയുണ്ടായിരിക്കെ കോപം അടക്കിനിർത്താനും മാപ്പ് നൽകാനും കഴിയുന്നവനാണ് യഥാർഥത്തിൽ ശക്തൻ എന്നാണ് നബിﷺ പഠിപ്പിക്കുന്നത്. അവന് ജീവിതത്തിൽ വിജയം കണ്ടെത്താൻ കഴിയും. വേഗം കോപത്തിന് അടിമപ്പെടുകയും അക്രമാസക്തനാവുകയും ചെയ്യുന്നവൻ ദുഃഖിക്കേണ്ടിവരും. അവന്റെ ജീവിതം ദുരന്തമയമായിരിക്കും.

വിശുദ്ധ ക്വുർആനിൽ ഇങ്ങനെ കാണാം:

"വൻപാപങ്ങളും നീചകൃത്യങ്ങളും വിട്ടകന്ന് നിൽക്കുന്നവരും കോപംവന്നാൽ മാപ്പ് നൽകുന്നവരും (പ്രതിഫലാർഹരാണ്)'' (അശ്ശൂറാ: 37).

യൂനുസ് നബിﷺ തന്റെ പ്രബോധനംകൊണ്ട് ഫലം കാണാതെവന്നപ്പോൾ ജനങ്ങളോട് ദേഷ്യപ്പെട്ടുകൊണ്ട് നാടുവിട്ടുപോയ സംഭവം വിവരിക്കെ ക്വുർആനിൽ ഇങ്ങനെ കാണാം:

"അദ്ദേഹം കോപിഷ്ഠനായി പോയ സന്ദർഭം. നാം ഒരിക്കലും അദ്ദേഹത്തിന് ഞെരുക്കമുണ്ടാക്കുകയില്ലെന്ന് അദ്ദേഹം ധരിച്ചു....'' (21:87).

അല്ലാഹുവിന്റെ അനുവാദം കിട്ടാതെ ജനങ്ങളെ വിട്ടേച്ചുകൊണ്ടു പോയത് ഒരു പ്രവാചകന് യോജിച്ചതായിരുന്നില്ല. അതിനാൽ അല്ലാഹു അദ്ദേഹത്തെ പരീക്ഷണത്തിന് വിധേയനാക്കി. കപ്പലിൽ കയറിയ അദ്ദേഹത്തിന് കടലിൽ ചാടേണ്ടിവന്നു. ഒരു മത്സ്യം അദ്ദേഹത്തെ വിഴുങ്ങുകയും ഏതാനും ദിവസങ്ങൾക്കുശേഷം അത് അദ്ദേഹത്തെ കരയിലെത്തിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള ഒരു ഞെരുക്കത്തിലും പരീക്ഷണത്തിലും അദ്ദേഹം അകപ്പെടാൻ ഹേതു അദ്ദേഹം ദേഷ്യപ്പെട്ടുപോയതാണ്.

ഒരിക്കൽ ഒരാൾ നബിﷺയുടെ അടുക്കൽ വന്നുകൊണ്ട് എനിക്ക് ഒരു ഉപദേശം നൽകിയാലും എന്ന് പറഞ്ഞപ്പോൾ 'നീ കോപിഷ്ഠനാകരുത്' എന്നായിരുന്നു അദ്ദേഹത്തിന് നൽകിയ ഉപദേശം. അതേ അപേക്ഷ പലതവണ ആവർത്തിച്ചപ്പോഴും 'നീ കോപിഷ്ഠനാകരുത്' എന്നായിരുന്നു നബിﷺ നൽകിയ ഉപദേശം.

ഒരു സായാഹ്നത്തിൽ ജനങ്ങളോട് പ്രസംഗിച്ചുകൊണ്ടിരിക്കെ പ്രവാചകൻﷺ പറഞ്ഞു:

"ആദം സന്തതികൾ വിവിധ തരക്കാരായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അറിയുക, സാവധാനം മാത്രം കോപം വരുന്നവരും വേഗം അത് ശമിക്കുന്നവരും അവരിലുണ്ട്. വേഗം ദേഷ്യം വരികയും ശമിക്കുകയും ചെയ്യുന്നവരുമുണ്ട്. സാവകാശം കോപിക്കുന്നവരും സാവധാനം അത് ശമിക്കുന്നവരുമുണ്ട്. അത് രണ്ടും അങ്ങനെ ഒത്തുപോകും. എന്നാൽ അറിയുക; വേഗം കോപിക്കുന്നവരും സാവകാശം ശമിക്കുന്നവരും മനുഷ്യരിലുണ്ട്. അതിനാൽ അവരിലേറ്റവും നല്ലവർ സാവധാനം കോപം വരികയും വേഗം ശമിക്കുകയും ചെയ്യുന്നവരാണ്. എളുപ്പം കോപിക്കുകയും മെല്ലെ മാത്രം ശമിക്കുന്നവരുമാണ് ഏറ്റവും കൊള്ളരുതാത്തവർ.''

ഗുരുതരമായ ഭവിഷ്യത്തുകൾക്ക് ഇടവരുത്തുന്ന ഒരു ദുഃസ്വഭാവമാണ് അനിയന്ത്രിതമായ കോപം. അതിനാൽ കോപത്തെ അടക്കിനിർത്താൻ ശ്രമിക്കുക. ശ്രദ്ധിക്കുക. ദൂരവ്യാപകമായ പ്രത്യാഘാതങ്ങളിൽനിന്ന് രക്ഷനേടുക.

ചലനങ്ങൾ

## ആത്മീയ ചൂഷണം: യുവജന പ്രതിരോധം തീർക്കണം-ഐ.എസ്.എം

തിരൂർ: സമൂഹത്തിൽ വ്യാപകമായ ആത്മീയ ചൂഷണങ്ങൾക്കെതിരെ ശക്തമായ യുവജന പ്രതിരോധം തീർക്കണമെന്ന ഐ. എസ്. എം. സംസ്ഥാന യൂത്ത്മീറ്റ് അഭിപ്രായപ്പെട്ടു.

'മത പൗരോഹിത്യം: ചൂഷണത്തന്റെ കാണാപ്പുറങ്ങൾ' എന്ന വിഷയത്തിൽ നടന്ന ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായാണ് യൂത്ത് മീറ്റ് സംഘടിപ്പിച്ചത്.

മനുഷ്യന്റെ ആത്മീയ അന്വേഷണങ്ങളെ വഴിതിരിച്ച് വിട്ട് ചൂഷണത്തിന് സാഹചര്യമൊരുക്കുന്ന പൗരോഹിത്യം പൊതുജന മധ്യെ വിചാരണ ചെയ്യപ്പെടണം. കോടിക്കണക്കിന് രൂപയുടെ തട്ടിപ്പുകളാണ് ആത്മീയ ചൂഷണത്തിന്റെ മറവിൽ നടക്കുന്നത്

5 രൂപയുടെ വില പോലുമില്ലാത്ത കല്ലുകളും നൂലുകളും ആയിരവും പതിനായിരവും നൽകി വാങ്ങുന്ന അവസ്ഥയിലേക്ക് സമൂഹത്തെ നയിക്കുന്ന ആത്മീയ നേതൃത്വത്തെ നിയമത്തിന് മുന്നിൽ കൊണ്ടു വരണം.

മതത്തിന്റെ ശരിയായ നിലപാടുകൾ സമൂഹത്തെ പരിചയപ്പെടുത്തുന്നതിലൂടെ മാത്രമെ ഇത്തരം ചൂഷണങ്ങളിൽ നിന്നും സമൂഹത്തെ രക്ഷപ്പെടുത്താൻ സാധിക്കൂ എന്നും യുത്ത് മീറ്റ് വിലയിരുത്തി.

കുവൈത്ത് കേരള ഇസ്‌ലാഹി സെന്റർ പ്രസിഡന്റ് പി.എൻ. അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. ഐ.എസ്.എം സംസ്ഥാന വൈസ് പ്രസിഡന്റ് താജുദ്ദീൻ സ്വലാഹി അധ്യക്ഷത വഹിച്ചു.

കെ.സി.മുഹമ്മദ് നജീബ്, യു.മുഹമ്മദ് മദനി, കെ. അബ്ദുല്ല ഫാസിൽ, പി.യു.സുഹൈൽ, അൻവർ എടത്താനാട്ടുകര, മുജീബ് ഒട്ടുമ്മൽ, ഐ.എസ്.എം. ജനറൽ സെക്രട്ടറി കെ.സജ്ജാദ്, ടി.കെ അഷ്‌റഫ്, ഷബീർ കണ്ണൂർ, ഹാറൂൺ തിരുവനന്തപ്പുരം എന്നിവർ പ്രസംഗിച്ചു.

### ഇസ്‌ലാം പ്രഖ്യാപിക്കുന്നത് ചൂഷണങ്ങളില്ലാത്ത ജീവിതക്രമം: വിചാരം പ്രഖ്യാപന സമ്മേളനം

തിരൂർ: ഇസ്‌ലാം മനുഷ്യസമൂഹത്തിന് മുന്നിൽവെക്കുന്നത് ചൂഷണങ്ങളില്ലാത്ത ജീവിത ക്രമമാണെന്നും സ്ത്രീകളുമായി ബന്ധപ്പെട്ട ഇസ്‌ലാമിക നിയമങ്ങൾ സ്ത്രീക്ക് സുരക്ഷ ഉറപ്പാക്കുകയാണ് ചെയ്യുന്നതെന്നും തിരൂരിൽ നടന്ന 'വിചാരം' പ്രഖ്യാപന സമ്മേളനം അഭിപ്രായപ്പെട്ടു. വർദ്ധിച്ചുവരുന്ന സ്ത്രീ പീഡനങ്ങൾ ഇല്ലായ്മ ചെയ്യാൻ നിയമ നടപടികൾ കാര്യക്ഷമമാക്കുന്നതോടൊപ്പം സമൂഹത്തിൽ വ്യാപകമായ ബോധവൽക്കരണം നടക്കേണ്ടതുണ്ടെന്നും സമ്മളനം അഭിപ്രായപ്പെട്ടു.

വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന് കീഴിൽ ഏപ്രിൽ 18 മുതൽ 23 വരെ തിരൂർ രാജീവ് ഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിൽ നടക്കുന്ന വിചാരം വൈജ്ഞാനിക പ്രദർശനത്തിന്റെ പ്രഖ്യാപന സമ്മേളനം പ്രമുഖ ഖുർആൻ പണ്ഡിതനും വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ വൈസ് ചെയർമാനുമായ കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. ഐ.എസ്.എം സംസ്ഥാന സെക്രട്ടറി സി. മുഹമ്മദ് റാഫി അധ്യക്ഷത വഹിച്ചു.

വി. അബ്ദുറഹ്മാൻ എം.എൽ.എ മുഖ്യാതിഥിയായിരുന്നു. സി.പി.സലീം, മുജാഹിദ് ദഅ്‌വാ സമിതി സംസ്ഥാന കൺവീനർ ടി.കെ. അഷ്‌റഫ്, ഐ.എസ്.എം സംസ്ഥാന വൈസ് പ്രസിഡന്റ് താജുദ്ദീൻ സ്വലാഹി എന്നിവർ സംസാരിച്ചു. മുജാഹിദ് ബാലുശ്ശേരി മുഖ്യപ്രഭാഷണം നടത്തി. ഐ.എസ്.എം. സംസ്ഥാന പ്രസിഡന്റ് ഡോ. സി. എം. സാബിർ നവാസ്, ജാമിഅഃ അൽഹിന്ദ് അധ്യാപകൻ ഹംസ മദീനി, മലപ്പുറം വെസ്റ്റ് ജില്ലാ ദഅ്‌വാ സമിതി ചെയർമാൻ ഡോ. ഷാനവാസ് പറവണ്ണ എന്നിവർ സംസാരിച്ചു

സമ്മേളനത്തോടനുബന്ധിച്ച് നടന്ന കുടുംബ സംഗമത്തിൽ ഫൈസൽ മൗലവി പുതുപ്പറമ്പ്, ഹാരിസ് കായക്കൊടി എന്നിവർ സംസാരിച്ചു.

### വിചാരം വൈജ്ഞാനിക പ്രദർശനം: പ്രതിനിധി സംഗമം നടന്നു

എടവണ്ണ: വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്ന വിസ്ഡം ഗ്യാലറി 'വിചാരം' വൈജ്ഞാനിക പ്രദർശനത്തിന് മുന്നോടിയായി പ്രതിനിധി സംഗമം നടന്നു.

വിസ്ഡം സംസ്ഥാന കൺവീനർ ടി.കെ അഷ്‌റഫ് ഉദ്ഘാടനം നിർവഹിച്ചു.

സംഗമത്തിൽ പി.വി അബ്ദുൽ ജലീൽ അധ്യക്ഷത വഹിച്ചു. ഐ.എസ്.എം ജില്ലാ പ്രസിഡന്റ് മുസ്തഫ മദനി, എം.എസ്.എം ജില്ലാ പ്രസിഡന്റ് മൻസൂർ സ്വലാഹി, ജംഷീർ സ്വലാഹി, ടി.പി അബ്ദുറഹിമാൻ, പ്രൊഫ പി.എൻ അബ്ദുറഹിമാൻ, റഫീഖ് സലഫി തുടങ്ങിയവർ പ്രസംഗിച്ചു.

### പ്രവാചക ജീവിതം മാതൃകയാക്കണം

ഉടുമ്പന്നൂർ: കുടുംബ ജീവിതത്തിൽ വിള്ളലുകളും വീഴ്ചകളും സംഭവിക്കുന്നവർ പ്രവാചക കുടുംബത്തെ മാതൃകയാക്കണമെന്നും ആഡംബരവും ധൂർത്തും ആധുനിക കുടുംബങ്ങളെ കാർന്നുതിന്നുന്ന ക്യാൻസറാണെന്നും ഉടുമ്പന്നൂർ സലഫി നഗറിൽ വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ സംഘടിപ്പിച്ച കുടുംബസംഗമം അഭിപ്രായപ്പെട്ടു.

ജില്ല ചെയർമാൻ ടി.എം ആസാദ് ആധ്യക്ഷ്യം വഹിച്ചു. മുസ്‌ലിം ലീഗ് തൊടുപുഴ നിയോജക മണ്ഡലം സെക്രട്ടറി പി.എം അബ്ബാസ് ഉദ്ഘാടനം ചെയ്തു. റഷീദ് കൊടക്കാട്ട്, ശരീഫ് കാര, അൻസാറുദ്ദീൻ സ്വലാഹി, ശാഫി സ്വലാഹി വയനാട് എന്നിവർ കാസെടുത്തു. ക്യു.എച്ച്.എൽ എസ് പരീക്ഷയിൽ ജില്ലയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ റഹീമ സുബൈർ, അശ്‌റഫ് അടിമാലി, കെ.പി മീരാൻ സാഹിബ് എന്നിവരെ യോഗത്തിൽ ആദരിച്ചു. കെ.കെ ശംസുദ്ദീൻ സ്വാഗതവും എം.എം നൗഷാദ് നന്ദിയും പറഞ്ഞു.

# അജണ്ട വേണം; അവധിക്കാലത്തും

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com

ഒരു അധ്യയനവർഷത്തിനു കൂടി അന്ത്യം കുറിച്ച് അവധിക്കാലം വരികയായി. കുട്ടികളുടെ അടിപിടികളും കലപിലകളും ക്ലാസ്സ് മുറികളിൽ നിന്ന് വീട്ടുമുറ്റത്തേക്ക് (നഗര പ്രദേശങ്ങളാണെങ്കിൽ ഫ്ളാറ്റു മട്ടുപ്പാവിലേക്ക്) പറിച്ച് നടുകയാണ്. കൃത്യമായ മുന്നൊരുക്കങ്ങൾ നടത്തിയാൽ അവധിക്കാലം കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും. പഠനത്തിൽ കൂടുതൽ ഉഴപ്പുമെന്ന് ഭയക്കുന്ന കുട്ടികളെ മുഴുവൻ സമയ പുസ്തകപ്പുഴുക്കളാക്കാൻ ശ്രമിക്കുന്ന ചില രക്ഷിതാക്കളുണ്ട്. കളിയിലും കാര്യമുണ്ട് എന്നവർ മനസ്സിലാക്കിയില്ലെങ്കിൽ കുട്ടിയുടെ മാനസികവും ശാരീരികവുമായ സന്തുലനത്തെ അത് സാരമായി ബാധിക്കും.

മണ്ണിനോടും പ്രകൃതിയോടും ഇടപഴകാനും ജീവജാലങ്ങളെ അടുത്തറിയാനും പക്ഷികളോട് കിന്നരിക്കാനും കഴിയാത്ത തലമുറക്ക് എങ്ങനെ നമുക്ക് പരിസ്ഥിതി സംരക്ഷണത്തിന്റെ ബാലപാഠങ്ങൾ പകർന്നു നൽകാൻ കഴിയും? അവധിക്കാലത്തു മാത്രമല്ല, അല്ലാത്തപ്പോഴും ആവശ്യമായ സമയം കുട്ടികളെ കളിക്കാൻ അനുവദിച്ചേ മതിയാകൂ.

കൂട്ടുകുടുംബത്തിൽ നിന്നും അണുകുടുംബത്തിലേക്ക് മാറിത്താമസിച്ചപ്പോൾ കുടുംബാന്തരീക്ഷം സ്ഫോടനാത്മകമാണ് പലയിടത്തും. വാഹന സൗകര്യങ്ങളും വിനിമയ സൗകര്യങ്ങളും തീർക്കുന്ന അസൗകര്യങ്ങൾക്ക് നടുവിലാണ് മലയാളികൾ ജീവിതം തള്ളുന്നത്. ബന്ധുവീടുകളിൽ വിരുന്ന് പാർക്കാനും മുതിർന്നവരെ സന്ദർശിക്കാനും വെക്കേഷൻ കാലയളവിൽ പ്ലാൻ തയ്യാറാക്കുന്നത് നന്നായിരിക്കും. ബന്ധങ്ങളുടെ പ്രാധാന്യം കുട്ടികളുടെ മനസ്സിൽ ഊട്ടിയുറപ്പിക്കാനും ചില നല്ല ഗുണങ്ങൾ ശീലിക്കാനും ഇത്തരം സന്ദർശനങ്ങൾ ഏറെ ഉപകരിക്കും.

മക്കളും മാതാപിതാക്കളും ഒത്തുചേർന്ന് അനുയോജ്യമായ ടൂറുകൾ സംഘടിപ്പിക്കുന്നത് നല്ലതാണ്. സ്ഥാപനങ്ങളിൽ നിന്നുള്ള വിനോദ യാത്രകൾ കുട്ടികളിൽ മദ്യപാനമടക്കമുള്ള പല ദുഃശ്ശീലങ്ങൾക്കും വഴിവെക്കുന്ന കാലത്ത് കുടുംബസമേതം ഇസ്ലാമിക മര്യാദകൾ പാലിച്ചുള്ള യാത്രകൾക്ക് ഏറെ പ്രസക്തിയുണ്ട്.

മക്കളുടെ സർഗവാസന കണ്ടെത്തി പ്രോൽസാഹിപ്പിക്കാനും അവരോടൊപ്പം കളിചിരിയിൽ പങ്കുചേരാനും രക്ഷിതാക്കൾ ശ്രദ്ധിച്ചില്ലെങ്കിൽ നമ്മുടെ മക്കളുടെ കൗമാരം കൂമ്പടയും എന്ന കാര്യത്തിൽ സംശയം വേണ്ട.

കുട്ടികളോടൊത്ത് കൂടുതൽ സമയം ചെലവഴിക്കാൻ രക്ഷിതാക്കൾ തയ്യാറായെങ്കിൽ മാത്രമെ അവരെ ശരിയായി വളർത്തിയെടുക്കാൻ കഴിയുകയുള്ളൂ. കുട്ടികളുടെ പഠന, പാഠ്യേതര പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി, അടുത്ത അധ്യയന വർഷത്തിലേക്കുള്ള തയ്യാറെടുപ്പ് നേരത്തെ നടത്താൻ അവരെ സഹായിക്കാൻ സാധിച്ചാൽ അത് വളരെ ഗുണകരമായിരിക്കും.

കുട്ടികൾക്ക് ജീവിത ചിട്ടയും അച്ചടക്കവും ഉറപ്പ് വരുത്തുന്നതിൽ മത പഠനത്തിനുള്ള പങ്ക് ഏറെ വലുതാണ്. മക്കൾക്ക് ഭൗതിക വിദ്യാഭ്യാസം നേടിക്കൊടുക്കുന്ന തിരക്കിൽ ധാർമിക വിദ്യാഭ്യാസം പാർശ്വവൽക്കരിക്കപ്പെടുന്നു എന്നുള്ളതിൽ രണ്ടഭിപ്രായമുണ്ടാവാനിടയില്ല.

അവധിക്കാലത്ത് വിശുദ്ധ ക്വുർആനും അറബി ഭാഷയും പഠിക്കാനുള്ള അവസരം നമ്മൾ മക്കൾക്ക് തുറന്ന് കൊടുക്കണം.

അനുയോജ്യമായ സിലബസ് ചിട്ടപ്പെടുത്തി സംസ്ഥാനത്തുടനീളം തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ നടക്കുന്ന അവധിക്കാല മോറൽ സ്കൂളിന്റെ പ്രവർത്തനം ഏറെ മാതൃകാപരമാണ്.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽ നിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക..." (ക്വുർആൻ 66:6).

മോട്ടോർ, മീഡിയ, ഗെയിമുകളുടെയും ആനിമേഷൻ കാർട്ടൂണുകളുടെയും കണ്ണഞ്ചിപ്പിക്കുന്ന സംഗീതാത്മക ലോകത്തേക്ക് നമ്മുടെ സന്താനങ്ങളെ കണ്ണും പൂട്ടി പറഞ്ഞയക്കുന്നതിന് മുമ്പ് നാം അവധിക്കാലത്ത് അനവധി കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ടെന്ന് ചുരുക്കം.





peaceradio
Tune to reality

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322

www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 25 March 2017


Reg NO: KL/CT/225/2016-18
Price: ₹10/-

ഭദ്രമായ ഭാവി, ഉറച്ച കാൽവെപ്പ്

# GREEN VALLEY

Centre for Academic Excellence
(Only for Boys)

- 7 വർഷത്തെ റസിഡൻഷ്യൽ പഠനം
- ഉയർന്ന നിലവാരത്തിലുള്ള CBSE വിദ്യഭ്യാസം
- ക്വുർആൻ ഹിഫ്ദ്, തജ്‌വീദ്
- അറബിക്, ഇംഗ്ലീഷ്, ഭാഷകളിൽ പ്രത്യേക കോച്ചിംഗ്
- കുട്ടികളുടെ അഭിരുചി മനസ്സിലാക്കി വ്യക്തിഗത പരിശീലനം
- പരിചയസമ്പന്നരായ അധ്യാപകർ
- ഗാർഹികാന്തരീക്ഷം പ്രദാനം ചെയ്യുന്ന ഹോസ്റ്റൽ
- അഞ്ചാം ക്ലാസിലേക്ക് പ്രവേശനം



Mukkam, Kozhikode Dt | 673 602 | Kerala | www.greenvalleycampus.org | greenvalleyinstitutions@gmail.com
PHONE: 9539427512